## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيْنَ اٰمَنُوا اتَّقُوا اللّٰهَ وَذَرُوْا مَا بَقِيَ مِنَ الرِّبٰوٓا اِنْ كُنْتُمْ مُّؤْمِنِيْنَ ○ فَاِنْ لَّمْ تَفْعَلُوْا فَاْذَنُوْا بِحَرْبٍ مِّنَ اللّٰهِ وَرَسُوْلِهٖ

(سورة البقرة:280،279)

വിശ്വസിച്ചവരേ! നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ സൂക്ഷിക്കുകയും പലിശയിൽ നിന്ന് ബാക്കിയുള്ളത് വിട്ടുകളയുകയും ചെയ്യുക. നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിൽ നിന്നും അവന്റെ ദൂതനിൽ നിന്നുമുള്ള യുദ്ധവിളംബരം കേട്ടുകൊള്ളുക. (2:279–280)


بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാല്യം 3

ലക്കം 46-47

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 നവംബർ 15–22/ഹി:ശം:1397 നുബുവ്വത്ത് 15–22/ഹി:ഖ:1440 റബിയുൽഅവ്വൽ 06–13


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം സ്വഹീഹ് ബുഖാരി വളരെ അനുഗൃഹീതവും പ്രയോജനപ്രദവുമായ ഗ്രന്ഥമാണ്. ഹദ്റത്ത് ഈസാനബി(അ) വഫാത്തായിപ്പോയെന്ന് വളരെ വ്യക്തമായിട്ടെഴുതിയിട്ടുള്ള ഗ്രന്ഥമാണിത്. അതേപ്രകാരം സ്വഹീഹ് മുസ്‌ലിമും ഇതര ഹദീഥ് ഗ്രന്ഥങ്ങളും ധാരാളം ദിവ്യജ്ഞാനങ്ങളുടേയും കർമപദ്ധതികളുടേയും ഭണ്ഡാരമാണ്. വളരെ സൂക്ഷ്മതയോടുകൂടി അവയ്ക്കനുസരിച്ച് പ്രവർത്തിക്കൽ നിർബന്ധമാണ്. അതായത് ഖുർആനും സുന്നത്തിനും ഖുർആന്റെ അധ്യാപനങ്ങൾക്കനുയോജ്യമായ ഹദീഥുകൾക്കും വിരുദ്ധമായി ഒരു വിഷയവും ഉണ്ടാകരുത്.**

**പാപത്തിൽനിന്ന് മോചനം നല്കുന്നതും ദൈവംവരെ കൊണ്ടുചെന്നെത്തിക്കുന്നതും സത്യസന്ധതയിലും സ്ഥൈര്യതയിലും മലക്കുകളേക്കാൾ ഉന്നതരാക്കുന്നതും ആ ദൃഢവിശ്വാസമാണ്. ദൃഢവിശ്വാസത്തിന്റെ സാധനസാമഗ്രികൾ സമർപ്പിക്കാത്ത മതം വ്യാജമാണ്. ദൃഢമായ മാർഗങ്ങളിലൂടെ ദൈവത്തെ കാണിക്കുവാൻ സാധിക്കാത്ത എല്ലാ ഓരോ മതവും വ്യാജമാണ്. പഴങ്കഥകളല്ലാതെ മറ്റൊന്നു സമർപ്പിക്കാനില്ലാത്ത എല്ലാ ഓരോ മതവും വ്യാജമാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"പ്രവചനങ്ങളടങ്ങിയിട്ടുള്ള നൂറുകണക്കിന് അത്തരം ഹദീഥുകളുണ്ട്. അവയിൽ അധികവും ഹദീഥുപണ്ഡിതന്മാരുടെ ദൃഷ്ടിയിൽ വിമർശനവും കല്പിതവും ദുർബ്ബലവുമാണ്. അവയിൽ ഏതെങ്കിലും ഒരു ഹദീഥ് പുലരുകയും എന്നാൽ, ദുർബ്ബലമായ ഹദീഥായതുകൊണ്ടും അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും നിവേദകൻ സത്യസന്ധനല്ലെന്നു പറഞ്ഞതുകൊണ്ടും അതിനെ അംഗീകരിക്കാതെ തള്ളിക്കളയുകയും അല്ലാഹു സത്യമായി പുലർത്തിക്കാണിച്ച ഹദീഥിനെ വിസമ്മതിക്കുകയും ചെയ്താൽ അത് നിങ്ങളുടെ വിശ്വാസപാതകമായിരിക്കും. ഹദീഥുപണ്ഡിതന്മാരുടെ ദൃഷ്ടിയിൽ ദുർബ്ബലമായ അത്തരം ആയിരം ഹദീഥുണ്ടാവുകയും എന്നാൽ, ആ ആയിരം പ്രവചനം സത്യമായിപ്പുലരുകയും ചെയ്താൽ, നിങ്ങൾ ആ ഹദീഥുകളെ ദുർബ്ബലം എന്നു പറഞ്ഞുകൊണ്ട് ഇസ്‌ലാമിന്റെ ആയിരം തെളിവുകളെ നഷ്ടപ്പെടുത്തിക്കളയുകയല്ലേ ചെയ്യുന്നത്? അത്തരം പരിതഃസ്ഥിതിയിൽ നിങ്ങൾ ഇസ്‌ലാമിന്റെ ശത്രുക്കളായിത്തീരുന്നതാണ്. അല്ലാഹു പറയുന്നു: *ഫലാ യുള്ഹിറു അലാ ഗയ്ബിഹീ അഹദൻ ഇല്ലാമനിർത്തളാ മിൻർറസൂലിൻ.* അതുകൊണ്ട് സത്യമായ പ്രവചനം സത്യവാനായ റസൂലുമായിട്ടല്ലാതെ മറ്റാരുമായിട്ടാണ് ബന്ധിപ്പിക്കുവാൻ സാധിക്കുക. അത്തരം ഘട്ടത്തിൽ സ്വഹീഹായ ഹദീഥിനെ ദുർബ്ബലമെന്ന് പറയുന്നതിൽ ഏതോ ഹദീഥ് പണ്ഡിതന് തെറ്റുസംഭവിച്ചുവെന്നു പറയുന്നതല്ലേ സത്യസന്ധത? അല്ലെങ്കിൽ വ്യാജമായ ഹദീഥിനെ സത്യപ്പെടുത്തിക്കാണിച്ച അല്ലാഹുവിന് തെറ്റുപറ്റിപ്പോയെന്നു പറയുന്നതോ? ഏതെങ്കിലും ഒരു ഹദീഥ് ദുർബ്ബലമായ പദവിയിലുള്ളതാണെങ്കിലും ഖുർആനിനും സുന്നത്തിനും ഖുർആന് അനുസൃതമായ ഹദീഥുകൾക്കും വിരുദ്ധമല്ലായെങ്കിൽ ആ ഹദീഥനുസരിച്ച് പ്രവർത്തിക്കുക.

എന്നാൽ, വളരെ സൂക്ഷ്മതയോടെ ഹദീഥുകളനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. കാരണം ഇസ്‌ലാമിൽ കുഴപ്പങ്ങൾ സൃഷ്ടിച്ച കല്പിതങ്ങളായ ഒരുപാട് ഹദീഥുകളുമുണ്ട്. ഓരോ കക്ഷിയും തങ്ങളുടെ വിശ്വാസമനുസരിച്ച് ഹദീഥ് കൈയിൽവെക്കുന്നവരാണ്. എത്രത്തോളമെന്നാൽ നമസ്കാരം പോലുള്ള ദൃഢപരവും ഇടമുറിയാതെ നടന്നുവന്നതുമായ നിർബന്ധകാര്യങ്ങളെപ്പോലും ഹദീഥുകളുടെ ഭിന്നതകൾ വിവിധ രൂപത്തിലാക്കിത്തീർത്തിരിക്കുന്നു. ചിലർ ആമീൻ ഉറക്കെപ്പറയുന്നു; ചിലർ പതുക്കെ. ചിലർ ഇമാമിനു വിധേയനായി ഫാത്തിഹ ഓതുന്നു. അങ്ങനെ ഓതുന്നതുകൊണ്ട് നമസ്കാരം മുറിഞ്ഞുപോകുമെന്ന് ചിലർ പറയുന്നു. ചിലർ നെഞ്ചത്ത് കൈകെട്ടുന്നു; ചിലർ നാഭിയിൽ. ഈ ഭിന്നതകളുടെ യഥാർഥ കാരണം ഹദീഥുകൾ തന്നെയാണ്. *കുല്ലു ഹിസ്ബിൻ ബിമാ ലദയ്ഹിം ഫരിഹൂൻ* (എല്ലാ ഓരോ കക്ഷിയും താന്താങ്ങളുടെ പക്കലുള്ളതിൽ സന്തുഷ്ടരാണ് 23:54). എന്നാൽ, സുന്നത്ത് ഒരേയൊരു രീതിയേ പറഞ്ഞിരുന്നുള്ളു. പിന്നീട് നിവേദനങ്ങളുടെ കടന്നുകയറ്റം ഈ രീതിക്ക് ഇളക്കമുണ്ടാക്കി. ഇതേ പ്രകാരം ഹദീഥുകളെപ്പറ്റിയുള്ള തെറ്റായ ധാരണ ധാരാളമാളുകളെ നശിപ്പിച്ചുകളഞ്ഞു. ശിയാക്കളും ഇതു മുഖേനയാണ് നാശമടഞ്ഞത്. ഇവർ പരിശുദ്ധഖുർആനിനെ തങ്ങളുടെ വിധികർത്താവായി ഗണിച്ചിരുന്നുവെങ്കിൽ നൂർ എന്ന അധ്യായം മാത്രം ഇവർക്ക് പ്രകാശം നല്കുമായിരുന്നു. എന്നാൽ, ഹദീഥുകൾ അവരെ നശിപ്പിച്ചു. ഇതുപോലെ ഹദ്റത്ത് മസീഹിന്റെ കാലത്ത് ഹദീഥിന്റെ ആളുകളെന്ന് പറയപ്പെട്ടിരുന്ന യഹൂദികളും നാശമടഞ്ഞു.[1]

കുറച്ചുകാലമായി അക്കൂട്ടർ തൗറാത്തിനെ ഉപേക്ഷിച്ചു കളഞ്ഞിരുന്നു. ഇന്നുവരെ അവരുടെ വിശ്വാസം ഹദീഥ് തൗറാത്തിന്മേൽ വിധികർത്താവാണെന്നാണ്. ഏലിയാ വീണ്ടും ആകാശത്തുനിന്ന് സ്ഥൂലശരീരത്തോടെ ഇറങ്ങിവരാത്തിടത്തോളം അവരുടെ വാഗ്ദത്ത മസീഹ് വരുന്നതല്ലെന്നു പ്രതിപാദിക്കുന്ന ധാരാളം ഹദീഥുകൾ അവരിൽ നിലവിലുണ്ട്. ഈ ഹദീഥുകൾ അവരെ കൊടും ചതിയിലിട്ടു. ഈ ഹദീഥുകളിൽ അക്ഷരാർഥത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഏലിയാവ് (ഇൽയാസ്നബി) എന്നതുകൊണ്ട് അദ്ദേഹത്തിന്റെ പ്രകൃതിയിലും സ്വഭാവത്തിലും പ്രതിഛായയിലും വന്ന യോഹന്നാൻ അഥവാ യഹ്‌യാ ആണെന്ന ഹദ്റത്ത് മസീഹിന്റെ വ്യാഖ്യാനം അവർ സ്വീകരിച്ചില്ല. അവർക്ക് നേരിട്ട ഈ അബദ്ധത്തിനുള്ള കാരണം, ഈ ഹദീഥുകളായിരുന്നു. അവസാനം അവർ മതചിന്തയില്ലാത്തവരാകാൻ അത് കാരണമായിത്തീർന്നു. ഒരുപക്ഷേ, അവർക്ക് ഈ ഹദീഥുകളുടെ അർഥം മനസ്സിലാക്കുന്നതിൽ അബദ്ധം പിണഞ്ഞിട്ടുണ്ടാകും. അല്ലെങ്കിൽ ഹദീഥുകളിൽ മനുഷ്യരുടെ കൈകടത്തലുകൾ വന്നിരിക്കാം.

യഹൂദികളിൽ ഹദ്റത്ത് മസീഹിനെ നിഷേധിച്ചവർ അഹ്‌ലെ ഹദീഥുകാരായിരുന്നുവെന്ന യാഥാർഥ്യം ഒരുപക്ഷേ, മുസ്‌ലിംകൾക്ക് അറിവില്ലായിരിക്കും. അവർ അദ്ദേഹത്തിന്നെതിരെ ഒച്ചപ്പാടുകളുണ്ടാക്കി. കുഫ്ർ ഫത്‌വ എഴുതി അദ്ദേഹം കാഫിറാണെന്ന് നിശ്ചയിച്ചുറപ്പിക്കുകയും ചെയ്തു. അപ്പോൾ അവർ പറഞ്ഞു: 'ഈ മനുഷ്യൻ ദൈവഗ്രന്ഥങ്ങളെ വിശ്വസിക്കുന്നില്ല, ഏലിയാവ് വീണ്ടും വരുമെന്ന് ദൈവം പറഞ്ഞിട്ടുള്ളതാണ്, ഇയാൾ ആ പ്രവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നു, ഒരുവിധത്തിലുള്ള ചേർച്ചയുമില്ലാതെ ആ പ്രവചനങ്ങൾ തന്നിൽ പൂർത്തിയായെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നുവെന്നൊക്കെ പറഞ്ഞാണ് ബഹളംവെച്ചത്.[2]

ഹദ്റത്ത് മസീഹിന്റെ പേര് കാഫിർ(സത്യനിഷേധി) എന്ന് മാത്രമല്ല മുൽഹിദ് (നിരീശ്വരവാദി) എന്നും വച്ചു. ഈ മനുഷ്യൻ സത്യവാനാണെങ്കിൽ പിന്നെ മൂസായുടെ മതം വ്യാജമാണ്. അതവർക്ക് ഫയിജെ അഅ്‌വജ് – വക്രതയുടെ ഇരുണ്ടകാലഘട്ടം ആയിരുന്നു. വ്യാജമായ ഹദീഥുകൾ അവരെ വഞ്ചിച്ചു.

ഹദീഥുകൾ പാരായണം ചെയ്യുമ്പോൾ ഒരു കാര്യം ചിന്തിക്കേണ്ടതുണ്ട്. ഇതിനുമുമ്പേ ഒരു സമുദായം

( ശേഷം പേജ് 14ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

**നിങ്ങളുടെ ഈ ആവേശവും വികാരവും താൽക്കാലികമാകാൻ പാടില്ല.**
**മറിച്ച്, മുഅ്മിനിന്റെ ജോലി കർമങ്ങളിൽ നൈരന്തര്യം സ്വീകരിക്കുക എന്നതാണ്.**
**നന്മകളിൽ മുന്നേറുകയും കർമപരമായ പരിഷ്കരണത്തിന് എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുക.**

**കുറച്ചു വർഷം മുമ്പേ 'കർമപരമായ പരിഷ്കരണം' എന്ന വിഷയത്തിൽ തുടർച്ചയായി**
**ഞാൻ നല്കിയ ജുമുഅ ഖുത്ബകൾ നിങ്ങൾ കേട്ടിട്ടുണ്ടാകും. അതിൽ ധാരാളം സദുപദേശങ്ങളുണ്ട്.**

**ഓർക്കുക! കർമപരമായ പരിഷ്കരണത്തിലൂടെ പരസ്പരമുള്ള വഴക്കുകളും ധനത്തോടുള്ള ആർത്തിയും**
**ടി.വി.യിലും അതുപോലെ മറ്റു മാധ്യമങ്ങളിലുമുള്ള വ്യർഥമായ പരിപാടികൾകാണുകയും**
**പരസ്പരം ആദരിക്കുന്നതിലുള്ള കുറവും തുടങ്ങി എല്ലാ തിന്മകളും അവസാനിച്ചുപോകുന്നതാണ്.**

## 2018 ഒക്ടോബർ 12, 13, 14 തിയതികളിൽ ഖാദിയാനിൽ സംഘടിപ്പിച്ച ഭാരത് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ വാർഷിക ഇജ്തിമാഇന്റെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ പ്രൗഢോജ്ജ്വലമായ സന്ദേശം

**ബിസ്മില്ലാഹിർറഹ്മാനിർറഹീം**

**ലണ്ടൻ**
**MA 13-08-2018**

ഭാരതത്തിലെ എന്റെ പ്രിയപ്പെട്ട മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അംഗങ്ങളേ!

**അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറകാത്തുഹു.**

നിങ്ങൾക്ക് നിങ്ങളുടെ വാർഷിക ഇജ്തിമാ സംഘടിപ്പിക്കാൻ തൗഫീഖ് കിട്ടിയിരിക്കുന്നുവെന്നറിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. അല്ലാഹു ഈ ഇജ്തിമാ എല്ലാവിധേനയും അനുഗ്രഹപൂർണമാക്കുകയും അതിന്റെ സൽഫലങ്ങൾ ഉളവാക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

അല്ലാഹുവിന്റെ കൃപയാൽ ലോകം മുഴുവനുമുള്ള ജമാഅത്തുകൾ ദീനീപരമായ ശിക്ഷണത്തിനും ആത്മീയമായ അഭിവൃദ്ധിക്കുംവേണ്ടി ജൽസകളും ഇജ്തിമാകളും സംഘടിപ്പിക്കുന്നു. അത്തരം അവസരങ്ങളിൽ സുപ്രധാനമായ വിഷയങ്ങളിൽ ദർസുകളും പ്രസംഗങ്ങളും നടക്കുന്നു. അവയിലൂടെ ദീനീപരമായ ജ്ഞാനങ്ങളിൽ വർധനഉണ്ടാകുന്നു. ഖിലാഫത്തിന്റെ അനുഗ്രഹങ്ങളുടെ ചർച്ചയുണ്ടാകുന്നു. ഇതുമുഖേന ജമാഅത്തംഗങ്ങൾക്ക് കാലത്തിന്റെ ഖലീഫയോടുള്ള സ്നേഹത്തിന്റേയും വിശ്വാസത്തിന്റേയും വികാരം കൂടുന്നു. ജമാഅത്ത് വ്യവസ്ഥിതിയെ നല്ലരീതിയിൽ മനസ്സിലാക്കുന്നതിനും അതുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും അവസരം കിട്ടുന്നു. ജമാഅത്തായിട്ടുള്ള നമസ്കാരങ്ങൾക്കും ദുആകൾക്കും തൗഫീഖ് കിട്ടുന്നു. പരസ്പരമുള്ള പരിചയം വർധിക്കുന്നു. പരസ്പരമുള്ള സാഹോദര്യം കൂടുതൽ വിശാലമാകുന്നു. സന്നദ്ധസേവകരെ കണ്ട് ദീനീസേവനത്തിനുള്ള ഉത്സാഹമുണ്ടാകുന്നു. അത്തരം ആത്മീയമായ അന്തരീക്ഷവുമായി പ്രത്യേകമായ അനുഗ്രഹങ്ങളാണ് ബന്ധപ്പെട്ടിരിക്കുന്നത്. ദീനീ മജ്‌ലിസുകളെ അല്ലാഹു വളരെ ഇഷ്ടപ്പെടുന്നു. ഒരു ഹദീഥിൽ വന്നിരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹുവിന്റെ മഹാത്മാക്കളായിട്ടുള്ള കുറച്ചു മലക്കുകൾ റോന്തു ചുറ്റിക്കൊണ്ടിരിക്കുകയും ദൈവസ്മരണയുടെ സദസുകൾ അന്വേഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ദൈവസ്മരണ നടക്കുന്ന ഏതെങ്കിലും സദസുകണ്ടാൽ അവർ അവിടെ ഇരിക്കുന്നു. ചിറകുകൾകൊണ്ട് അതിനെ പൊതിയുന്നു. അന്തരീക്ഷം മുഴുവൻ അവരുടെ തണലിന്റെ ബർക്കത്തുകൊണ്ട് നിറയുന്നു.'

നിങ്ങളുടെ ഇജ്തിമായും ദീനീപരമായ ഉദ്ദേശ്യത്തിനുവേണ്ടി മാത്രമാണ്. അതിൽപങ്കെടുക്കുന്നതുകൊണ്ട് നിങ്ങളുടെ ഉള്ളിൽ ആത്മീയമായ ഉണർച്ച ഉണ്ടാകുന്നതായിരിക്കും. പക്ഷേ, നിങ്ങളുടെ ഈ ആവേശവും വികാരവും താൽക്കാലികമാകാൻ പാടില്ല. മറിച്ച്, മുഅ്മിനിന്റെ ജോലി കർമങ്ങളിൽ നൈരന്തര്യം സ്വീകരിക്കുക എന്നതാണ്. നന്മകളിൽ മുന്നേറുകയും കർമപരമായ പരിഷ്കരണത്തിന് എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ആരാണോ പരിഷ്കരണം നടത്താനാഗ്രഹിക്കുന്നത് ആദ്യം അവൻ സ്വയം തിളക്കമാർന്നവനാകുകയും സ്വന്തം പരിഷ്കരണം നടത്തുകയും വേണ്ടതാണ്. നോക്കൂ! പ്രകാശിക്കുന്നതാണ് ഈ സൂര്യൻ; ആദ്യം അത് സ്വയം വെളിച്ചം കരസ്ഥമാക്കി. എല്ലാ ഓരോ ജനതയുടേയും അധ്യാപകൻ ഈ അധ്യാപനം നല്കിയിട്ടുള്ളതായി ഞാൻ തീർച്ചയായും മനസ്സിലാക്കുന്നു. പക്ഷേ, ഇപ്പോൾ മറ്റുള്ളവരുടെമേൽ ലാത്തി വീശുക എളുപ്പമാണ്. പക്ഷേ, സ്വന്തം ത്യാഗം ചെയ്യുക എന്നത് ദുഷ്കരമായിരിക്കുന്നു. ജനതയുടെ പരിഷ്കരണം നടത്താനും അഭ്യുദയകാംക്ഷിയാകാനും ആഗ്രഹിക്കുന്നവൻ തന്റെ സ്വന്തം പരിഷ്കരണത്തിലൂടെ അത് ആരംഭിക്കേണ്ടതാണ്. പണ്ടുകാലത്തെ ഋഷിമാരും അവതാരങ്ങളും വനങ്ങളിലും കാടുകളിലും പോയി തങ്ങളുടെ പരിഷ്കരണം നടത്തിയിരുന്നതെന്തിനാണ്. അവർ സ്വയം ചെയ്യാത്തിടത്തോളം ഇക്കാലഘട്ടത്തിലെ ലക്ച്ചറന്മാരെപോലെ വായ തുറന്നിരുന്നില്ല. ഇതാണ് അല്ലാഹുവിന്റെ സാമീപ്യത്തിനും സ്നേഹത്തിനുമുള്ള വഴി. മനസിലില്ലാത്തത് വിവരിക്കുന്നവൻ കെട്ടിടത്തിന്റെ മുകളിൽനിന്ന് ഭിത്തിയിലെ പാത്തിയിലൂടെ താഴേക്ക് ഒഴുകുന്നവെള്ളം പോലെയാണ്. അവർ കുഴപ്പങ്ങൾ ഉണ്ടാക്കുന്നു. പ്രകാശവും ജ്ഞാനവും കർമവും കൊണ്ട് നിറച്ച് സംസാരിക്കുന്നവൻ മഴപോലെയാണ്. അത് കാരുണ്യമായി മനസ്സിലാക്കപ്പെടുന്നു. (മൽഫൂദാത്ത്, വാള്യം 4, പേജ് 162)

ഓർക്കുക! നിങ്ങൾ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായിലെ അംഗങ്ങളാണ്. അത് അഹ്മദി യുവാക്കളുടെ സംഘടനയാണ്. അതിന്റെ സ്ഥാപകർ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഈ ഉപദേശം നിങ്ങൾ ആവർത്തിച്ചു കേട്ടുകൊണ്ടിരിക്കുക.

"**യുവാക്കൾ പരിഷ്കരിക്കപ്പെടാതെ ജനതകൾ പരിഷ്കരിക്കപ്പെടുകയില്ല**."

ഈ ഉപദേശം കർമപഥത്തിൽ കൊണ്ടുവരേണ്ട ആവശ്യമുണ്ട്. എപ്പോഴും നിങ്ങളുടെ തിന്മകളേയും ദൗർബല്യങ്ങളേയും പരിശോധിച്ചുകൊണ്ടിരിക്കുക. അതിന്റെ കാരണങ്ങളും ഹേതുക്കളും അന്വേഷിച്ചറിയുക. ഈ കുറവുകൾ അകറ്റാൻ സാധിക്കുന്ന മാർഗങ്ങൾക്കുള്ള അറിവ് കരസ്ഥമാക്കുക. കുറച്ചു വർഷം മുമ്പേ 'കർമപരമായ പരിഷ്കരണം' എന്ന വിഷയത്തിൽ തുടർച്ചയായി ഞാൻ നല്കിയ ജുമുഅ ഖുത്ബകൾ നിങ്ങൾ കേട്ടിട്ടുണ്ടാകും. അതിൽ ധാരാളം സദുപദേശങ്ങളുണ്ട്. ഉദാഹരണത്തിന് കാലത്തിന്റെ കണ്ടുപിടിത്തങ്ങളേയും സുഗമമായ മാർഗങ്ങളേയും പ്രയോജനപ്പെടുത്തുന്നത് വിരോധമല്ലെന്ന് പറയപ്പെട്ടിരുന്നു. അവ മുഖേന നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹായികളായി തീരേണ്ടതാണ്. അല്ലാതെ അശ്ലീലതയ്ക്കും നിർമതത്തിനും അവിശ്വാസത്തിനും വിധേയരായി നിങ്ങളെ ശത്രുവിന്റെ കൈയിൽ കൊടുക്കാൻ പാടില്ല. ഓർക്കുക! കർമപരമായ പരിഷ്കരണത്തിലൂടെ പരസ്പരമുള്ള വഴക്കുകളും ധനത്തോടുള്ള ആർത്തിയും ടി.വി.യിലും അതുപോലെ മറ്റു മാധ്യമങ്ങളിലുമുള്ള വ്യർഥമായ പരിപാടികൾ കാണുകയും പരസ്പരം ആദരിക്കുന്നതിലുള്ള കുറവും തുടങ്ങി എല്ലാ തിന്മകളും അവസാനിച്ചുപോകുന്നതാണ്. നബി(സ)തിരുമേനിയിൽ വിശ്വസിച്ചവരിൽ കള്ളന്മാർ, കൊള്ളക്കാർ, ആജ്ഞാലംഘകർ, കുറ്റവാളികൾ, ചൂതാട്ടക്കാർ, മദ്യപാനികൾ തുടങ്ങി എല്ലാത്തിലുംപെട്ടവരുമുണ്ടായിരുന്നു. യഥാർഥ ഈമാൻ അവരിൽ ഇച്ഛാശക്തി ഉണ്ടാക്കി. ഇനി അല്ലാഹുവിന്റെ കല്പനകൾക്കെതിരിൽ ഒരു ചുവടുപോലും വെക്കുകയില്ലെന്ന് അവർ തീരുമാനിച്ചു. അവർ തങ്ങളുടെ കർമങ്ങളിലെ ബലഹീനതകൾ ശക്തമായ വെള്ളമൊഴുക്ക് ഒരു കച്ചിത്തുരുമ്പിനെ ഒഴുക്കിക്കൊണ്ടുപോകുന്നതുപോലെ പിന്നാക്കം തള്ളിമാറ്റി. കർമസംസ്കരണത്തിന്റെ വിഷയത്തിലുള്ള ഈ ജുമുഅ ഖുത്ബകൾ ഗ്രന്ഥരൂപത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ കാര്യങ്ങളും ആദ്യം മുതലേ ഓർമവരുന്നതിന് അത് വായിക്കുക. പിന്നീട് സ്വഹാബാക്കളുടെ ഇച്ഛാശക്തിയോടുകൂടി അതനുസരിച്ച് പ്രവർത്തിക്കുക.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളിൽനിന്ന് ഇഹലോക സമ്പത്തുകൾ ഒരു വസ്തുവുമല്ലെന്ന് അറിയാൻ കഴിയുന്നു. അല്ലാഹുവിന്റെ പ്രീതിക്കും അവന്റെ കൃപയ്ക്കും ഈമാനിൽ നിലകൊള്ളുന്നതിനുംവേണ്ടി അവനോടു ദുആ ചെയ്യേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ഐഹികസമ്പത്ത് കിട്ടുകയും ആ സമ്പത്തുമുഖേന ആയിരക്കണക്കിന് ആപത്തുകൾക്കും മുസ്വീബത്തുകൾക്കും പാത്രമാകുകയും ചെയ്യുന്നവനല്ല ഭാഗ്യവാൻ. പ്രത്യുത ഈമാനിന്റെ സമ്പത്ത് കിട്ടുകയും അല്ലഹുവിന്റെ വെറുപ്പിനേയും കോപത്തേയും ഭയന്നുകൊണ്ടിരിക്കുകയും എപ്പോഴും സ്വയം ശരീരേച്ഛയുടേയും ശയ്ത്വാനിന്റേയും ആക്രമണങ്ങളിൽനിന്ന് തന്നെ രക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവനാണ് ഭാഗ്യവാൻ. എന്തുകൊണ്ടെന്നാൽ ഇങ്ങനെ അവൻ അല്ലാഹുവിന്റെ സമ്പ്രീതി കരസ്ഥമാക്കുന്നതായിരിക്കും. എന്നാൽ, ഇക്കാര്യം വെറുതെ കിട്ടുകയില്ലെന്ന് ഓർത്തുകൊള്ളുക. അതിന് അല്ലാഹു തൃപ്തനാകുന്നതിനും പാപപങ്കിലമായ ജിവിതത്തിൽനിന്ന് രക്ഷപ്പെടാൻ ശക്തിയും തൗഫീഖും നല്കുന്നതിനും നിങ്ങൾ നമസ്കാരങ്ങളിൽ ദുആ ചെയ്യേണ്ടത് നിർബന്ധമാണ്....പാപങ്ങളെ കുറിച്ച് ചിന്തിക്കാത്തവനും അല്ലാഹുവിനെ ഭയപ്പെടാത്തവനും പരിശുദ്ധനാകുക സാധ്യമല്ല."(മൽഫൂദാത്ത് വാള്യം 3 പേജ് 608-609)

അല്ലാഹു നിങ്ങൾക്ക് ഇക്കാര്യങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ.

വസ്സലാം

വിനീതൻ

**മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്**

## ഖുത്ബ ജുമുഅ

**നമസ്കാരത്തെ യഥാർഥത്തിൽ നിലനിറുത്തുന്നവർ, ജമാഅത്തായി നമസ്കരിക്കുന്നതിന്റെ ശീലമുള്ളവരും തങ്ങളുടെ ശ്രദ്ധ ആത്മാർഥമായി അല്ലാഹുവിലേക്കാക്കിക്കൊണ്ട് നമസ്കരിക്കുന്നവരുമാണ്. ദുആയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ട് ശ്രദ്ധയോടെ നമസ്കരിക്കുന്നവരാണ്. ശ്രദ്ധ അങ്ങോട്ടുമിങ്ങോട്ടും തെറ്റിപ്പോയാൽ അല്ലാഹുവിലേക്ക് അത് പിടിച്ചുകൊണ്ടുവരുന്നവരാണ്.**

**അല്ലാഹു മസ്ജിദുകൾ നിർമിക്കുന്നവരേയും അതിനോടുള്ള കടമ നിർവഹിക്കുന്നവരേയും കുറിച്ചു പറഞ്ഞവരിൽ യഥാർഥത്തിൽ നമ്മൾ പെടുന്നുണ്ടോ?**

**ഈ മസ്ജിദിന്റെ നിർമാണത്തോടും ഇവിടെ താമസിക്കുന്നതോടും കൂടി ഇവിടെയുള്ളവരിൽ മറ്റൊരു ഉത്തരവാദിത്വം കൂടി വർധിച്ചിരിക്കുകയാണ്. അതായത് ഈ മസ്ജിദിനെ ഈ നഗരത്തിൽ ഇസ്‌ലാമിന്റെ പ്രചാരണത്തിനുള്ള ഒരു മാർഗമാക്കിത്തീർക്കുക.**

**ഈ മസ്ജിദിൽനിന്ന് ഇസ്‌ലാമിന്റെ മനോഹരവും ശാന്തിനിർഭരവുമായ അധ്യാപനത്തിന്റെ യഥാർഥ ചിത്രം പൊന്തി ലോകത്തിന്റെ മുമ്പിൽ വരുന്നതായിരിക്കും.**

**മസ്ജിദിന്റെ തിളക്കം നമസ്കാരക്കാരുമായിട്ടാണ്.**

**മനുഷ്യൻ ദൈവത്തെ അംഗീകരിക്കുന്നവനും അവനിൽ പരിപൂർണമായ വിശ്വാസമുള്ളവനുമാണെങ്കിൽ അവൻ ഒരിക്കലും പാഴാക്കിക്കളയുകയില്ല.**

**ലൗകികതയിൽ മുങ്ങിത്താഴുക എന്നത് പുരോഗതിയല്ല മറിച്ച് തകർച്ചയാണ്.**

**മൂന്നേമുക്കാൽ ഏക്കർ സ്ഥലത്ത് ഇരുപത്തിയൊന്നായിരത്തി നാന്നൂർ ചതുരശ്ര അടിയിൽ, എട്ടു മില്യൺ ഡോളറിലധികം തുക ചെലവഴിച്ച് നിർമിച്ച ഫിലാഡൽഫിയായിലെ മസ്ജിദ് ‘ബയ്ത്തുൽആഫിയ’ത്തിന്റെ ഉൽഘാടനം**

**വിശുദ്ധ ഖുർആന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും നിർദേശങ്ങൾ ഉദ്ധരിച്ച് മസ്ജിദിന്റെ നിർമാണത്തിന്റെ ഉദ്ദേശ്യങ്ങളും അതു പൂർത്തിയാക്കുന്നതിനെ കുറിച്ച് ജമാഅത്തംഗങ്ങൾക്കുള്ള ഉപദേശവും**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

ഖുത്ബ ജുമുഅ 2018 ഒക്ടോബർ 19/1397 തബൂക് 19
ബയ്ത്തുൽ ആഫിയത്ത് Philadelphia

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-
اِنَّمَا يَعْمُرُ مَسٰجِدَ اللّٰهِ مَنْ اٰمَنَ بِاللّٰهِ وَالْيَوْمِ الْاٰخِرِ وَاَقَامَ الصَّلٰوةَ وَاٰتَى الزَّكٰوةَ وَلَمْ
يَخْشَ اِلَّا اللّٰهَ فَعَسٰٓى اُولٰٓئِكَ اَنْ يَّكُوْنُوْا مِنَ الْمُهْتَدِيْنَ (التوبة:18)

ഈ ആയത്തിന്റെ അർഥമിതാണ്: ‘അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും നമസ്കാരം നിലനിറുത്തുകയും സക്കാത്തു കൊടുക്കുകയും അല്ലാഹുവിനെക്കൂടാതെ മറ്റാരേയും ഭയക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർ മാത്രമേ അല്ലാഹുവിന്റെ മസ്ജിദുകൾ പരിപാലിക്കുകയുള്ളൂ. അത്തരക്കാർ നേർമാർഗം പ്രാപിക്കുന്നവരിൽപെട്ടേക്കാം.’

അൽഹംദുലില്ലാഹ്, അല്ലാഹു നമുക്ക് ഈ നഗരത്തിൽ ആദ്യത്തെ മസ്ജിദ് നിർമിക്കുവാനുള്ള സൗഭാഗ്യം തന്നരുളിയിരിക്കുകയാണ്. ഇന്ന് അതിന്റെ ഔപചാരികമായ ഉദ്ഘാടനം നടക്കുകയാണ്. ഭൗതികമായ കെട്ടിടങ്ങൾ അല്ലെങ്കിൽ ഭൗതികമായ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിന് നിർമിക്കപ്പെടുന്ന കെട്ടിടങ്ങളുടെ ഉൽഘാടന വേളയിൽ ലോകത്തെ നാട്ടുനടപ്പനുസരിച്ച് പ്രത്യേകിച്ചും ഈ രാജ്യങ്ങളിൽ പൊതുവെ ഭൗതികപരമായ ബാഹ്യത്തിലുള്ള സന്തോഷപ്രകടനങ്ങളാണ് നടക്കന്നത്. അതിലൂടെ തങ്ങൾ ഇന്നയിന്ന ഭൗതിക നേട്ടങ്ങളെല്ലാം കരസ്ഥമാക്കുമെന്നാണ് അവർ പരസ്യപ്പെടുത്തുന്നത്. എന്നാൽ, മസ്ജിദ് നമ്മൾ നിർമിക്കുകയും അതിന്റെ ഉദ്ഘാടനം നമ്മൾ നിർവഹിക്കുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയാണ് ഇതുചെയ്യുന്നതെന്നും, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് അവൻ കല്പിച്ചിട്ടുള്ള കാര്യങ്ങളനുസരിച്ചു പ്രവർത്തിക്കേണ്ടതാണെന്നുമുള്ള ചിന്തയോടെയായിരിക്കും അത് ചെയ്യുക. അതിൽ എറ്റവും പ്രഥമമായ ഉദ്ദേശ്യം അല്ലാഹുവിനോടുള്ള ഇബാദത്ത് അതർഹിക്കുന്നവിധം പൂർത്തിയാക്കുക എന്നതാണ്, അവൻ നമ്മോടു പറഞ്ഞ പ്രകാരം പൂർത്തിയാക്കുക എന്നതാണ്.

ഞാൻ ഓതിയ ആയത്തിൽ അല്ലാഹു നമ്മോടു പറയുന്നത് മസ്ജിദ് നിർമിക്കുന്നവരുടെ ഉദ്ദേശ്യമെന്തായിരിക്കണമെന്നും മസ്ജിദ് നിർമിക്കുന്നതിന്റെ കടമ നിർവ്വഹിക്കുന്നവർ ആരൊക്കെയാണെന്നുമാണ്. അതിനെ ജനസാന്ദ്രമാക്കിത്തീർക്കുന്നതിനെക്കുറിച്ച് ചിന്തിച്ചിരിക്കുന്നവരാണ് അക്കൂട്ടർ. അതിനെ നല്ല നിലയിൽ നിലനിറുത്തണമെന്ന ചിന്തയോടെ ഇരിക്കുന്നവരാണവർ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണവർ. പറയുമ്പോൾ എല്ലാവരും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണ്. എന്നാൽ, അതിന്റെ കർമരൂപത്തിലുള്ള പ്രകടനവും നിർബന്ധമാണെന്നാണ് അല്ലാഹു പറയുന്നത്. നമസ്കാരം നിലനിറുത്തുന്നതിന്റെ കർമപരമായ മാതൃക കാണിക്കുന്ന നേരത്താണ് അത് സാധ്യമാകുന്നത്.

നമസ്കാരം നിലനിറുത്തൽ എന്താണ്? അതിന്റെ കർമരൂപത്തിലുള്ള പ്രകടനം എങ്ങനെയാണ് സാധ്യമാകുന്നത്? അതിന്റെ കർമപരമായ പ്രകടനം ഒന്ന് ജമാഅത്തായിട്ടുള്ള നമസ്കാരത്തിലാണുണ്ടാകുന്നത്. രണ്ടാമത്തേത് നമസ്കാരത്തിൽ അല്ലാഹുവിന്റെ സാന്നിധ്യവും ശ്രദ്ധ നിലനിറുത്തലാണ്. ഇതു തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശങ്ങളിൽനിന്നും വ്യാഖ്യാനങ്ങളിൽനിന്നും നമുക്ക് മനസ്സിലാകുന്നതും. അതുകൊണ്ട്, നമസ്കാരത്തെ യഥാർഥത്തിൽ നിലനിറുത്തുന്നവർ, ജമാഅത്തായി നമസ്കരിക്കുന്നതിന്റെ ശീലമുള്ളവരും തങ്ങളുടെ ശ്രദ്ധ ആത്മാർഥമായി അല്ലാഹുവിലേക്കാക്കിക്കൊണ്ട് നമസ്കരിക്കുന്നവരുമാണ്. ദുആയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ട് ശ്രദ്ധയോടെ നമസ്കരിക്കുന്നവരാണ്. ശ്രദ്ധ അങ്ങോട്ടുമിങ്ങോട്ടും തെറ്റിപ്പോയാൽ അല്ലാഹുവിലേക്ക് അത് പിടിച്ചുകൊണ്ടുവരുന്നവരാണ്. എത്രത്തോളം നമ്മൾ നമസ്കാരം നിലനിറുത്തുന്നതിന്റെ ഈ നിലവാരം കരസ്ഥമാക്കാൻ ശ്രദ്ധിക്കുന്നുണ്ടെന്ന് നമ്മളിൽ ഓരോരുത്തർക്കും ആത്മപരിശോധന നടത്താവുന്നതാണ്. അല്ലാഹു മസ്ജിദുകൾ നിർമിക്കുന്നവരേയും അതിനോടുള്ള കടമ നിർവഹിക്കുന്നവരേയും കുറിച്ചു പറഞ്ഞവരിൽ നമ്മൾ പെടുന്നുണ്ടോ എന്ന് നോക്കാവുന്നതാണ്.

പിന്നീടു പറഞ്ഞു, അവർ സക്കാത്ത് നൽകുന്നവരായിരിക്കും. ദീനിനുവേണ്ടിയും ധനത്യാഗം ചെയ്യുന്നവരായിരിക്കും. അല്ലാഹുവിന്റെ സൃഷ്ടികളുടെ നന്മയ്ക്കായി അവരോടുള്ള കടമകൾ നിറവേറ്റുന്നതിനായി സാമ്പത്തിക ത്യാഗം ചെയ്യുന്നവരായിരിക്കും. പിന്നീട് അല്ലാഹു പറയുന്നു: അല്ലാഹുവിനെ ഭയപ്പെടുന്നതല്ലാതെ മറ്റാരേയും അവർ ഭയപ്പെടുകയില്ല. തങ്ങളുടെ എന്തെങ്കിലും കർമങ്ങൾ കാരണത്താൽ അല്ലാഹു തങ്ങളെ വെറുക്കുമോ, അല്ലാഹവിന്റെ സ്നേഹം തങ്ങൾക്ക് നിഷേധിക്കപ്പെടുമോ എന്ന ചിന്തയിലാണ് അവർ എപ്പോഴും ഉണ്ടായിരിക്കുക. അല്ലാഹു ഒരു യഥാർഥ മുസ്‌ലിമിനോടു കല്പിക്കുകയും വിശുദ്ധ ഖുർആനിൽ വിവരിക്കുകയും ചെയ്ത കല്പനകൾ എപ്പോഴും തങ്ങളുടെ മുമ്പിൽ വെക്കുകയും ആ നിർദേശങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യുകയും ചെയ്യുന്നവരായിരിക്കും അവർ. ഇതൊരു മുഅ്മിന്റേയും മുസ്‌ലിമിന്റേയും നിസാരമായ ചുമതലയല്ല. അതുപോലെ ഈ മസ്ജിദ് നിർമിച്ചതിനുശേഷം ഇവിടെ വരുന്നവരുടെ അല്ലെങ്കിൽ ഈ മസ്ജിദുമായി തങ്ങളെ ബന്ധപ്പെടുത്തി പറയുന്നവരുടെ ഉത്തരവാദിത്വം മുമ്പേയുള്ളതിനെക്കാൾ വർധിച്ചിരിക്കുകയാണ്. നിങ്ങൾ നിങ്ങളുടെ ആരാധനയോടുള്ള കടമകൾ നിറവേറ്റുന്നവരും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നവരുമായിരിക്കണം. അപ്പോൾ മാത്രമേ അല്ലാഹുവിന്റെ അടുക്കൽ നേർമാർഗം പ്രാപിച്ചവരിൽ എണ്ണപ്പെടുകയുള്ളൂ. അപ്പോൾ മാത്രമേ അല്ലാഹുവിന്റെ സ്നേഹദൃഷ്ടി പതിഞ്ഞ ആളുകളിൽ എണ്ണപ്പെടുകയുള്ളൂ. ഈ ആയത്തിനു മുമ്പേയുള്ള ആയത്തിൽ അല്ലാഹു പറയുന്നു: ബഹുദൈവവിശ്വാസികൾക്ക് മസ്ജിദുകൾ നിർമിക്കുവാനോ അവ ജനസാന്ദ്രമാക്കാനോ ഉള്ള ഒരു അവകാശവുമില്ല. അവ

രുടെ ഹൃദയങ്ങൾ ദൈവേതരങ്ങളായ ആരാധ്യരെക്കൊണ്ട് നിറഞ്ഞവയാണ്. ആരുടെ ഹൃദയമാണോ ദൈവേതരങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നത് അവർക്ക് അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റാനേ സാധിക്കുകയില്ല. അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ പൂർത്തിയാക്കുവാനും സാധിക്കുകയില്ല.

ശിർക്കും പലതരത്തിലുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ പറഞ്ഞു: ശിർക്ക് പല തരത്തിലുള്ളതുണ്ട്. ഒന്ന് തടിച്ചതും വ്യക്തവുമായ ശിർക്കാണ്. അതിൽ എന്തെങ്കിലും മനുഷ്യനേയോ കല്ലിനേയോ മറ്റു നിർജീവ വസ്തുക്കളേയോ ശക്തികളേയോ അല്ലെങ്കിൽ സാങ്കല്പിക ദേവന്മാരേയോ ദേവിമാരേയോ ദൈവമായി ആരാധിക്കുന്നു.' പറയുന്നു: 'ഇപ്പോഴും ഈ ശിർക്ക് ലോകത്തുണ്ട്. പ്രത്യക്ഷമായും നിലയിലുണ്ട്. പക്ഷേ, പറഞ്ഞു: ഇക്കാലം വെളിച്ചത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും എങ്ങനെയുള്ള കാലമാണെന്നാൽ ബുദ്ധികൾ ഇത്തരത്തിലുള്ള ശിർക്കിനെ വെറുപ്പിന്റെ ദൃഷ്ടിയോടെ നോക്കിക്കാണാൻ തുടങ്ങിയിരിക്കുന്നു. അതായത് ശിർക്കാണെന്ന്! പക്ഷേ, വിദ്യാഭ്യാസം മനുഷ്യനെ എത്രമാത്രം കഴിവുള്ളനാക്കിയിരിക്കുന്നുവെന്നാൽ കല്ലിന്റെ മൂർത്തികൾക്കും ബിംബങ്ങൾക്കും നമുക്കെന്തെങ്കിലും സഹായം ചെയ്തുതരാൻ കഴിയുമെന്ന കാര്യം അംഗീകരിക്കുന്നില്ല.' അവിടന്ന് പറഞ്ഞു: 'എന്നാൽ, മറ്റൊരു തരത്തിലുള്ള ശിർക്കുണ്ട്. അത് ഗോപ്യമായി വിഷംപോലെ ബാധിച്ചുകൊണ്ടിരിക്കുന്നു. ഇക്കാലത്ത് അത് വളരെ വർധിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹുവിലുള്ള ആശ്രയവും പ്രതീക്ഷയും ഒട്ടും ഇല്ലാതിരിക്കുക എന്നതാണത്. വിശ്വാസം ഒട്ടുംതന്നെ ഇല്ലാതായിരക്കുന്നു.(മൽഫൂദാത്ത് വാള്യം 3, പേജ് 79-80, 1985 ലണ്ടൻ പതിപ്പ്)

അവിടന്ന് ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് പറയുന്നു: അല്ലാഹുവിനെ അപേക്ഷിച്ച് കാര്യഹേതുക്കളിലും മറ്റു വസ്തുക്കളിലുമാണ് കൂടുതൽ പ്രതീക്ഷയർപിക്കുന്നത്. തങ്ങളുടെ ഉദ്യോഗങ്ങളിലും തങ്ങളുടെ വ്യവഹാരങ്ങളിലും ഭൗതീകതയിൽ വ്യാപൃതരാകുന്നതിലുമാണ് കൂടുതൽ ശ്രദ്ധ. ഇക്കാരണംകൊണ്ടുതന്നെയാണ് നമസ്കാരങ്ങളിലേക്കും മസ്ജിദുകൾ ജനസാന്ദ്രമാക്കുന്നതിലേക്കും ശ്രദ്ധയില്ലാത്തത്.

അതുകൊണ്ട് നമുക്ക് അല്ലാഹുവിനോട് വിനയാന്വിതരായി, അല്ലാഹുവേ! നീ ഞങ്ങളെ പരിപൂർണ മുഅ്മിനായ ദാസൻമാരാക്കേണമേ എന്ന് ദുആ ചെയ്യേണ്ടതിന്റെ ആവശ്യമുണ്ട്. കാരണം മുഅ്മിൻ ആകുക എന്നതും അല്ലാഹുവിന്റെ കൃപകളുമായി ബന്ധപ്പെട്ടതാണ്. അതിനാൽ അവനോടു ചോദിക്കുന്നതുകൊണ്ടുമാത്രമേ ഈ സ്ഥാനം കരസ്ഥമാക്കാൻ സാധിക്കുകയുള്ളു.

ഫിലാഡൽഫിയാ(Philadelphia)യിൽ വളരെ മനോഹരമായ ഒരു മസ്ജിദ് നിർമിച്ചിരിക്കുന്നു എന്നതിൽ മാത്രം നമ്മൾ സന്തോഷിക്കരുത്. മറിച്ച് നാം അതിനോടുള്ള കടമകൾ പൂർത്തിയാക്കിക്കൊണ്ട് അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകുമ്പോൾ, ഇക്കൂട്ടരാണ് അല്ലാഹുവിനുവേണ്ടി മസ്ജിദ് നിർമിക്കുകയും അതിന്റെ കടമകൾ നിറവേറ്റാൻ ശ്രമിക്കുകയും ചെയ്തവർ എന്ന ശബ്ദം നാം കേൾക്കുമാറാകണം. അങ്ങനെ ആ സന്മാർഗം പ്രാപിച്ച ആളുകളിലും അല്ലാഹു തൃപ്തിപ്പെട്ട ആളുകളിലും അല്ലാഹു സന്തോഷിക്കുന്ന ആളുകളിലും അവർ എണ്ണപ്പെടുന്നതാണ്. അതിനാൽ, ഈ ചിന്ത നമുക്ക് നമ്മുടെ ഉള്ളിൽ ഉണ്ടാക്കിയെടുക്കുവാൻ ശ്രമിക്കേണ്ടതാണ്. ഈ ചിന്തയുണ്ടാകുമ്പോൾ, അതിനുവേണ്ടിയുള്ള ശ്രമം ഉണ്ടാകുമ്പോൾ ഈ മസ്ജിദിന്റെ അനുഗ്രഹങ്ങളും അഭിവൃദ്ധികളും ഈ ലോകത്തുവച്ചുതന്നെ നമുക്കനുഭവിക്കാൻ സാധിക്കുന്നതാണ്. നമ്മുടെ സന്താനങ്ങളും തലമുറകളും ദീനുമായി കൂടിച്ചേർന്നു നിൽക്കുന്നവരാകും. നമ്മൾ അല്ലാഹുവിന്റെ സന്ദേശത്തെ ഈ പ്രദേശത്ത് പ്രചരിപ്പിക്കുന്നവരാകും. തൗഹീദിനെ ലോകത്ത് സ്ഥാപിക്കുന്നവരും നബി(സ)തിരുമേനിയുടെ പതാക ലോകത്ത് പാറിപ്പറപ്പിക്കുന്നവരുമാകും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) മസ്ജിദ് നിർമാണത്തിന്റെ ഒരു ഉദ്ദേശ്യം ഇങ്ങനേയും പറഞ്ഞിട്ടുണ്ട്: 'ഏതു പ്രദേശത്താണോ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനവും സന്ദേശവും എത്തിക്കാൻ ആഗ്രഹിക്കുന്നത് അവിടെ മസ്ജിദ് നിർമിക്കുക.' അവിടന്ന് പറഞ്ഞു: 'ഇക്കാലത്ത് നമ്മുടെ ജമാഅത്തിന് മസ്ജിദുകളുടെ വലിയ ആവശ്യമുണ്ട്. ഇത് ദൈവഭവനമാകുന്നു. ഏതെങ്കിലും ഗ്രാമത്തിലോ നഗരത്തിലോ നമ്മുടെ ജമാഅത്തിന്റെ മസ്ജിദ് നിർമിച്ചു കഴിഞ്ഞാൽ അവിടെ ജമാഅത്തിന്റെ അഭിവൃദ്ധിക്കു അടിത്തറയിട്ടു എന്നു മനസ്സിലാക്കിക്കൊള്ളുക. ഇനി മുസ്‌ലിംകൾ കുറവോ അല്ലെങ്കിൽ ഇല്ലാത്തതോ ആയ ഏതെങ്കിലും ഗ്രാമമോ പട്ടണമോ ആണെങ്കിൽ, അവിടെ ഇസ്‌ലാമിന് വളർച്ച നൽകണമെങ്കിൽ ഒരു മസ്ജിദ് നിർമിക്കേണ്ടതാണ്. അല്ലാഹു അവൻതന്നെ മുസ്‌ലിംകളെ വലിച്ചുകൊണ്ടുവരുന്നതാണ്. നിബന്ധന ഇതാണ്......' കേവലം മസ്ജിദ് നിർമിക്കുന്നതുകൊണ്ട് ഒന്നുമുണ്ടാകുകയില്ല. അവിടന്ന് പറഞ്ഞു:'.....മസ്ജിദ് നിർമിക്കുമ്പോൾ നിയ്യത്ത് ആത്മാർഥമായിരിക്കണം എന്നത് നിബന്ധനയാണ്.' ആത്മാർഥതയോടെ നിർമിക്കപ്പെടുന്ന മസ്ജിദ് മറ്റുള്ളവരെ കാണിക്കാൻവേണ്ടിയുള്ളതായിരിക്കുകയില്ല. അവിടന്ന് പറഞ്ഞു: 'അല്ലാഹുവിനുവേണ്ടി മാത്രം അത് നിർമിക്കുക.' അതായത് മസ്ജിദ് നിർമാണപ്രവർത്തനങ്ങൾ അല്ലാഹുവിനുവേണ്ടി മാത്രമായിരിക്കണം. "ശാരീരികമായ ഉദ്ദേശ്യങ്ങളുടേയോ ഏതെങ്കിലും ഉപദ്രവത്തിന്റേയോ കൈകടത്തലുണ്ടാകരുത്. അപ്പോഴാണ് അല്ലാഹു അനുഗ്രഹം നല്കുന്നത്.'(മൽഫൂദാത്ത് വാള്യം 7, പേജ് 119, 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് നമ്മൾ എപ്പോഴും ഇക്കാര്യം മുന്നിൽ വയ്ക്കേണ്ടതാണ്. അതായത് നമ്മൾ മസ്ജിദ് നിർമിക്കുന്നു, മസ്ജിദിനുവേണ്ടി സാമ്പത്തിക ത്യാഗവും ചെയ്യുന്നു. പക്ഷേ, അതിൽ പ്രദർശനപരത ഉണ്ടായിരിക്കരുത്. പ്രത്യുത മസ്ജിദ് നിർമിച്ചു കഴിഞ്ഞാൽ തങ്ങളും ഇബാദത്തിന്റെ കടമകൾ പൂർത്തിയാക്കുന്നവരാകും തങ്ങളുടെ വരുംതലമുറയും സുരക്ഷിതരായിരിക്കുകയും ദീനിനോടു കൂടിച്ചേർന്നു നിൽക്കുന്നവരാകുകയും ചെയ്യണം എന്ന നിയ്യത്താണ് വേണ്ടത്.

ഈ മസ്ജിദിന്റെ നിർമാണത്തോടും ഇവിടെ താമസിക്കുന്നതോടും കൂടി ഇവിടെയുള്ളവരിൽ മറ്റൊരു ഉത്തരവാദിത്വം കൂടി വർധിച്ചിരിക്കുകയാണ്. അതായത് ഈ മസ്ജിദിനെ ഈ നഗരത്തിൽ ഇസ്‌ലാമിന്റെ പ്രചാരണത്തിനുള്ള ഒരു മാർഗമാക്കിത്തീർക്കുക.

ഇവിടെ ഈ നഗരത്തിൽ മുസ്‌ലീംകളുടെ 47 മസ്ജിദോ സെന്ററോ ഉണ്ടെന്ന് പറയപ്പെടുന്നു. പക്ഷേ, ഔദ്യോഗികമായി മസ്ജിദ് എന്ന നിലയിൽ നിർമിക്കുന്ന ആദ്യ മസ്ജിദാണിത്. മസ്ജിദ് എന്ന നിലയിൽ ഈ കെട്ടിടം ഇവിടെ നിർമിച്ചിരിക്കുമ്പോൾ മുസ്‌ലീംകളുടെ മസ്ജിദിന്റെ യഥാർഥമായ ആകൃതി ഇതാണെന്ന് പറയാൻവേണ്ടിയല്ല അത്. മറിച്ച് ഈ മസ്ജിദിൽനിന്ന് ഇസ്‌ലാമിന്റെ മനോഹരവും ശാന്തിനിർഭരവുമായ അധ്യാപനത്തിന്റെ യഥാർഥ ചിത്രം പൊന്തി ലോകത്തിന്റെ മുമ്പിൽ വരുന്നതായിരിക്കും. ദുആകളോടും ആരാധനകളോടും കൂടി ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുന്നവരും ഇവിടെ മുമ്പേയുള്ളതിനെക്കാൾ നമ്മുടെ കർമപരമായ മാതൃകകൾകൊണ്ട് പ്രചരിപ്പിക്കുന്നവരും നമ്മളാണ്. ഈ പ്രദേശത്ത് ഇസ്‌ലാമികാധ്യാപനങ്ങളുടെ കർമപരമായ രീതിയുടെ പ്രകടനം കാഴ്ചവച്ച് നമ്മൾ അഹ്മദി മുസ്‌ലീംകളുടെ ജനസംഖ്യ വർധിപ്പിക്കേണ്ടതാണ്. പക്ഷേ, എന്നോടു പറഞ്ഞിട്ടുള്ളത് ഇവിടെത്തെ അഹ്മദികളും ഒന്നുരണ്ടു വീടുകൾക്കുപുറമെ ഇവിടെ നിന്ന് പൊതുവെ ദൂരെയാണ് താമസിക്കുന്നതെന്നാണ്. അമീർ സാഹിബുമായി സംസാരിക്കുകയായിരുന്നു. ഈ മസ്ജിദിന് ഒരുപാട് സ്ഥലമുണ്ടെന്നും വലിയ പ്ലോട്ടുണ്ടെന്നും അതിൽ നിർമാണ പ്രവൃത്തികൾക്ക് അനുവാദം കിട്ടാനിടയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇവിടെ ഫ്ളാറ്റുകൾ ഉണ്ടാക്കുകയാണെങ്കിൽ, വീടുകളുണ്ടാക്കുകയാണെങ്കിൽ അഹ്മദികൾക്ക് അതിന് അനുവാദം നല്കുകയാണെങ്കിൽ മസ്ജിദിനോടുചേർന്ന് ആളുകൾക്ക് താമസിക്കാൻ സൗകര്യമുണ്ടാക്കാവുന്നതാണ്. എന്റെ അഭിപ്രായത്തിൽ ഇതൊരു നല്ല പ്ലാനാണ്. അതിനെകുറിച്ച് ആലോചിക്കേണ്ടതാണ്. ഈ പദ്ധതി പ്രവർത്തനാർഹമാണെങ്കിൽ നിർബന്ധമായും ശ്രമിക്കേണ്ടതാണ്. അഹ്മദികൾ ഇവിടെ വന്ന് താമസിക്കട്ടെ. മസ്ജിദ് ജനസാന്ദ്രമാക്കണമെന്നും ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം ജനങ്ങൾക്കെത്തിച്ചുകൊടുക്കണമെന്നുമുള്ള ഉദ്ദേശ്യത്തോടെ അഹ്മദികൾ ഇവിടെ വരുമ്പോൾ അല്ലാഹു ആ നിയ്യത്തിലും ബർക്കത്ത് ഇടുന്നതാണ്. ഇക്കാര്യം ഇൻശാഅല്ലാഹ് അഹ്മദി ജനസംഖ്യയിലും വർധനവിന് നിമിത്തമാകുന്നതായിരിക്കും.

1920-ൽ ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ) അമേരിക്കയിലേക്ക് മുബല്ലിഗായി വന്നപ്പോൾഇവിടെഫിലാഡൽഫിയായിലെതുറമുഖത്തായിരുന്നു ഇറങ്ങിയതെന്ന് നമ്മുടെ ചരിത്രം നമ്മളോടു പറയുന്നു. പക്ഷേ, അദ്ദേഹത്തിന് രാജ്യത്തിനകത്ത് പ്രവേശിക്കുവാനുള്ള അനുമതി ലഭിച്ചില്ല. ആ സമയത്ത് അദ്ദേഹത്തെ അവർ വീട്ടുതടവിലാക്കി. അവിടെ വേറെയും തടവുകാരുണ്ടായിരുന്നു. അദ്ദേഹത്തിന്റെ തബ്‌ലീഗിന്റെ ഫലമായി രണ്ടുമാസത്തിനുള്ളിൽ 15 തടവുകാർ ഇസ്‌ലാം സ്വീകരിച്ചു.(താരീഖെ അഹ്മദിയ്യത്ത്, വാള്യം 4, പേജ് 250)

തബ്‌ലീഗിനോടൊപ്പം അദ്ദേഹത്തിന്റെ കർമപരമായ മാതൃകയും ഉണ്ടായിരുന്നു, അദ്ദേഹത്തിന്റെ തഖ്‌വയും ഉണ്ടായിരുന്നു, അദ്ദേഹത്തിന്റെ ദുആയും ഉണ്ടായിരുന്നു. തബ്‌ലീഗിനോടൊപ്പം ഇതും അത്യാവശ്യമായ സംഗതിയാണ്. പിന്നീട് അദ്ദേഹം ഇവിടെ നിന്ന കാലയളവിൽ അഞ്ചൂറായിരം ആളുകൾ അഹ്മദികളായി എന്നു പറയപ്പെടുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ആ സമയത്ത് പറഞ്ഞിരുന്നു: ബയ്അത്തുകളുടെ എണ്ണം ഇതുതന്നെയാണെങ്കിൽ അല്പം ദശകങ്ങൾക്കകം ഈ എണ്ണം ലക്ഷങ്ങളോളമെത്താവുന്നതാണ്.(താരീഖെ അഹ്മദിയ്യത്ത്, വാള്യം 19, പേജ് 477)

ഏതായിരുന്നാലും ആ ടാർഗറ്റു പൂർത്തിയാക്കാൻ സാധിച്ചില്ല. തടസ്സങ്ങളുണ്ടായിരുന്നു അല്ലെങ്കിൽ അവസ്ഥകൾ മോശമായിരുന്നു അതുമല്ലെങ്കിൽ നമ്മുടെ ബലഹീനതകളായിരുന്നു. എന്തായാലും ഇപ്പോൾ നമുക്ക് ദൃഢനിശ്ചയത്തോടുകൂടി അതിനുവേണ്ടി പരിശ്രമിക്കുവാനുള്ള അവസരമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും ഇവിടെ സന്ദേശമെത്തിയിരുന്നു. ഇതിനെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ബറാഹീനെ അഹ്മദിയ്യാ എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു: '......അപ്രകാരംതന്നെ ധാരാളം ഇംഗ്ലീഷുകാർ ഈ രാജ്യങ്ങളിൽ ഈ ജമാഅ


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**താലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**താലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

ത്തിനെ പ്രശംസിക്കുന്നവരായുണ്ട്. തങ്ങളുടെ അനുകൂല മനഃസ്ഥിതി അവർ പ്രകടിപ്പിക്കുന്നു.....' വളരെ അധികം സ്തുതിക്കുന്നു. തങ്ങൾ തികച്ചും ഈ അധ്യാപനങ്ങളെ വിശ്വസിക്കുന്നവരാണെന്ന് പ്രകടിപ്പിക്കുന്നു..... 'ഇദ്ദേഹത്തിന്റെ പേര് ഡോക്ടർ ബേക്കർ എന്നാണ്. A.George Beker No 404 Susquehanna Avenue Philadelphia, America. റിവ്യൂ ഓഫ് റിലീജ്യൻസ് എന്ന മാഗസിനിൽ എന്റെ പേരും 'തദ്കിറ'യും വായിച്ചതിനു ശേഷം തന്റെ കത്തിൽ ഈ വാക്കുകൾ അദ്ദേഹം എഴുതി: ആരാണോ ഈ ലേഖനമെഴുതിയത് അദ്ദേഹത്തിന് ബെക്കർ സാഹിബെഴുതി, 'ഞാൻ നിങ്ങളുടെ ഇമാമിന്റെ ചിന്താഗതികളോടു പൂർണമായും യോജിക്കുന്നു. അദ്ദേഹം മുഹമ്മദ് നബി(സ) സമർപിച്ച അതേ രൂപത്തിലുള്ള ഇസ്‌ലാമിനെ ലോകത്തു സമർപ്പിക്കുകയുണ്ടായി.'(ബറാഹീനെ അഹ്മദിയ്യ, ഭാഗം 5, റൂഹാനീ ഖസാഇൻ, വാല്യം 21, പേജ് 106)

ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ)ഉം തന്റെ ഒരു റിപ്പോർട്ടിൽ എഴുതുന്നു: ഈ എഴുതുന്ന വിനീതൻ കുറച്ചു ദിവസമായി അമേരിക്കയിൽ വന്നിട്ട്. ഏറെ വിഷമങ്ങളും തടസങ്ങളും പക്ഷപാതികളായ ക്രിസ്ത്യാനികളിൽനിന്നുണ്ടായിട്ടും ഒട്ടേറെ വിജയങ്ങളും കരസ്ഥമായിട്ടുണ്ട്. അൽഹംദുലില്ലാഹി അലാ ദാലിക്.' വീണ്ടും എഴുതുന്നു: 'ഈ നേരത്ത് 29 ജന്റിൽമാൻമാരും ലേഡികളും ഈ സാധുവിന്റെ തബ്‌ലീഗുകൊണ്ട് ദീനിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. അവരുടെ പൂർവനാമങ്ങളും ഇപ്പോൾ അവർ സ്വീകരിച്ചിട്ടുള്ള ഇസ്‌ലാമിക നാമങ്ങളും സമർപിക്കുകയാണ്.' പിന്നീട് അദ്ദേഹം വിശദീകരിച്ചു. അതിനുശേഷം എഴുതുന്നു: 'ഒന്നും രണ്ടും പേരുകാർ ഡോക്ടർ ജോർജ് ബേക്കറും മിസ്റ്റർ അഹ്മദ് എന്റേഴ്സനുമാണ്. രണ്ടുപേരും കുറച്ചുകാലമായി ഞാനുമായി കത്തിടപാടുകൾ നടത്തിവരികയായിരുന്നു. മുസ്‌ലീംകളായിക്കഴിഞ്ഞിട്ട് കുറെ കാലങ്ങളായി. ആത്മാർഥരായ മുസ്‌ലീംകളാണ്. അവരുടെ പേരുകൾ ഈ ലിസ്റ്റിൽ ഒന്നാമതായി എഴുതേണ്ടത് നിർബന്ധമാണെന്ന് ഞാൻ മനസ്സിലാക്കുന്നു.(1920 ജൂലായ് 22, അൽഫള്ൽ വാല്യം 8, നമ്പർ 4, പേജ് 1)

ഇന്നേക്ക് ഏകദേശം നൂറുവർഷം മുമ്പേ ഇവിടെ അഹ്മദിയ്യത്ത് വന്നിട്ടുണ്ട്. ഇപ്പോൾ ഞാൻ പറഞ്ഞതുപോലെ അല്ലാഹു നമുക്ക് ഈ നഗരത്തിൽ മനോഹരമായൊരു മസ്ജിദ് നിർമിക്കുവാനുള്ള തൗഫീഖ് നൽകിയിരിക്കുകയാണ്. ആ സ്ഥിതിക്ക് അതുമുഖേന ഇവിടെത്തെ ജമാഅത്തും മുബല്ലിഗും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങളും സന്ദേശവും നാലുപാടും വ്യപിക്കുന്ന തരത്തിലുള്ളതും ഈപ്രദേശത്തെ ശാന്തിസമാധാനവും ഭംഗിയും കണ്ടുകൊണ്ട് ജനങ്ങൾ ഈപ്രദേശത്ത് താമസമാക്കാൻ ആഗ്രഹിക്കുന്ന തരത്തിലുള്ളതുമായ പ്രോഗ്രാം തയ്യാറാക്കേണ്ടതാണ്. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ അമേരിക്കയിലെ നഗരങ്ങളിൽവച്ച് ആറാമത്തെ വലിയ നഗരമാണിത്. ഈ പട്ടണത്തിലും അതിന്റെ പരിസരപ്രദേശങ്ങളിലും ഇസ്‌ലാമിന്റെ ശരിയായ സന്ദേശം എത്തിച്ചു കഴിഞ്ഞാൽ പിന്നെ ഇക്കൂട്ടരിൽനിന്നും ഇൻശാ അല്ലാഹ് യഥാർഥ ആരാധകരും മസ്ജിദുകളെ ജനസാന്ദ്രമാക്കുന്നവരുമായ ആളുകൾ ജന്മമെടുക്കുന്നതാണ്. അല്ലാഹുവിനെ ഭയക്കുന്നവരും നേർമാർഗം പ്രാപിച്ചവരുമായിരിക്കുമവർ.

നമ്മൾ ഓരോ മസ്ജിദ് നിർമിക്കുമ്പോഴും നമ്മെ സംബന്ധിച്ച് വലിയ വെല്ലുവിളിയാണുയരുന്നത്. എന്തെന്നാൽ അല്ലാഹുവുമായുള്ള ബന്ധത്തിലും മാതൃകാപരമായിട്ടുള്ള പ്രവൃത്തിയിലും നമ്മൾ നമ്മുടെ അവസ്ഥകളെ നന്നാക്കേണ്ടിവരും. സ്വന്തം അവസ്ഥകളും മെച്ചപ്പെടുത്തണം. തബ്‌ലീഗ് മേഖലകളും തുറക്കണം. നമ്മൾ മസ്ജിദു നിർമിച്ചുവെന്നതിൽ മാത്രം സന്തോഷിച്ചിരിക്കരുത്. നമ്മൾ ഇക്കാലത്ത് നബി(സ)തിരുമേനിയുടെ സത്യസേവകനെ വിശ്വസിച്ചവരാണ്. അദ്ദേഹം ഇസ്‌ലാമിനെ പുനരുദ്ധീകരിക്കണമായിരുന്നു. പുതിയ ജീവിതം ആരംഭിക്കണമായിരുന്നു. ഇസ്‌ലാമിനെ സംബന്ധിച്ചുണ്ടായിട്ടുള്ള എല്ലാ തെറ്റുധാരണകളും ലോകത്തിന്റെ സ്മൃതിപഥങ്ങളിൽനിന്ന് പുറത്തുകളയണമായിരുന്നു; അതു അമുസ്‌ലീംകളിൽനിന്ന് ഉണ്ടായിട്ടുള്ളതാവട്ടെ, നാമധാരികളായ ഉലമാക്കളുടെ തെറ്റായ തഫ്സീറുകളിൽനിന്നുണ്ടായിട്ടുള്ളതാവട്ടെ. ഇപ്പോൾ ഈ ജോലി നമ്മുടെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരുടേതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ എല്ലാ ശ്രമങ്ങളും കഴിവുകളും പൂർത്തിയാക്കേണ്ടതാണ്. നമ്മുടെ എല്ലാ അവസ്ഥകളും ആരാധനകളും അല്ലാഹുവിൻെയടുക്കൽ സ്വീകാര്യയോഗ്യമായതും ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ചാവർത്തിച്ചു ഉണർത്തിയിട്ടുള്ളതുമായ നിലവാരത്തിലേക്കെത്തിക്കേണ്ടതാണ്.

ഈ മസ്ജിദിന്റെ നിർമാണത്തിൽ ചെലവായത്, ഇതുവരെ 8.1 മില്യൺ ഡോളറാണെന്നാണ് എന്നോടു പറഞ്ഞിട്ടുള്ളത്. മൂന്നിലൊരുഭാഗം ജമാഅത്ത് നല്കി. കുറച്ച് നാഷണൽ ഹെഡ്കോർട്ടർ നല്കി. ബാക്കിയുള്ള വിശദീകരണം ഞാൻ പിന്നെ പറയുന്നതായിരിക്കും. പക്ഷേ, ഈ 8.1 മില്യൺ ഡോളർ ഫലപ്രദമാകുന്നത് മസ്ജിദ് നിർമിച്ചതിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുമ്പോഴാണ്. അകലെ താമസിക്കുകയാണെങ്കിലും – ഇപ്പോൾ ഇതിനടുത്തല്ല ആളുകൾ താമസിക്കുന്നത് – ഈ നഗരത്തിൽ വസിക്കുന്നവർ ഈ മസ്ജിദ് 5 നേരവും ജനസാന്ദ്രമാക്കിവെക്കാൻ ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരവസരത്തിൽ പറയുകയുണ്ടായി: 'മസ്ജിദുകളുടെ യഥാർഥ ഭംഗി കെട്ടിടത്തിലല്ല മറിച്ച് ആത്മാർഥതയോടെ അതിൽ നമസ്കരിക്കാൻ വരുന്ന നമസ്കാരക്കാരിലാണ്. ഇല്ലെങ്കിൽ ഈ എല്ലാ മസ്ജിദുകളും ശൂന്യമായി കിടക്കുകയാണ്.......' അക്കാലഘട്ടത്തിൽ ജനശൂന്യമായി കിടക്കുകയായിരുന്നു. ഇന്നും അവിടെ വസിക്കുന്നവർക്ക് ശാന്തി നല്കുന്നതിനുപകരം നാമധാരികളായ ഉലമാക്കളുടെ തെറ്റായ മുദ്രാവാക്യങ്ങൾ അത് കലഹങ്ങളുടെ സ്ഥലമാക്കിമാറ്റിയിരിക്കുന്നു. വീണ്ടും അവിടന്ന് പറയുന്നു:'.......നബി(സ)തിരുമേനിയുടെ മസ്ജിദ് വളരെ ചെറുതായിരുന്നു. ഈത്തപ്പനയുടെ തടികൊണ്ടാണ് അതിൽ മച്ചുണ്ടാക്കിയിരുന്നത്. മഴപെയ്യുമ്പോൾ അതിലൂടെ വെള്ളം ഇറ്റിറ്റു വീഴുമായിരുന്നു.....' പക്ഷേ, അവിടെ എന്തെന്തല്ലാം പ്രവർത്തനങ്ങളാണ് നടന്നത്. പറയുന്നു: '.....മസ്ജിദിന്റെ തിളക്കം നമസ്കാരക്കാരുമായിട്ടാണ്.' വീണ്ടും പറഞ്ഞു:'മസ്ജിദുകൾ തഖ്‌വക്കുവേണ്ടി നിർമിക്കപ്പെടണമെന്നാണ് കല്പന. അതിനാൽ, ആത്മാർഥതയോടെ നമസ്കരിക്കുകയും തഖ്‌വയിലൂടെ ചലിച്ചുകൊണ്ട് മസ്ജിദുകളെ ജനസാന്ദ്രമാക്കുകയും ചെയ്യുകയാണെങ്കിൽ ഇബാദത്തുകളും സ്വീകരിക്കപ്പെടും അമുസ്‌ലിംകൾക്ക് ശരിയായ വിധത്തിൽ തബ്‌ലീഗ് ചെയ്യുവാനും സാധിക്കും. നബി(സ)തിരുമേനി ഒരവസരത്തിൽ പറയുകയുണ്ടായി: 'ആരാണോ നന്മയുടെ കാര്യം പഠിക്കണമെന്ന ഉദ്ദേശ്യത്തോടെ മസ്ജിദിൽ പ്രവേശിക്കുന്നത് അയാൾ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്തവനെപ്പോലെയാണ്.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 3, പേജ് 322, മുസ്നദ് അബീ ഹുറയ്റ ഹദീഥ് 8587, ആലമുൽകുതുബ് ബേറൂത്ത് 1998). ഇതാണ് യഥാർഥ മുസ്‌ലിമിന്റെ ലക്ഷ്യം.

ഇസ്‌ലാം ജിഹാദിനുള്ള അധ്യാപനം നൽകുന്നുവെന്നു പറഞ്ഞ് ഇക്കാലത്ത് ഇസ്‌ലാമിനു ദുഷ്പേരുണ്ടാക്കുന്നു. ചില മുസ്‌ലിംകളുടെ ചെയ്തികളും ഈ ദുഷ്പേരിനു കാരണമായിരിക്കുന്നു. എന്നാൽ, ഒരു യഥാർഥ വിശ്വാസിയുടെ ജോലി നന്മകൾ പഠിക്കുകയും നന്മകൾ പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്. നന്മകൾ പ്രചരിപ്പിക്കുക എന്നത് ജിഹാദു ചെയ്യുന്നതുപോലെയാണ്. ഈ ജിഹാദ് ചെയ്യുക എന്നുള്ളത് ഇക്കാലത്ത് അഹ്മദികളായ നമ്മുടെ ജോലിയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നന്മകളിലൂടെ നടക്കുന്നതിനും തഖ്‌വയിൽ പദമൂന്നുന്നതിനും ആ വർത്തിച്ചാവർത്തിച്ച് നമ്മളോടു പറഞ്ഞിരിക്കുന്നു. ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു:'ഈ വസിയ്യത്ത് ശ്രദ്ധയോടെ കേൾക്കുക.....' അവിടന്ന് പറയുന്നു: '....ഈ വസിയ്യത്ത് ശ്രദ്ധയോടെ കേൾക്കുക! ഈ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ട് എന്നോടു സ്നേഹത്തിന്റേയും ശിഷ്യത്വത്തിന്റേയും ബന്ധം വെക്കുന്നതിന്റെ ഉദ്ദേശ്യം, സദാചാരത്തിന്റേയും സൗഭാഗ്യത്തിന്റേയും തഖ്‌വയുടേയും ഉന്നതമായ പദവിവരെ അവരെത്തുകയും ഒരുതരത്തിലുള്ള കലഹവും ദ്രോഹവും ദുർന്നടപ്പും അവരുടെ അടുത്തുപോലും വരാതിരിക്കുകയും ചെയ്യുക എന്നതാണ്. അഞ്ചുനേര നമസ്കാരം ജമാഅത്തായി നമസ്കരിക്കുന്നവരാകണം. കളവു പറയരുത്. നാവുകൊണ്ട് ആരേയും വേദനിപ്പിക്കരുത്.....' ഒരു ബുദ്ധിമുട്ടും ഉണ്ടാക്കരുത്. '............ഒരുതരത്തിലുള്ള നീചപ്രവൃത്തികൾക്കും ഇരയാകരുത്. ഏതെങ്കിലും അക്രമത്തിന്റേയോ ദ്രോഹത്തിന്റേയോ കലഹത്തിന്റേയോ കുഴപ്പത്തിന്റേയോ വിചാരംപോലും മനസ്സിൽ കൊണ്ടുവരരുത്." അവിടന്ന് പറഞ്ഞു: "ചുരുക്കത്തിൽ എല്ലാ ഓരോ തരത്തിലുള്ള പാപവും കുറ്റകൃത്യങ്ങളും ദുഷ്ചെയ്തികളും ദുർസംസാരങ്ങളും......." അതായത് ചെയ്യാൻ പാടില്ലാത്തതും പറയാൻ പാടില്ലാത്തതുമായ തിന്മകൾ, ഒരു തരത്തിലുള്ള ദോഷങ്ങളും അവരിൽനിന്ന് പ്രകടമാകാൻ പാടില്ല. '..........എല്ലാ ശാരീരികാവേശങ്ങളിൽനിന്നും അനാവശ്യമായ പ്രവർത്തനങ്ങളിൽനിന്നും പിന്മാറുകയും അല്ലാഹുവിന്റെ പരിശുദ്ധഹൃദയരും നിരുപദ്രവകാരികളും സാധുപ്രകൃതക്കാരുമായ ദാസന്മാരായിത്തീരുക. വിഷലിപ്തമായതൊന്നും അവരിലുണ്ടാകാതിരിക്കുക... ....സകലമനുഷ്യരോടുമുള്ള സഹാനുഭൂതി അവരുടെ അടിസ്ഥാനനിയമമായിരിക്കണം. അല്ലാഹുവിനെ ഭയപ്പെടുക. നിങ്ങളുടെ നാവുകളേയും നിങ്ങളുടെ കൈകളേയും നിങ്ങളുടെ മനസ്സുകളിലെ വിചാരങ്ങളേയും എല്ലാത്തരം അവിശുദ്ധവും കലഹമുണ്ടാക്കുന്നതുമായ വഴികളിൽനിന്നും വിശ്വാസവഞ്ചനകളിൽനിന്നും രക്ഷിക്കുക. അഞ്ചുനേര നമസ്കാരം ഏകാഗ്രചിത്തയോടെ നിലനിറുത്തുക. അക്രമത്തിൽനിന്നും കൈയേറ്റത്തിൽനിന്നും വഞ്ചനയിൽനിന്നും കൈക്കൂലിയിൽനിന്നും അവകാശധ്വംസനങ്ങളിൽനിന്നും പക്ഷപാദിത്വത്തിൽനിന്നും പിന്മാറുക.....' ആരുടെയെങ്കിലും പക്ഷം ചേരുന്നതും തെറ്റായ കാര്യമാണ്. ആളുകളുടെ അവകാശം തട്ടിപ്പറിച്ചെടുക്കുന്നതും തെറ്റായ കാര്യമാണ്. ഇതിൽ പ്രത്യേകിച്ചും ശ്രദ്ധിക്കേണ്ടതാണ്. '......ഒരു ദുസ്സഹവാസത്തിലും ഇരിക്കരുത്."(മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 3, പേജ് 46-47 1985 പതിപ്പ്).

പ്രത്യേകിച്ചും യുവാക്കൾ ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ചീത്ത സഹവാസം എന്നതിൽ ആധുനികമായ ഒരുപാട് തരത്തിലുള്ള മാർഗങ്ങളുണ്ട്. സോഷ്യൽ മീഡിയാകളിലും മറ്റു സ്ഥലങ്ങളിലും

## കലാമുൽ ഇമാം:-

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

## കലാമുൽ ഇമാം:-

**"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)**

തെറ്റായ തരത്തിലുള്ള സംസാരങ്ങൾ നടക്കുന്നു. ഇതെല്ലാം ചീത്തസഹവാസമാണ്. ഇതിൽനിന്ന് രക്ഷപ്പെടാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇവിടെ പാക്കിസ്താനിൽനിന്നും ധാരാളമാളുകൾ അസൈലം കൊണ്ടുവന്ന് താമസിക്കുന്നുണ്ട്. അല്ലെങ്കിൽ അഭയാർഥികളായി വന്നിട്ടുണ്ട്. അവർ വളരെയേറെ ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഓരോ അഹ്‌മദിയുടേയും മുമ്പിൽ ഈ ദുൻയാവിലെ സന്തോഷങ്ങളും ആഗ്രഹങ്ങളും മാത്രമാവരുത് ഉണ്ടാകേണ്ടത്. പ്രത്യുത പരലോകത്തെക്കുറിച്ചുള്ള ചിന്തയുണ്ടാകേണ്ടതാണ്. അവിടെയുള്ള പാരിതോഷികങ്ങളും ഗുണങ്ങളും എന്നെന്നും നിലനിൽക്കുന്നവയായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്തു പറയുന്നു: 'അല്ലാഹുവും മനുഷ്യന്റെ ഡയറികൾ എഴുതുന്നുണ്ട്.......' നിത്യവും കർമങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നു. അവിടന്ന് പറയുന്നു:'...അതുകൊണ്ട് മനുഷ്യനും തന്റെ അവസ്ഥകളുടെ ഡയറികൾ തയ്യാറാക്കേണ്ടതാണ്....' മനുഷ്യൻ സ്വയം തന്നെയും ഇന്നേ ദിവസം താൻ എന്തെന്തെല്ലാം നന്മകളാണ് ചെയ്തതെന്നും എന്തൊക്കെ തിന്മകളാണ് ചെയ്തതെന്നും നോക്കാൻ ശ്രമിക്കേണ്ടതാണ്. ഏതെല്ലാം നന്മകളാണ് ചെയ്തത്, ഏതെല്ലാം നന്മകളാണ് ചെയ്യാൻ സാധിക്കാതിരുന്നത്. അവിടന്ന് പറഞ്ഞു:'..........ഇതിൽ ചിന്തിക്കേണ്ടതാണ്......' വെറും തയ്യാറാക്കിയാൽപോര മറിച്ച് ചിന്തിക്കണം. അപ്പോഴാണ് മനുഷ്യന് നന്മയിലേക്ക് പോകാൻ കഴിയുന്നത്. അല്ലാഹുവിന്റെ പക്കൽ സന്മാർഗം പ്രാപിച്ചവനായേക്കാം. അവിടന്ന് പറഞ്ഞു:'....നന്മയിൽ എവിടംവരെ ചുവടു മുന്നോട്ടുവച്ചു. ....' ഇത് നോക്കുക '..........മനുഷ്യന്റെ ഇന്നും നാളെയും ഒരേപോലെയാവാൻ പാടില്ല. നന്മയിൽ അഭിവൃദ്ധിയുടെ കാര്യത്തിൽ ഇന്നും നാളെയും തുല്യമായിട്ടുള്ളവൻ നഷ്ടത്തിലാണ്.....' അവിടന്ന് പറയുന്നു: സമമാണെങ്കിൽ ഒരു ഫലവുമില്ല; നഷ്ടമാണ്. മനുഷ്യൻ ദൈവത്തെ അംഗീകരിക്കുന്നവനും അവനിൽ പരിപൂർണമായ വിശ്വാസമുള്ളവനുമാണെങ്കിൽ അവൻ ഒരിക്കലും പാഴാക്കിക്കളയുകയില്ല.' (മൽഫൂദാത്ത് വാള്യം 10, പേജ് 137–138, 1985 ലണ്ടൻ പതിപ്പ്)

വളരെ ചിന്തിക്കേണ്ട അവസരമാണിത്. അല്ലാഹു നമ്മുടെമേൽ അനുഗ്രഹം ചൊരിയുമ്പോൾ അതിനു കൃതജ്ഞത കാണിക്കുക എന്നത് നമ്മുടെ കടമയാണ്. അതുകൊണ്ട് തങ്ങളുടെ ഭൗതികമായ വ്യവഹാരങ്ങൾ കാരണമായി അല്ലാഹുവിനോടുള്ള കടമകളും തങ്ങളുടെ ഇബാദത്തുകളും മറന്നുപോകുന്നവർ അതല്ലെങ്കിൽ അതിലേക്കു വേണ്ടത്ര ശ്രദ്ധ നൽകാത്തവർ ആത്മപരിശോധന നടത്തേണ്ടതാണ്; നമ്മൾ ചെയ്ത ബയ്അത്തിന്റെ പ്രതിജ്ഞകൾ എന്താണ്? നമ്മുടെ കർമങ്ങൾ എന്തെല്ലാമാണ്? എന്ന്. ലൗകികതയിൽ മുങ്ങിത്താഴുക എന്നത് പുരോഗതിയല്ല മറിച്ച് തകർച്ചയാണെന്ന കാര്യം ഇവിടെ പുതിയതായി വന്നിട്ടുള്ളവരും ഓർമവയ്ക്കുക. ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകുന്നവരാകണം എന്ന കാര്യം എപ്പോഴും മുന്നിൽവയ്ക്കേണ്ടതാണ്. മസ്ജിദുകളോടുള്ള കടമകൾ പാലിക്കുന്നവരാകണം. അല്ലാഹുവിനോടുള്ള ആരാധനകളുടെ കടമകൾ നിറവേറ്റുന്നവരാകണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മറ്റൊരു ഉദ്ധരണി സമർപിക്കുകയാണ്. അവിടന്ന് പറയുന്നു:

'ഓർത്തുകൊള്ളുക! ഒരു സാധാരണ ലൗകികൻ ജീവിക്കുന്നതുപോലെ ജീവിതം കഴിച്ചുകൂട്ടാൻ വേണ്ടിയുള്ളതല്ല നമ്മുടെ ജമാഅത്ത്. ജമാഅത്തിൽ പ്രവേശിച്ചുവെന്ന് വെറുതെ പറയുകയും കർമം ആവശ്യമില്ലെന്ന് മസ്സിലാക്കുകയും ചെയ്യുക. ദൗർഭാഗ്യവശാൽ മുസ്‌ലീംകളുടെ അവസ്ഥ ഇന്ന് അങ്ങനെയാണ്. നീ മുസ്‌ലിമാണോ എന്നു ചോദിച്ചാൽ പറയും, ശുക്ർ അൽഹംദുലില്ലാഹ്! എന്നാൽ, നമസ്കരിക്കുകയില്ല. അല്ലാഹുവിന്റെ ചിഹ്നങ്ങളെ ആദരിക്കുകയില്ല. നിങ്ങൾ നാവുകൊണ്ടു മാത്രം എറ്റു പറയുന്നവരും കർമംകൊണ്ട് ഒന്നും ചെയ്തുകാണിക്കാത്തവരുമാകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കൊള്ളരുതാത്ത അവസ്ഥയാണത്. അല്ലാഹു അതിഷ്ടപ്പെടുന്നില്ല. അല്ലാഹു എന്നെ സംസ്കരണത്തിനായി എഴുന്നേല്പിച്ചതും ലോകത്തിന്റെ ഈയൊരവസ്ഥയുടെ തേട്ടമാണ്. ഞാനുമായി ബന്ധം വെച്ചിട്ടും ആരെങ്കിലും തന്റെ അവസ്ഥ മാറ്റുന്നില്ലെങ്കിൽ കർമപരമായ ശക്തികൾക്ക് അഭിവൃദ്ധിനല്കുന്നില്ലെങ്കിൽ നാവുകൊണ്ടുള്ള പ്രതിജ്ഞ മാത്രം മതി എന്നു കരുതുന്നത് അവൻ തന്റെ കർമംകൊണ്ട് എന്റെ ആവശ്യമില്ലെന്ന് പറയുകയാണ് ചെയ്യുന്നത്...........'

കർമപരമായ ശക്തികളുടെ അഭിവൃദ്ധി എന്നു പറയുന്നത് വിവരിച്ചു കഴിഞ്ഞതുപോലെ അല്ലാഹുവിനോടുള്ള കടമ നിറവേറ്റലും ആരാധനയോടുള്ള കടമ നിറവേറ്റലും അവന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റലും അല്ലാഹുവിന്റെ സന്ദേശം ലോകത്ത് എത്തിക്കലുമാണ്. അവിടന്ന് പറയുന്നു:'.......എന്റെ വരവ് നിരർഥമാണെന്ന് നിങ്ങൾ നിങ്ങളുടെ കർമംകൊണ്ട് സ്ഥാപിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞാനുമായി ബന്ധം വെക്കുന്നതുകൊണ്ട് എന്ത് അർഥമാണുള്ളത്? ഞാനുമായി ബന്ധം വെക്കുന്നവെങ്കിൽ എന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും പൂർത്തിയാക്കുക. അല്ലാഹുവിന്റെ തിരുസന്നിധിയിൽ നിങ്ങളുടെ ആത്മാർഥതയും കൂറും കാണിക്കുക എന്നതാണത്. നബി(സ)തിരുമേനിയും സ്വഹാബത്തും ചെയ്തുകാണിച്ചതുപോലെ വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുക. വിശുദ്ധഖുർആനിന്റെ ശരിയായ ഇച്ഛ അറിയുക. അതനുസരിച്ച് പ്രവർത്തിക്കുക. നാവുകൊണ്ട് ഏറ്റുപറയുകയും കർമങ്ങളിൽ വെളിച്ചവും ഗൗരവവുമൊന്നും ഉണ്ടാകാതിരിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന്റെ തിരുസന്നിധിയിൽ മതിയാകുകയില്ല. ഓർമിച്ചുകൊള്ളുക! കർമങ്ങൾ കൂടാതെ, അല്ലാഹു സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ജമാഅത്ത് നിലനിൽക്കുക സാധ്യമല്ല...' ജമാഅത്ത് കർമങ്ങൾ കൂടാതെ സജീവമായിരിക്കുകയില്ല. '...........ഹദ്റത്ത് ആദമിന്റെ കാലംതൊട്ടേ തയ്യാറെടുപ്പ് ആരംഭിച്ച ആ മഹത്തായ ജമാഅത്താകുന്നു ഇത്. ഇതിനെക്കുറിച്ച് അറിവു നൽകാത്തതായ ഒരു പ്രവാചകനും ലോകത്തു വന്നിട്ടില്ല. അതുകൊണ്ട് അതിനെ വിലമതിക്കുക. അതിനെ വിലമതിക്കുക എന്നതിന്റെ അർഥം സത്യവാൻമാരുടെ സംഘം നിങ്ങൾത്തന്നെയാണെന്ന് സ്വന്തം കർമങ്ങൾകൊണ്ട് സ്ഥാപിച്ചു കാണിക്കുക എന്നതാണ്.'(മൽഫൂദാത്ത് വാള്യം 3, പേജ് 370–371, 1985 ലണ്ടൻ പതിപ്പ്)

ചുരുക്കത്തിൽ, ഇതൊരു എളുപ്പമുള്ള ജോലിയല്ല. വളരെ ഗൗരവമായി ചിന്തിച്ചുകൊണ്ട് ഇക്കാര്യത്തിലേക്കു ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ദുൻയാവും ദുൻയാവിലെ സമ്പത്തും നമ്മുടേയും നമ്മുടെ മക്കളുടേയും മോക്ഷത്തിനു ജാമ്യം നൽകുന്നതല്ല എന്നത് എപ്പോഴും ഓർക്കുക. മറിച്ച് ഇരുലോകത്തും അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യവും കരസ്ഥമാക്കുന്നതിനായി അല്ലാഹുവുമായി ബന്ധം സ്ഥാപിക്കലാണ് മോക്ഷത്തിനുള്ള ജാമ്യം. അവന്റെ കല്പനകളിലൂടെ ചലിക്കുന്നതിലാണ് മോക്ഷത്തിനുള്ള ജാമ്യം. അല്ലാഹു നമുക്കേവർക്കും അതനുസരിച്ചു ജീവിക്കുവാനുള്ള തൗഫീഖ് തന്നരുളുമാറാകട്ടെ.

പൊതുവെ മസ്ജിദുകളുടെ ഉൽഘാടനവേളയിൽ ഞാൻ മസ്ജിദിന്റെ അല്പം വിശദീകരണവും വിവരിക്കാറുണ്ട്. അതും ഇപ്പോൾ അവതരിപ്പിക്കുന്നതാണ്. ഈ മസ്ജിദിന്റെ കെട്ടിടത്തനുവേണ്ടി 2007ൽ ആയിരുന്നു സ്ഥലം വാങ്ങിയിരുന്നത്. പിന്നീട് ഏകദേശം 6 വർഷത്തിനുശേഷം 2013–ൽ അതിന്റെ പണി ആരംഭിച്ചു. ഇടയ്ക്ക് തടസങ്ങളുണ്ടായിക്കൊണ്ടിരുന്നു. അനുവദനീയവും അല്ലാത്തതുമായ കാരണങ്ങളാലായിരുന്നു ഈ തടസങ്ങൾ. ഇപ്പോൾ ഈ വർഷമാണ് മസ്ജിദ് നിർമാണം പൂർത്തിയായത്. ഞാൻ പറഞ്ഞതുപോലെ 8.1 മില്യൺ ഡോളർ ചെലവായി. ജവശഹമാലഹുവശമയിലെ തദ്ദേശ ജമാഅത്ത് 2 മില്യൺ നാലുലക്ഷത്തി മുപ്പത്തി അയ്യായിരം ഡോളർ നല്കി. ഒരു മില്യൺ, രണ്ടു ലക്ഷത്തി നാല്പത്തിമൂവായിരത്തിലധികം തുക അമേരിക്കയിലെ മറ്റു ജമാഅത്തുകൾ ഇതിനുവേണ്ടി നല്കി. 4 മില്യൺ, നാലുലക്ഷത്തി എഴുപത്തിയെട്ടായിരത്തിലധികം തുക നാഷണൽ ഹെഡ്ക്വാർട്ടർ നൽകുകയുണ്ടായി. ഏകദേശം പകുതിയിലേറെ തുക നാഷണൽ ഹെഡ്ക്വാർട്ടറിന്റേതാണ്. ആരംഭത്തിൽ വെറും രണ്ട് ഏക്കർ സ്ഥലമാണ് വാങ്ങിയത്. പിന്നീട് ഒരു ഏക്കറും കൂടി വാങ്ങിച്ചു. പിന്നീട് 2015–ൽ ഒരു അമുസ്‌ലിം ക്രിസ്ത്യാനിയാണെന്നു തോന്നുന്നു ഈ സ്ഥലത്തോടു ചേർന്ന് കിടക്കുന്ന മുക്കാൽ ഏക്കർ സ്ഥലം ഇഷ്ടദാനമായി നല്കി. അത് അദ്ദേഹത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യമായിരുന്നു. പക്ഷേ, എന്തായലും ജമാഅത്തിന് അദ്ദേഹം ചാരിറ്റിയിലാണ് ഇത് നല്കിയത്. ഇപ്പോൾ മൊത്തം നാല് ഏക്കർ സ്ഥലമാണുള്ളത്. ഞാൻ ആദ്യം പറഞ്ഞതുപോലെ ഇവിടെ ഹൗസിംഗ് സ്കീമോ ഫ്ളാറ്റു തുടങ്ങിയവയോ നിർമിക്കാവുന്നതാണ്. ഈ കെട്ടിടത്തിന്റെ covered ഏരിയ ഇരുപത്തിയൊന്നായിരിത്തി നാന്നൂറ് ചതുരശ്ര അടിയാണ്. മൂന്നുനില കെട്ടിടമാണ്. ബേസ്മെന്റിൽ ഒരു കൊമേഴ്സ്യൽ കിച്ചണുണ്ട്. ഇടയ്ക്കുള്ള നിലയിൽ മുബല്ലിഗിന്റെ താമസത്തിനുവേണ്ടി ഒരു അപ്പാർട്ടുമെന്റ് നിർമിക്കപ്പെട്ടിട്ടുണ്ട്. മുകളിലത്തെ നിലയിൽ ഓഫീസുകളും ലൈബ്രറിയും നിർമിക്കപ്പെട്ടിരിക്കുന്നു. ഒരു മസ്ജിദിന്റെ ഭാഗമുണ്ട്. രണ്ടാമത്തെ ഭാഗവും രണ്ടു നിലയാണ്. പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരു വലിയ ഹാളുണ്ട്. അത് അയ്യായിരം ചതുരശ്ര അടിയാണ്. അതും രണ്ടായി വിഭജിച്ചിട്ടുണ്ട്. 350ന് അടുത്ത് പുരുഷന്മാർക്കും 350ന് അടുത്ത് സ്ത്രീകൾക്കുമുള്ള നമസ്കാരസ്ഥലമാണിത്. കെട്ടിടത്തിന്റെ ഈ ഭാഗത്ത് പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ വാഷ് റൂമുകളും നിർമിച്ചിട്ടുണ്ട്. ആറായിരം ചതുരശ്ര അടിയുള്ള മൾട്ടി പെർപസ് ഹാളും (multi-purpose hall) ഉണ്ട്. ഇവിടെ ഏഴായിരം ആളുകൾക്ക് ഇരിക്കാവുന്നതാണ്. കളികളും സംഘടിപ്പിക്കാൻ കഴിയും. ജമാഅത്തിന്റെ ഓഫീസുകളുമുണ്ട്. 40 വാഹനങ്ങൾക്ക് സുഖകരമായി പാർക്കു ചെയ്യാനുള്ള സൗകര്യവുമുണ്ട്. മൊത്തം 86 വാഹനവും അതിൽകൂടുതലും പാർക്കു ചെയ്യാവുന്നതാണ്.

അല്ലാഹു എല്ലാ അഹ്‌മദികളേയും മസ്ജിദ് നിർമാണത്തിന്റെ ലക്ഷ്യം പൂർത്തിയാക്കുന്നവരാക്കട്ടെ. അതുപോലെ, ഈ മസ്ജിദ് ഈപ്രദേശത്ത് ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം പ്രചരിപ്പിക്കുവാൻ ഒരു നാഴികക്കല്ലായിത്തീരട്ടെ.(ആമീൻ).

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്‌മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്‌നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്‌മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

## ഖുത്ബ ജുമുഅ

**• തെറ്റുധാരണ അകലുകയാണെങ്കില്‍ നമ്മുടെ സമൂഹത്തിലെ പകുതി കലഹവും വഴക്കും വൈരാഗ്യവും അകലുന്നതായിരിക്കും. ഒരുമയും ഐക്യവുമുണ്ടാകുന്നതാണ്. • ഇബാദത്തുകളും ദുആകളും സ്വീകരിപ്പിക്കണമെങ്കില്‍ അതിനുള്ള അടിസ്ഥാനപരമായ കാര്യംതിന്മകള്‍ ചെയ്യാതിരിക്കുകയും നന്മകള്‍ സ്വായത്തമാക്കുകയും ചെയ്യുക എന്നതാണ്. ഇതാണ് തഖ്‌വാ. •കേവലവിശ്വാസം പ്രയോജനം ചെയ്യുകയില്ല. യഥാര്‍ഥകാര്യം കര്‍മമാണ്. അതിനു നമ്മള്‍ ശ്രമിക്കേണ്ടതാണ്. അതുകൊണ്ട് ഇസ്‌ലാം സ്വീകരിക്കുക എന്നതും അഹ്മദിയാകുക എന്നതും മതിയായതല്ല. നിങ്ങള്‍ നിങ്ങളെ അല്ലാഹുവിന്റെ കല്‍പനകളനുസരിച്ച് വാര്‍ത്തെടുക്കേണ്ടത് നിര്‍ബന്ധമാണ്. • നബി(സ) തിരുമേനി പറഞ്ഞു: എന്റെ ഈ സ്വഹാബത്ത് നക്ഷത്രങ്ങളെ പോലെയാണ്. ആരുടെ പിന്നാലെ നിങ്ങള്‍ നടന്നാലും അവര്‍ നിങ്ങളെ ശരിയായ വഴിയിലേക്ക് കൊണ്ടുപോകുന്നതായിരിക്കും.**

**"ദുന്‍യാവ് സമ്പാദിക്കണമെന്ന ലക്ഷ്യംവെച്ച് ഈ ജമാഅത്തില്‍ ചേര്‍ന്നിട്ടുള്ളവര്‍ അല്ലാഹുവിന്റെ പക്കല്‍ ഈ ജമാഅത്തില്‍പ്പെട്ടവരല്ല. ദുന്‍യാവില്‍നിന്ന് അവകാശം വിട്ടൊഴിഞ്ഞവരാണ് ഈ ജമാഅത്തില്‍ പ്രവേശിച്ചിട്ടുള്ളവരും ചേര്‍ന്നിട്ടുള്ളവരും."**

**"അല്ലാഹുവിന്റേതായിത്തീരുന്ന വ്യക്തിയെ, അവനൊരിക്കലും നഷ്ടപ്പെടുത്തിക്കളയുകയില്ല. മറിച്ച്, അവന്‍ സ്വയം സംരക്ഷിക്കുന്നവനായിത്തീരുന്നു."**

**അല്ലാഹുവിനെ സത്യസന്ധമായി അനുസരിക്കുന്നവനോ അവന്റെ മക്കളോ നാശമടഞ്ഞ ചരിത്രം ഒരിക്കലും ഉണ്ടായിട്ടില്ല; നാശമടയുകയുമില്ല.**

**ഈ ബയ്അത്ത് പ്രയോജനപ്പെടുന്നത് ദീനിനെ മുന്തിക്കുകയും അതില്‍ അഭിവൃദ്ധിപ്പെടാന്‍ ശ്രമിക്കുകയും ചെയ്യുമ്പോഴാണ്.**

**ഇത് നിസാരമായ വിപത്തല്ലെന്ന മനസിലാക്കി നമ്മള്‍ നമ്മുടെ പരിഷ്കരണത്തിലേക്കും ശ്രദ്ധിക്കേണ്ടതാണ്.**

**ഇതിനെ കുറിച്ചുള്ള പ്രവചനം നൂറുവര്‍ഷം മുമ്പേ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ലോകത്തിനും പറഞ്ഞുകൊടുക്കണം.**

**ഈ വിപത്തില്‍നിന്ന് രക്ഷപ്പെടാനുള്ള ഒരേയൊരു മാര്‍ഗം, മനുഷ്യന്‍ ദൈവത്തിലേക്ക് വരികയെന്നതാണ്.**

**തീയുടെമേല്‍ തീതന്നെ വന്നാലും പ്രതാപവാനായ അല്ലാഹുവിനെ സ്നേഹിക്കുന്നവരെല്ലാം രക്ഷിക്കപ്പെടുന്നതാണ്. അല്ലാഹുവിന്റെ ചില കാര്യങ്ങളെ നിഷേധിക്കുന്നത് അവന്റെ എല്ലാ കാര്യങ്ങളേയും നിഷേധിക്കുന്നതുപോലെയാണ്.**

**ബയ്അത്തിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് നമ്മുടെ ഉള്ളില്‍ പരിശുദ്ധമാറ്റമുണ്ടാക്കാന്‍ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുല്‍ മുഅ്മിനീന്‍ ഹദ്റത്ത് മിര്‍സാ മസ്റൂര്‍ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രില്‍ അസീസ്**

**ഖുത്ബ ജുമുഅ 2018 ഒക്ടോബര്‍ 26/1397 തബൂക് 26**
**മസ്ജിദ് ബയ്ത്തുസ്സമീഅ് ഹ്യൂസ്റ്റണ്‍ (അമേരിക്ക)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാന്‍ തൗഫീഖ് കിട്ടിയെന്നത് നമ്മുടെമേലുള്ള അവന്റെ വലിയ ഔദാര്യമാണ്. നബി(സ)തിരുമേനി, നമ്മുടെ മഹ്ദി എന്ന വാക്കുകളാല്‍ സംബോധന ചെയ്യുകയും സ്മരിക്കുകയും ചെയ്ത ആ സത്യവാനായ ദാസനെ വിശ്വസിക്കാന്‍ അവന്‍ നമുക്ക് തൗഫീഖ് നല്കി. നബി(സ) തിരുമേനി 'നമ്മുടെ' എന്ന് പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നും മഹ്ദിയെ മഅ്ഹൂദിനും പ്രദാനം ചെയ്തിട്ടുള്ളത് സ്നേഹത്തിന്റേയും സാമീപ്യത്തിന്റേയും പ്രകടനത്തിന്റെ ഉന്നതസ്ഥാനമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥങ്ങളില്‍ ഇസ്‌ലാം ഉന്നതമായ മതമാണെന്നതിനെ കുറിച്ച് വിവരിച്ചിട്ടുള്ള സ്ഥലങ്ങളില്‍, ആക്ഷേപകരുടെ ആക്ഷേപം അവരില്‍ത്തന്നെ മറിച്ചിട്ടുകൊണ്ട് പറഞ്ഞു: 'ഇന്ന് യഥാര്‍ഥവും അല്ലാഹുവിന്റെ സാമീപ്യം പ്രദാനം ചെയ്യുന്നതും പാപങ്ങളില്‍നിന്ന് മോക്ഷം നല്കുന്നതുമായ ഏതെങ്കിലും മതമുണ്ടെങ്കില്‍ –തീര്‍ച്ചയായും മതമുണ്ട്– അത് ഇസ്‌ലാം മാത്രമാണെന്ന് സ്ഥാപിച്ചതിനോടൊപ്പം നമ്മുടെ തര്‍ബിയ്യത്തിനുവേണ്ടി നിരവധി പ്രസംഗങ്ങളിലും എഴുത്തുകളിലും സദസുകളിലും എണ്ണമറ്റ നിര്‍ദേശങ്ങളും നല്കിയിരിക്കുന്നു. അത് നമുക്ക് ഓരോ സ്റ്റെപ്പിലും മാര്‍ഗദര്‍ശനവും സന്മാര്‍ഗത്തിനുള്ള കാരണവുമാണ്.

അദ്ദേഹം വളരെ വേദനയോടുകൂടി, തന്നെ വിശ്വസിക്കുന്നവരെ ബയ്അത്തിനോടുള്ള കടമ നിറവേറ്റാനും യഥാര്‍ഥ മുഅ്മിന്‍ ആകാനും ഉപദേശിച്ചു. അതിനുവേണ്ടി നമുക്കുള്ള നിര്‍ദേശങ്ങള്‍ നമ്മള്‍ എപ്പോഴും നമ്മുടെ മുമ്പില്‍ വെക്കേണ്ടതാണ്. ഇതാണ് നമ്മുടെ ആത്മീയശിക്ഷണത്തിനുള്ള മാര്‍ഗം. ഇതുമുഖേന നമുക്ക് ദീനിന്റെ ഗ്രാഹ്യവും കരസ്ഥമാക്കാന്‍ സാധിക്കും; ഇതുമുഖേന നമ്മുടെ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാനുള്ള വഴികളും അന്വേഷിക്കാന്‍ കഴിയും; ഇതുമുഖേന നമുക്ക് വിശുദ്ധഖുര്‍ആനിന്റെ രഹസ്യങ്ങളും വിജ്ഞാനങ്ങളുംവരെ എത്തുവാന്‍ കഴിയും; ഇതുമുഖേന നമുക്ക് നബി(സ)തിരുമേനിയുടെ പദവിയും സ്ഥാനവും തിരിച്ചറിയാന്‍ കഴിയും; ഇതുമുഖേന നമുക്ക് നമ്മുടെ വിശ്വാസപരമായ അവസ്ഥകളും മെച്ചപ്പെടുത്താന്‍ കഴിയും! ഈ ഖജനാവുകള്‍ ഉണ്ടായിട്ടും നമ്മള്‍ അതില്‍നിന്ന് ഫലമെടുക്കുന്നില്ലെങ്കില്‍ അതു വലിയ ദൗര്‍ഭാഗ്യമായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിലെ പവിത്രമായ ശക്തിയുടേയും കരുത്തിന്റേയും സ്വാധീനം മറ്റാരുടേയും വാക്കുകളിലുണ്ടാകുകയില്ല. എങ്ങനെയുണ്ടാകാനാണ്? നബി(സ)തിരുമേനിയുടെ ദാസത്വത്തില്‍ ഇസ്‌ലാമിന്റെ പുനരുദ്ധീകരണത്തിനും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനും ഇക്കാലഘട്ടത്തില്‍ അല്ലാഹു അയച്ച ഇമാമാണ് അദ്ദേഹം. നമ്മള്‍ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തില്‍ വന്നിരിക്കുന്നുവെന്ന് വാദിക്കുന്നു. അപ്പോള്‍ അവിടത്തെ വാക്കുകള്‍ വായിക്കുകയും കേള്‍ക്കുകയും അതനുസരിച്ച് പ്രവൃത്തിക്കാന്‍ ശ്രമിക്കുകയും ചെയ്യേണ്ടത് നമ്മുടെ നിര്‍ബന്ധകടമയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളില്‍നിന്ന് പ്രതീക്ഷിക്കുന്ന നിലവാരത്തില്‍ ആ അവസ്ഥകള്‍ എത്തിക്കേണ്ടതാണ്.

ഇപ്പോള്‍ ഞാന്‍ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില നിര്‍ദേശങ്ങള്‍ സമര്‍പിക്കുന്നതാണ്; അത് നമ്മുടെ ജീവിതത്തിന്റെ പ്രവര്‍ത്തനരൂപരേഖയാണ്. അവിടന്ന് നമ്മുടെ മുമ്പില്‍വച്ച ഒരു ഉദ്ദേശ്യമുണ്ട്. ഒരു അഹ്മദിയുടെ നിലവാരം എന്തായിരിക്കണം, അതെങ്ങനെയായിരിക്കണമെന്ന് അവിടന്ന് പറഞ്ഞു. ഇന്നത്തെ ഭൗതികലോകത്ത് ഇക്കാര്യങ്ങളുടെ പ്രാധാന്യം വളരെയധികം വര്‍ധിച്ചിരിക്കുന്നു. നമ്മളില്‍ ചിലരും ഭൗതികലോകത്തിന് മുന്‍ഗണന നല്കുന്നവരായിട്ടുണ്ട്; അവര്‍ ദീനിന് അത്ര പ്രാധാന്യം നല്കുന്നില്ല. വിശ്വാസപരമായ നിലയില്‍ അഹ്മദി മുസ്‌ലിംകളെന്ന് നമ്മള്‍ പറയുന്നു. പക്ഷേ, കര്‍മപരമായ ബലഹീനതകള്‍ നമ്മളില്‍ വളരെയധികം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ നിര്‍ദേശങ്ങളുടെ വെളിച്ചത്തില്‍, നമ്മള്‍ എവിടെയാണ് നില്ക്കുന്നത്? നമ്മള്‍ എവിടെയാണ് ഉണ്ടാകേണ്ടത്?

തഖ്‌വ എന്താണ്? തഖ്‌വയുടെ നിലവാരമെന്തായിരിക്കണം? നന്മയെന്താണ്? നന്മയുടെ നിലവാരമെന്തായിരിക്കണം? നമ്മുടെ ചുമതലകളെന്താണ്? തുടങ്ങിയ കാര്യങ്ങളെ കുറിച്ച് ഓരോരുത്തര്‍ക്കും ആത്മപരിശോധന നടത്താന്‍ സാധിക്കുന്നതാണ്. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു:

"അല്ലാഹു ഇഷ്ടപ്പെട്ട സത്യമായ തഖ്‌വാ കരസ്ഥമാക്കാന്‍ ആവര്‍ത്തിച്ചാവര്‍ത്തിച്ച് അല്ലാഹു പറയുന്നു,

'*യാ അയ്യുഹല്ലദീന ആമനുത്തഖുല്ലാഹ* വിശ്വസിച്ചവരേ! നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുക.'

പിന്നീട് പറഞ്ഞു, '*ഇന്നല്ലാഹ മഅല്ലദീനത്തഖൗവ്വല്ലദീനഹും മ്മുഹ്സിനൂന്‍*(16:129) സൂക്ഷ്മത കൈക്കൊള്ളുകയും നന്മ ചെയ്യുകയും ചെയ്യുന്നവരാരോ തീര്‍ച്ചയായും അല്ലാഹു അവരുടെ കൂടെയാകുന്നു.' തിന്മയില്‍നിന്ന് മാറിനില്ക്കുന്നതിനാണ് 'തഖ്‌വാ' എന്നു പറയുന്നത്. മുഹ്സിനീംകള്‍ തിന്മയില്‍നിന്ന് മാറിനില്ക്കുക മാത്രമല്ല മറിച്ച് നന്മകളും ചെയ്യുന്നതാണ്. പിന്നീട് ഇങ്ങനേയും പറഞ്ഞു:

'*ലില്ലദീന അഹ്സനുൽഹുസ്നാ* നന്മകൾ ഭംഗിയായി നിർവഹിക്കുന്നു.' (10:27). ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എനിക്ക് *ഇന്നല്ലാഹ മഅല്ലദീനത്തഖൗവ്വല്ലദീനഹുംമ്മുഹ്സിനൂൻ* എന്ന വഹ്യ് ആവർത്തിച്ചാവർത്തിച്ചുണ്ടായി. എണ്ണിക്കണക്കാക്കാൻ പറ്റാത്തത്ര അധികം ഈ വഹ്യുണ്ടായി.' അവിടന്ന് പറയുന്നു: 'അല്ലാഹുവിനറിയാം രണ്ടായിരം വട്ടമെങ്കിലും ഉണ്ടായിട്ടുണ്ടാകും. ഇതുകൊണ്ടുള്ള ഉദ്ദേശ്യം തങ്ങൾ ജമാഅത്തിൽ ചേർന്നിരിക്കുന്നുവെന്നതിൽ മാത്രം തൃപ്തിപ്പെടാൻ പാടില്ല എന്ന് ജമാഅത്ത് അറിയണം എന്നതാണ്. അല്ലെങ്കിൽ വിശ്വാസത്തിൽ മാത്രം തൃപ്തിപ്പെടാൻ പാടില്ല. അല്ലാഹുവിന്റെ സാമീപ്യവും സഹായവും സത്യമായ തഖ്വാ കൈക്കൊള്ളുകയും ഒപ്പം നന്മകളുണ്ടാകുകയും ചെയ്യുമ്പോഴാണ് ലഭിക്കുന്നത്. താൻ വ്യഭിചരിക്കുന്നില്ല, ആരേയും വധിച്ചിട്ടില്ല, മോഷ്ടിച്ചിട്ടില്ല എന്നു തുടങ്ങിയ കാര്യങ്ങളിൽ സന്തോഷിക്കുക എന്നത് അഭിമാനകരമായ കാര്യമല്ല. അല്ലെങ്കിൽ തെറ്റായ പണികളിൽനിന്ന് രക്ഷപ്പെടുന്നത് എന്തെങ്കിലും ശ്രേഷ്ഠതയാണോ? അതിന് ഒരു ശ്രേഷ്ഠതയുമില്ല. തങ്ങൾ തിന്മകളിൽനിന്ന് രക്ഷപ്പെട്ടവരാണെന്ന് പറയുന്നതിന് ഒരു പ്രാധാന്യവുമില്ല.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അറിഞ്ഞുകൊണ്ടാണ് വാസ്തവത്തിൽ അതൊക്കെ ഒരുവൻ ചെയ്യുന്നത്. മോഷ്ടിച്ചാൽ ഇരുമ്പഴിക്കുള്ളിൽ പോകുമെന്ന് അവനറിയാം. അതായത് തടവിലാക്കപ്പെടും, പിടിക്കപ്പെടും, ശിക്ഷ കിട്ടും.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവിന്റെ പക്കൽ, ദോഷപ്രവൃത്തികളിൽനിന്ന് വിട്ടുനില്ക്കുക എന്നതിന്റെ പേരല്ല ഇസ്ലാം; അതല്ല ഇസ്ലാം. മറിച്ച് തിന്മകൾ ഉപേക്ഷിച്ച് നന്മകൾ സ്വീകരിക്കാത്തിടത്തോളം അവന് ആത്മീയജീവിതത്തിൽ ജീവിച്ചിരിക്കാൻ സാധ്യമല്ല. നന്മകൾ ഭക്ഷണം എന്ന നിലയിലുള്ളതാണ്. ഭക്ഷണം കഴിക്കാതെ ഒരാൾക്ക് ജീവിച്ചിരിക്കാൻ കഴിയാത്തതുപോലെ നന്മകൾ കൈക്കൊള്ളാത്തിടത്തോളം ഒന്നുമല്ല. തിന്മകൾ ഉപേക്ഷിച്ച് നന്മകൾ ചെയ്യുകയാണെങ്കിൽ, ആത്മീയജീവിതം കിട്ടുന്നതാണ്. ചില തിന്മകൾ എങ്ങനെയാണ് മനുഷ്യജീവിതത്തിൽ സ്വാധീനം ചെലുത്തുന്നതെന്നാൽ, അവനത് അറിയുകപോലുമില്ല. പക്ഷേ, ഒരു നേരത്ത് അവൻ അക്കാരണത്താൽത്തന്നെ അല്ലാഹുവിന്റെ പിടിയിൽ അകപ്പെടുന്നതായിരിക്കും.' ഇതുസംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ചില പാപങ്ങൾ തടിച്ചതായിരിക്കും. ഉദാഹരണത്തിന് കളവ് പറയുക, വ്യഭിചരിക്കുക, വിശ്വാസവഞ്ചന ചെയ്യുക, കള്ളസാക്ഷ്യം പറയുക, ജനങ്ങളുടെ അവകാശം തട്ടിപ്പറിച്ചെടുക്കുക, ശിർക്ക് ചെയ്യുക തുടങ്ങിയ. പക്ഷേ ചില പാപങ്ങൾ അതിസൂക്ഷ്മമായിരിക്കും. മനുഷ്യൻ അതിൽ അകപ്പെടുന്നു; എന്നാൽ, അവൻ അതറിയുകയേയില്ല. യുവത്വത്തിൽനിന്ന് വാർധക്യം പ്രാപിക്കുന്നു. പക്ഷേ, പാപം ചെയ്യുന്നതും പ്രായം കഴിഞ്ഞുപോകുന്നതും അവനറിയുകയില്ല.' അവിടന്ന് ഉദാഹരണം നല്കി: 'പരദൂഷണം പറയുന്നശീലം, പരാതി പറയുക, ചെറിയ ചെറിയ കാര്യങ്ങളിൽ ദുഃഖം പ്രകടിപ്പിക്കുക, അവൻ ഇങ്ങനെ പറഞ്ഞു, ഇവൻ അങ്ങനെ പറഞ്ഞു എന്നു പറഞ്ഞുനടക്കുക. അത്തരക്കാർ അതൊരു തികച്ചും നിസാരവും ചെറുതുമായ കാര്യമാണെന്ന് മനസ്സിലാക്കുന്നു. വാസ്തവത്തിൽ വിശുദ്ധഖുർആൻ അതിനെ വൻപാപമായിട്ടാണ് പറഞ്ഞിട്ടുള്ളത്. ഈ ചെറിയ ചെറിയ കാര്യങ്ങൾ അതായത് പരാതിപ്പെടലും ആവലാതിപ്പെടലും അവസാനം പരദൂഷണമായിത്തീരുന്നു. അതുകൊണ്ട് വിശുദ്ധഖുർആൻ അതു വളരെ വലുതാണെന്ന് പറഞ്ഞിരിക്കുന്നു. അതു പറയുന്നു: *അ യുഹിബ്ബു അഹദുക്കും അൻയ്യഅ്കുല ലഹ്മ അഖീഹി മയ്ത്തൻ* മനുഷ്യൻ തന്റെ സഹോദരന് അപമാനമാകുന്ന വാക്യം പറയുമ്പോൾ അല്ലാഹു അവനെ വെറുക്കുന്നു. അല്ലാഹു ചോദിക്കുന്നു. നിങ്ങളിലാരെങ്കിലും തന്റെ മരിച്ചുകിടക്കുന്ന സഹോദരന്റെ മാംസം കഴിക്കാനിഷ്ടപ്പെടുമോ (49:13).' അവിടന്ന് പറയുന്നു: 'തന്റെ സഹോദരനെ നിന്ദിക്കുംവിധം മനുഷ്യൻ സംസാരിക്കുമ്പോൾ അല്ലാഹു അവനെ വെറുക്കുന്നു. പറയുക മാത്രമല്ല അവന് ഹാനികരമാകുന്ന കാര്യങ്ങൾ ചെയ്യുന്നു. കാരണം പറയുന്ന കാര്യങ്ങൾ പിന്നീട് മറ്റുള്ളവർക്ക് നഷ്ടത്തിനും കാരണമാകുന്നു. പരാതിയും ആവലാതിയും പറയാൻ തുടങ്ങുന്നു. പരസ്പരം തെറ്റുധരിക്കാൻ തുടങ്ങുന്നു. പരദൂഷണം പറയാൻ തുടങ്ങുന്നു. പിന്നീട് അവൻ മറ്റുള്ളവർക്ക് നഷ്ടം വരുത്താനുള്ള ശ്രമവും തുടങ്ങുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഒരു സഹോദരനെ സംബന്ധിച്ച്, അയാളുടെ വിവരമില്ലായ്മയും അജ്ഞതയും സ്ഥാപിതമാകുംവിധം വിവരിക്കുകയും അല്ലെങ്കിൽ അവന്റെ ശീലത്തെ സംബന്ധിച്ച് രഹസ്യമായി അഭിമാനക്ഷതവും ശത്രുതയും ഉണ്ടാകുംവിധം പറയുന്നതുമെല്ലാം ചീത്ത പ്രവൃത്തിയാണ്. ഇപ്രകാരംതന്നെയാണ് പിശുക്കും കോപവും. ഇതെല്ലാം ചീത്തക്കാര്യമാണ്. അതിനാൽ അല്ലാഹുവിന്റെ ഈ നിർദേശമനുസരിച്ച് ആദ്യത്തെ സ്ഥാനം എന്നത് മനുഷ്യൻ അതിൽനിന്ന് പിന്മാറുക എന്നതാണ്. എല്ലാതരം പാപങ്ങളിൽനിന്നും, അത് കണ്ണുകൾകൊണ്ടോ ചെവികൾകൊണ്ടോ കൈകൾകൊണ്ടോ, കാലുകൾകൊണ്ടോ ആവട്ടെ രക്ഷപ്പെട്ടിരിക്കേണ്ടതാണ്. കാരണം അല്ലാഹു പറഞ്ഞു: *വലാ തഖ്ഫു മാ ലയ്സ ലക്ക ബിഹീ ഇൽമുൻ ഇന്നസ്സംഅ വൽബസ്വറ വൽ ഫുആദ കുല്ലു ഉലാഇക്ക കാന അൻഹു മസ്ഊലാ* അതായത് ഏതു കാര്യത്തെ കുറിച്ചാണോ അറിയാത്തത് അനാവശ്യമായി അതിനെ പിൻപറ്റാതിരിക്കുക. കാരണം കാത് കണ്ണ് ഹൃദയം ഇവ എല്ലാറ്റിനേയും സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്(17:37)

മരിച്ചതിനുശേഷം മനുഷ്യൻ അല്ലാഹുവിന്റെയടുക്കൽ പോകുമ്പോൾ ഇവയെ സംബന്ധിച്ച് ചോദിക്കുന്നതായിരിക്കും. അവിടന്ന് പറയുന്നു: 'തിന്മകൾ ഉണ്ടാകുന്നത് തെറ്റുധാരണകൾ കൊണ്ടുമാത്രമാണ്. ആരെയെങ്കിലും സംബന്ധിച്ച് ഒരു കാര്യം കേൾക്കുകയും അന്വേഷണമൊന്നും കൂടാതെ പെട്ടെന്ന് അത് വിശ്വസിക്കുകയും ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഇത് വളരെ നിന്ദ്യമായ കാര്യമാണ്. ഏതൊരു കാര്യത്തെ സംബന്ധിച്ചാണോ ദൃഢജ്ഞാനമില്ലാത്തത് മനസ്സിൽ അതിന് ഇടം നല്കരുത്. യഥാർഥ തെറ്റുധാരണ അകറ്റുന്നതിനു വേണ്ടിയാണിത്. ദർശനവും തീരുമാനവും ശരിയല്ലെങ്കിൽ മനസ്സിൽ ഇടം നല്കരുത്. അത്തരം കാര്യം പറയുകയും അരുത്.' അവിടന്ന് പറഞ്ഞു: 'ഇത് എത്രമാത്രം ദൃഢതരവും ശക്തവുമായ കാര്യമാണ്. നാവുകാരണത്താൽ പിടിക്കപ്പെടുന്ന ധാരാളമാളുകളുണ്ട്. തെറ്റുധാരണ അകലുകയാണെങ്കിൽ നമ്മുടെ സമൂഹത്തിലെ പകുതി കലഹവും വഴക്കും വൈരാഗ്യവും അകലുന്നതായിരിക്കും. ഒരുമയും ഐക്യവുമുണ്ടാകുന്നതായിരിക്കും.' അവിടന്ന് പറയുന്നു: 'ധാരാളമാളുകൾ ഈ ലോകത്തും നാവുകാരണത്താൽ മാത്രം പിടിക്കപ്പെടുന്നവരായിട്ടുണ്ട്. അവർക്ക് ഒരുപാട് ലജ്ജിതരും നഷ്ടം സഹിക്കുന്നവരുമാകേണ്ടിവരുന്നു. എന്തെങ്കിലും കാര്യം പറയുക; പിടിക്കപ്പെടുക. പറഞ്ഞ കാര്യം സത്യമല്ലെങ്കിൽ ലജ്ജിക്കേണ്ടിവരുന്നു; കാരണം സത്യം സ്ഥാപിതമാകുകയില്ല. അതുകൊണ്ട് തെറ്റുധരിക്കാതിരിക്കുകയാണ് ഉത്തമം. മറ്റുള്ളവരെക്കുറിച്ച് സദ്ഭാവന വെച്ചുപുലർത്തുക. അല്ലെങ്കിൽ എന്തെങ്കിലും കാര്യം കേട്ടാൽ അന്വേഷിക്കുക. മനുഷ്യൻ ബലഹീനനാണ്. ചില ദുഷ്ചിന്താഗതികൾ മനസ്സിൽ വരാറുണ്ട്. പക്ഷേ, മനുഷ്യൻ അതനുസരിച്ച് പ്രവർത്തിച്ചില്ലെങ്കിൽ അല്ലാഹു മാപ്പാക്കുന്നതാണ്. ചിന്താഗതികൾ വന്നതുകൊണ്ടുമാത്രം അല്ലാഹു പിടിച്ചു ശിക്ഷിക്കുകയില്ല. മറിച്ച്, അതനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് പിടിക്കപ്പെടുന്നത്.' അല്ലാഹു എങ്ങനെയാണ് പിടിക്കുന്നതെന്ന് വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'മനസ്സിലുണ്ടാകുന്ന ഉപരിപ്ലവമായ ചിന്താഗതികൊണ്ട് ഒരു ശിക്ഷയുമുണ്ടാകുകയില്ല. ഉദാഹരണത്തിന് ഒരാളുടെ മനസ്സിൽ ഇന്ന സ്വത്ത് തനിക്ക് കിട്ടിയിരുന്നെങ്കിൽ നന്നായിരുന്നുവെന്ന് തോന്നുക. ഇത് ഒരുതരത്തിലുള്ള അത്യാഗ്രഹമാണ്. പക്ഷേ, സ്വാഭാവികമായി മനസ്സിൽ വരികയും കടന്നുപോകുകയും ചെയ്യുന്ന ചിന്താഗതികൾ ചോദ്യം ചെയ്യപ്പെടുകയില്ല. എന്നാൽ, അത്തരം ചിന്താഗതിക്ക് മനസ്സിൽ ഇടം നല്കുകയും എങ്ങനെയെങ്കിലും ആ സ്വത്ത് തീർച്ചയായും പിടിച്ചെടുക്കണമെന്ന് ഉറപ്പിക്കുകയും തെറ്റായ മാർഗത്തിൽ ധനം സമ്പാദിക്കണമെന്ന ചിന്ത വരികയും ഇത്ര എനിക്ക് ടാക്സുണ്ട് അതിൽ ഇത്ര കുറച്ചാൽ ഇത്ര ബാക്കിയുണ്ടാകും തുടങ്ങിയ ചിന്തയുണ്ടായാൽ അല്ലാഹു അക്കാരണത്താൽ പിടിക്കുകയില്ല. എന്നാൽ, അതനുസരിച്ച് പ്രവർത്തിക്കുമ്പോൾ, ടാക്സ് ചോർത്തുകയും സർക്കാരിന് നഷ്ടം വരുത്തുകയും സത്യം സത്യമായി പറയാതിരിക്കുകയും നിങ്ങളുടെ ചന്ദകളിൽ വരുമാനം കുറവെഴുതുകയും ചെയ്താൽ അപ്പോൾ അല്ലാഹു പിടിക്കുന്നതാണ്. അത്തരം ഒരുപാട് അനുഭവങ്ങളുണ്ട്. ഒരുപാടാളുകളുടെ ഉദാഹരണമുണ്ട്. അവരുടെ വരുമാനവും പിന്നീട് മെല്ലെ മെല്ലെ കുറയാൻ തുടങ്ങുന്നു. അവൻ തന്റെ ധനം പ്രകടിപ്പിച്ച തലത്തിലേക്ക് അതു കുറഞ്ഞുവരുന്നു...... അവിടന്ന് പറഞ്ഞു: 'അപ്പോൾ ഈ പാപം ശിക്ഷാർഹമാണ്. ചുരുക്കത്തിൽ ഒരു കാര്യം തീരുമാനിക്കുമ്പോൾ അത് നടപ്പാക്കാൻ ദ്രോഹങ്ങളും വഞ്ചനകളും ചെയ്യുന്നു.' ഭൗതികരായ ആളുകൾ, ഭൗതികമായ അത്യാഗ്രഹങ്ങളിൽ കുടുങ്ങിയവർ തൊഴിലാളികൾ അല്ലെങ്കിൽ മറ്റുള്ളവർ എന്തെങ്കിലും കാര്യം തെറ്റായരീതിയിൽ കരസ്ഥമാക്കുന്നതിനുവേണ്ടി വിചാരിക്കുമ്പോൾ അതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങുന്നു; പരിപാടി ഉണ്ടാക്കാൻ തുടങ്ങുന്നു. സ്കീമുകൾ ഉണ്ടാക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഈ പാപം ശിക്ഷാർഹമായി എഴുതപ്പെടുന്നു. വളരെ അശ്രദ്ധയാലുണ്ടാകുന്ന പാപമാണിത്. അത് മനുഷ്യന്റെ നാശത്തിന് കാരണമാകുന്നു. വലുതും പരസ്യവുമായ പാപങ്ങളിൽനിന്ന് ഭൂരിഭാഗമാളുകളും വിട്ടുനിൽക്കാറുണ്ട്. ആരേയും കൊന്നിട്ടില്ലാത്ത ധാരാളമാളുകളുണ്ടാകും. കൊള്ളയടിച്ചിട്ടുണ്ടാവില്ല, മോഷ്ടിച്ചിട്ടുണ്ടാവില്ല. ഇത്തരത്തിലുള്ള വൻപാപം ചെയ്തിട്ടുണ്ടാവില്ല. പരിഭവം പറയാത്തവരും പരാതിപ്പെടാത്തവരും ദുർഭാവന വെച്ചുപുലർത്താത്തവരും എത്ര പേരുണ്ടെന്നതാണ് ചോദ്യം. കളവും പലതരത്തിലുണ്ട്. അല്ലാഹു മുഅ്മിനീംകളോട് പറഞ്ഞിട്ടുള്ളത് അല്പംപോലും കളവ് പറയരുതെന്നാണ്. നിങ്ങളുടെ എല്ലാ കാര്യത്തിലും സത്യസന്ധത ഉണ്ടായിരിക്കേണ്ടതാണ്.'

അവിടന്ന് പറയുന്നു: 'അല്ലെങ്കിൽ കുറഞ്ഞത് സ്ഥിരചിത്തതയില്ല. മനസ്സിലുണ്ടാകുന്ന കാര്യങ്ങളിൽ ഉറച്ചുനില്ക്കുകയില്ല. അത്തരക്കാർ എത്ര പേരുണ്ടാകും.' അവിടന്ന് പറയുന്നു: 'അത്തരക്കാർ വളരെ കുറച്ചേ ഉണ്ടാകുകയുള്ളൂവെന്ന് എനിക്ക് ദൃഢമായും പറയാൻ കഴിയും; അവർ ഇക്കാര്യങ്ങൾ പരിഗണിക്കുന്നു. ആരേയും വേദനിപ്പിക്കാത്തവരും, ആരെ കുറിച്ചും പരാതിപ്പെടാത്തവരും ദുർധാരണ വെക്കാ

**അല്ലാഹുവിന്റെ കലാം**

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***

**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**ത്വാലിബെ ദുആ**
പി.പി.റഹീമും കുടുംബവും
അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പഴയങ്ങാടി (കേരള)

**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

ത്തവരും കളവു പറയാത്തവരും മനസ്സിൽ ചീത്ത വിചാരം കൊണ്ടുവരാത്തവരും വളരെ വിരളമാണ്.' അവിടന്ന് പറയുന്നു: 'ഇത്തരം കാര്യങ്ങൾ പരിഗണിക്കുന്ന അത്തരക്കാരും അല്ലാഹുവിനെ ഭയപ്പെടുന്നവരും വളരെ കുറവായിരിക്കും; ഇതൊന്നും അവർ ചെയ്യാത്തത് അല്ലാഹുവിനോടുള്ള ഭയവും പേടിയും കൊണ്ടാണ്. ഇല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'കളവ് പറയുകയും മജ്‌ലിസുകളിൽ പരതിപ്പെടുകയും ആവലാതിപ്പെടുകയും ബലഹീനരും ദുർബലരുമായവരെ വേദനിപ്പിക്കുകയും ചെയ്യുന്ന ധാരാളമാളുകളെ നിങ്ങൾക്ക് കിട്ടുന്നതാണ്. നിങ്ങൾ നിങ്ങളുടെ മജ്‌ലിസുകളെ വിലയിരുത്തുക. നിങ്ങൾ സ്വയം നോക്കിയാൽ മജ്‌ലിസിലിരുന്ന് ആളുകളുടെ ദോഷങ്ങൾ പറയുകയും പരിഹസിക്കുകയും ചെറിയ ചെറിയ കാര്യങ്ങളെ വലുതാക്കിക്കൊണ്ടിരിക്കുകയും അവഹേളിക്കുകയും ചെയ്യുന്നവരെ കാണാൻ കഴിയും. പിന്നീട് ഇക്കാരണത്താൽ വൈരാഗ്യമുണ്ടാകുന്നു. ഇതാണ് 'അവരുടെ'നന്മയുടെ നിലവാരം! ഇക്കാര്യങ്ങളിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. അതാണ് ഒരു സത്യവിശ്വാസിയിൽനിന്ന് പ്രതീക്ഷിക്കുന്നത്.

വീണ്ടും അവിടന്ന് പറയുന്നു: 'ആദ്യഘട്ടം മനുഷ്യൻ തഖ്‌വ കൈക്കൊള്ളുക എന്നതാണ്.' പറഞ്ഞു: 'ഇപ്പോൾ ചീത്തപ്രവൃത്തികൾ വിശദീകരിക്കാൻ എനിക്ക് സാധിക്കുകയില്ല. വിശുദ്ധഖുർആനിൽ ആദ്യം മുതൽ അവസാനംവരേയും വിധിവിലക്കുകളുടേയും ദൈവകല്പനകളുടേയും വിശദീകരണമുണ്ട്. എന്താണ് ചെയ്യേണ്ടത്; എന്താണ് ചെയ്യാൻ പാടില്ലാത്തത്?' ഇതിന്റെ വിശദീകരണം വിശുദ്ധ ഖുർആനിലുണ്ട്. ഒരു സത്യവിശ്വാസി വിശുദ്ധ ഖുർആൻ പഠിക്കേണ്ടതാണ്. മനസ്സിലാക്കേണ്ടതാണ്. പറഞ്ഞു: 'വിവിധ തരത്തിലുള്ള കല്പനകളുടെ നൂറുക്കണക്കിന് ശാഖകൾ വിവരിച്ചിരിക്കുന്നു. സംക്ഷിപ്തമായി പറയുന്നു, ഭൂമിയിൽ കലാപമുണ്ടാക്കുകയെന്നത് അല്ലാഹുവിന് ഒരിക്കലും സമ്മതമല്ല. അല്ലാഹു ഭൂമിയിൽ ഐക്യം വ്യാപിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. എന്നാൽ, ആരാണോ തന്റെ സഹോദരനെ വേദനിപ്പിക്കുന്നത്, അക്രമവും വഞ്ചനയും കാണിക്കുന്നത് അവൻ ഐക്യത്തിന്റെ ശത്രുവാണ്. ഒത്തൊരുമ അവിടെ ഉണ്ടാകുകയില്ല. അതുമുഖേന സ്നേഹമുണ്ടാകുകയില്ല. സാഹോദര്യം ഉണ്ടാകുകയില്ല.' പറഞ്ഞു: 'അവൻ ഐക്യത്തിന്റെ ശത്രുവാണ്. ഈ ദുഷ്ചിന്ത മനസ്സിൽനിന്ന് അകലാത്തിടത്തോളം യഥാർഥമായ ഐക്യം വ്യാപിക്കുകയില്ല. അതുകൊണ്ടാണ് ഈ ഘട്ടം ആദ്യമേ വെച്ചിട്ടുള്ളത്. ഒരു ജമാഅത്താകുന്നതിലുള്ള ബർക്കത്താണിത്; ഐക്യമുണ്ടാകുക. ഏകതയുണ്ടാകുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നതിന്റെ ഉദ്ദേശ്യമിതാണ്. ഈ ഉദ്ദേശ്യം തന്നെയാണ് മഹ്ദിയെ മഅ്ഹൂദ് വന്നതിന്റേയും, അതായത് മുസ്‌ലിംകളെ ഒരു കൈയിൽ സംഘടിപ്പിക്കുക. ഒരേയൊരു ഉമ്മത്താക്കുക.

വീണ്ടും അവിടന്ന് പറയുന്നു: 'ഒരു മജ്‌ലിസിലിരുന്ന് ഇത്തരം കാര്യങ്ങൾ കേൾക്കുമ്പോൾ മിക്കവരുടേയും മനസ്സിനെ അതാകർഷിക്കുന്നു. അതു നല്ലതാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. അതായത് നന്മയുടെ കാര്യങ്ങൾ പറയുമ്പോൾ ഖുത്ബ കൊടുത്തുകൊണ്ടിരിക്കുമ്പോൾ ജനങ്ങൾ അത് കേൾക്കുന്നു. അവരുടെ മനസ്സിൽ അത് സ്വാധീനം ചെലുത്തുന്നു. അവർ അതെനിക്കെഴുതുകയും ചെയ്യുന്നു. പക്ഷേ, ആ മജ്‌ലിസിൽനിന്നകലുമ്പോൾ, തങ്ങളുടെ കൂട്ടുകാരേയും സുഹൃത്തുക്കളേയും കാണുമ്പോൾ വീണ്ടും പഴയരീതിയിലേക്കു മടങ്ങിപ്പോകുന്നു. ഈ കേട്ട കാര്യങ്ങളൊക്കെ ചെവിയിൽ വന്നുപോകുന്നു. കേട്ടുവന്ന നന്മയുടെ കാര്യങ്ങളെല്ലാം മറന്നുപോകുന്നു. അതുകൊണ്ടാണ് മറക്കുന്നതിനുമുമ്പേ ഓർമിക്കുന്നതിനുവേണ്ടി ഇക്കാര്യങ്ങൾ വീണ്ടും വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കുകയും മുന്നിൽവെക്കുകയും ചെയ്യണമെന്ന് ഞാൻ പറയുന്നത്. ആദ്യചെയ്തി സ്വീകരിക്കുന്നതിൽനിന്ന് പിന്മാറേണ്ടതാണ്. ഏതൊരു സഹവാസത്തിലും മജ്‌ലിസുകളിലുമാണോ അത്തരം കാര്യങ്ങളുണ്ടാകുന്നത് അതിൽനിന്ന് വേർപെടേണ്ടത് നിർബന്ധമാണ്. അതിനോടൊപ്പം ഓർമിക്കേണ്ടത്, ഈ എല്ലാ ചീത്തക്കാര്യങ്ങളുടേയും ഭാഗങ്ങളെക്കുറിച്ച് അറിവുണ്ടാകണം എന്നതാണ്. കാരണം ഏതെങ്കിലും കാര്യം അന്വേഷിച്ചുകണ്ടെത്തുന്നതിന് അറിവുണ്ടാകേണ്ടത് ഒന്നാമതായി നിർബന്ധമാണ്; അതായത് ഏതു കാര്യമാണോ മനുഷ്യനാഗ്രഹിക്കുന്നത്, ആവശ്യപ്പെടുന്നത് അതിനെ കുറിച്ച് അതെന്താണെന്ന് നല്ലതാണോ ചീത്തയാണോ എന്ന് അറിവുണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. നല്ലതിനെകുറിച്ചും അറിവുണ്ടായിരിക്കണം. ചീത്തയെക്കുറിച്ചും അറിവുണ്ടായിരിക്കണം. ചീത്തയാണെങ്കിൽ ഉപേക്ഷിക്കാനും നന്മയാണെങ്കിൽ സ്വായത്തമാക്കാനും കഴിയണം. അവിടന്ന് പറഞ്ഞു: 'ഒരു വസ്തുവിനെ കുറിച്ച് അറിവുണ്ടാകാത്തിടത്തോളം അതെങ്ങനെ കരസ്ഥമാക്കാനാണ്. വിശുദ്ധഖുർആനിൽ ആവർത്തിച്ച് ഇത് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഖുർആൻ ആവർത്തിച്ച് പാരായണം ചെയ്യുക. ചീത്തപ്രവൃത്തികളെ കുറിച്ചുള്ള വിശദീകരണം നിങ്ങൾ നോട്ടുചെയ്തുകൊണ്ടിരിക്കേണ്ടതാണ്. പിന്നീട് അല്ലാഹുവിന്റെ കൃപയും തുണയുംകൊണ്ട് ആ തിന്മയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടിരിക്കുക. തിന്മയിൽനിന്ന് രക്ഷപ്പെടൽ തഖ്‌വയുടെ ആദ്യഘട്ടമാണ്. നിങ്ങൾ ഇങ്ങനെ ശ്രമിക്കുമ്പോൾ, പരിശ്രമിക്കുമ്പോൾ അല്ലാഹു അതിൽനിന്ന് രക്ഷപ്പെടാൻ നിങ്ങൾക്ക് തൗഫീഖ് നല്കും. ആ കർപൂരവെള്ളം നിങ്ങൾക്ക് നല്കപ്പെടും. അതുമുഖേന നിങ്ങളുടെ പാപത്തിന്റെ വികാരങ്ങൾ തികച്ചും തണുത്തുപോകും. കർപൂരത്തെകുറിച്ച് വൈദ്യന്മാർ പറയുന്നത്, വികാരങ്ങളെ ശമിപ്പിക്കാൻ വേണ്ടി ഇത് ഉപയോഗിക്കുന്നുവെന്നാണ്. ജനങ്ങൾ മരുന്നുകളായും ഇത് ഉപയോഗിക്കുന്നു. ഇവിടെ ആത്മീയ രോഗത്തിന് അവിടന്ന് ഉദാഹരണം നല്കി. തിന്മകളിൽനിന്ന് രക്ഷപ്പെടുമ്പോൾ ഇതുതന്നെ നിങ്ങൾക്ക് കർപൂരപാനീയമായിത്തീരും. ഇതുമുഖേന മെല്ലെമെല്ലെ നിങ്ങളുടെ പാപം തണുക്കുകയും അവസാനിച്ചുപോകുകയും ചെയ്യുന്നതായിരിക്കും. അതിനുശേഷം നന്മകൾ മാത്രമേ ഉണ്ടാകുകയുള്ളു. മനുഷ്യൻ മുത്തഖിയാകാത്തിടത്തോളം ഈ പാനീയം അവന് നല്കപ്പെടുകയില്ല. അവന്റെ ആരാധനകളിലും ദുആകളിലും സ്വീകാര്യതയുടെ വർണവും ഉണ്ടാകുകയില്ല. ആരാധനകളേയും ദുആകളേയും സ്വീകരിക്കുന്നതിനും അടിസ്ഥാനപരമായ കാര്യം ഇതേ തിന്മകളിൽനിന്നുള്ള രക്ഷപ്പെടലും നന്മകൾ സ്വായത്തമാക്കലുമാണ്. ഇതാണ് തഖ്‌വാ. ദുആകൾ സ്വീകരിക്കുന്നതിന് ഇത് നിർബന്ധമായ നിബന്ധനയാണ്. കാരണം അല്ലാഹു പറയുന്നു: ഇന്നമാ യതഖബ്ബലുല്ലാഹു മിനൽ മുത്തഖീൻ (5:28) സൂക്ഷ്മത പാലിക്കുന്നവരിൽനിന്നു മാത്രമേ അല്ലാഹു ആരാധനകൾ സ്വീകരിക്കുകയുള്ളു. ഇത് തികച്ചും സത്യമായ കാര്യമാണ്. നമസ്കാരവും നോമ്പും മുത്തഖികളുടേതു മാത്രമാണ്. സ്വീകരിക്കപ്പെടുന്ന ആ ആരാധനകളുടെ സ്വീകാര്യതയെന്താണ്. അതുകൊണ്ടുള്ള ഉദ്ദേശ്യമെന്താണ്? അത് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'നമസ്കാരം സ്വീകരിക്കപ്പെടുക എന്നതിന്റെ ഉദ്ദേശ്യം നമസ്കാരത്തിന്റെ ഫലങ്ങളും അനുഗ്രഹങ്ങളും നമസ്കരിക്കുന്നവരിൽ ഉണ്ടാകുക എന്നാണ്. ആ അനുഗ്രഹങ്ങളും ഫലങ്ങളും ഉണ്ടാകാത്തിടത്തോളം അത് വെറും കുത്തിമറിയലാണ്.' അവിടന്ന് പറഞ്ഞു: 'മസ്ജിദിൽ നമസ്കരിക്കുകയും അവിടെത്തന്നെ മറ്റാരെയെങ്കിലും കുറിച്ച് പരാതിപ്പെടുകയും ആവലാതിപ്പെടുകയും ചെയ്യുന്ന നമസ്കാരത്തിനും നോമ്പിനും എന്തു ഫലമുണ്ടാകാനാണ്. തങ്ങളുടെ നമസ്കാരവും നോമ്പും അല്ലാഹു സ്വീകരിച്ചോ എന്ന് എങ്ങനെയാണ് അറിയാൻകഴിയുക എന്ന് ആളുകൾ ചോദിക്കുന്നു. അതിന്റെ അടയാളം നമസ്കാരങ്ങൾക്കും ആരാധനകൾക്കുംശേഷം വലുതും ചെറുതുമായ തിന്മകൾ നമ്മളിൽനിന്ന് അകന്നുകൊണ്ടിരിക്കുന്നുണ്ടോ എന്നും അതിനോടു വെറുപ്പുണ്ടാകുന്നുണ്ടോ എന്നും നോക്കുക; നമ്മുടെ ഉള്ളിൽ നന്മകൾ ചെയ്യുന്നതിന് കൂടുതൽ ശ്രദ്ധ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടോ എന്നും സത്യസന്ധതയിലേക്ക് നമ്മുടെ ചുവട് മുന്നേറുന്നുണ്ടോ എന്നും നോക്കുക. ഇല്ലെങ്കിൽ അതിന്റെ അർഥം അത് വെറും കുത്തിമറിയലാണെന്നാണ്.' അവടന്ന് പറഞ്ഞു: 'മസ്ജിദിൽ നമസ്കരിച്ച്, അവിടെത്തന്നെ മറ്റുള്ളവരെക്കുറിച്ച് ദൂഷണം പറയാനും പരാതിപ്പെടാനും ദുർധാരണ വെച്ചുപുലർത്താനും വിശ്വസിച്ച് ഏല്പിച്ച മുതലിൽ വഞ്ചന കാണിക്കാനും തുടങ്ങി. മജ്‌ലിസും അമാനത്താണ്. ഭാരവാഹികൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിങ്ങളുടെ ജമാഅത്തിലെ മജ്‌ലിസിന്റെ കാര്യങ്ങൾ നിങ്ങളുടെ വീടുകളിലും അന്യരോടും പറയാതിരിക്കേണ്ട ആവശ്യമുണ്ട്. അതിന് നിയന്ത്രണമുണ്ടാകേണ്ടതാണ്. നിങ്ങളെ വിശ്വസിച്ചേല്പിച്ച കാര്യങ്ങൾ പുറത്താകുന്നതോടെ ധാരാളം പ്രശ്നങ്ങളും ഫിത്നകളും അതുമുഖേന ഉണ്ടാകുന്നു. ആരുടെയെങ്കിലും സ്ഥാനം കണ്ട് അസൂയപ്പെടുന്നു. ആളുകൾ ചിലരുടെ അഭിമാനത്തിനുമേൽ ആക്രമണം നടത്തുന്നു.

അവിടന്ന് പറയുന്നു: 'അത്തരം ന്യൂനതകളിലും തിന്മകളിലും അകപ്പെട്ടാൽ, നമസ്കാരം അയാൾക്ക് എന്തു ഫലമാണ് നല്കിയത്. ധാരാളം യുവാക്കളുണ്ട്. ഞാൻ വ്യക്തിപരമായി അറിഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. ചില ഭാരവാഹികൾ തങ്ങളുടെ മേലെയുള്ള ആളുകളുടെ അത്തരം കാര്യങ്ങൾ കണ്ടിട്ട് ജമാഅത്തിൽനിന്ന് മെല്ലെമെല്ലെ അകന്നുപോകുന്നു. മസ്ജിദിൽനിന്ന് അകന്നുപോയി. ആരാധനകളിൽനിന്ന് അകന്നുപോയി. പിന്നീട് അല്ലാഹുവിൽനിന്നും അകന്നുപോയി. പിന്നെ അത്തരം നമസ്കാരങ്ങൾ നമസ്കരിക്കുന്നവർക്ക് ഒരു പ്രയോജനവും ചെയ്യുകയില്ല. എന്നല്ല, ചിലയാളുകൾക്ക് അത് നഷ്ടവും വരുത്തിവയ്ക്കുന്നു. അതിനാൽ അടുത്ത തലമുറയെ കാത്തുസൂക്ഷിക്കണമെങ്കിൽ ഏറ്റവുമാദ്യം വലിയവർക്കും ഭാരവാഹികൾക്കും തങ്ങളുടെ ഉള്ളിൽ തഖ്‌വ ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. അവിടന്ന് പറഞ്ഞു: 'മുഅ്മിനാകാൻ ആഗ്രഹിക്കുന്ന മനുഷ്യന് ആദ്യത്തെ പ്രയാസമുള്ള അവസ്ഥ ചീത്ത പ്രവൃത്തികളിൽനിന്ന് രക്ഷപ്പെടുക എന്നതാണ്; ഇതാണ് തഖ്‌വാ!

വേറൊരിടത്ത് അവിടന്ന് പറയുന്നു: 'വലിയ വലിയ തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതിന്റെ പേരല്ല തഖ്‌വാ എന്ന കാര്യം ഓർക്കുക. മറിച്ച് അതിസൂക്ഷ്മമായ തിന്മകളിൽനിന്ന് രക്ഷപ്പെട്ടിരിക്കണം. ഉദാഹരണത്തിന് പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുന്ന മജ്‌ലിസുകളിലിരിക്കുക; തെറ്റായ രീതിയിലുള്ള അല്ലെങ്കിൽ അല്ലാഹുവിനേയും അവന്റെ റസൂലിനേയും നിന്ദിക്കുന്ന മജ്‌ലിസുകളിൽ ഇരിക്കുക. അല്ലെങ്കിൽ പറയുന്നതിനോട് യോജിപ്പില്ലെങ്കിൽത്തന്നെയും തന്റെ സഹോദരന്റെ അഭിമാനത്തിനുമേൽ ആക്രമണം നടന്നുകൊണ്ടിരിക്കുന്ന മജ്‌ലിസുകളിൽ കുത്തിയിരിക്കുക. അല്ലാഹുവിന്റെ പക്കൽ അത്തരം മജ്‌ലിസുകളിലിരുന്ന ആളുകൾ പറയുന്ന കാര്യങ്ങൾ കേൾക്കുന്നതും തിന്മയാണ്; അതിൽ പങ്കെടുത്തില്ലെങ്കിൽത്തന്നെയും! സംസാരത്തിൽ അത്തരം കാര്യങ്ങൾ കേൾക്കാൻ പോയതെന്തിന്? ഇത് ഹൃദയങ്ങളിൽ രോഗമുള്ളവരുടെ ജോലിയാണ്. അവന്റെ മനസ്സിൽ തിന്മയുടെ പൂർണബോധം ഉണ്ടെങ്കിൽ അവൻ അങ്ങനെ ചെയ്യുന്നതെന്തിനാണ്? അത്തരം മജ്‌ലിസിൽ പോയി അത്തരം കാര്യങ്ങൾ കേൾക്കുന്നതെന്തിനാണ്?' വീണ്ടും അവിടന്ന് പറയുന്നു: 'ഓർക്കുക! അത്തരം കാര്യങ്ങൾ കേൾക്കുന്നവനും ചെയ്യുന്നവനിൽത്തന്നെയാണ് പെടുന്നത്. അത്തരം കാര്യങ്ങൾ പറയുന്നവൻ ശരിയായ ശിക്ഷയ്ക്ക് കീഴെയാണുള്ളത്. വ്യക്തമായ നിലയിൽ ശിക്ഷയ്ക്കു താഴെവന്നു. കാരണം അവനും പാപം ചെയ്തു. എന്നാൽ, ആരാണോ നിശബ്ദരായി കേട്ടിരുന്നത് അവരും ആ പാപത്തിന്റെ ദുഷ്ഫലത്തിന്നിരയായിരിക്കും. അവരും പാപികളായിക്കൊണ്ടിരിക്കും. അവർക്കും അതിന്റെ ഫലം അനുഭവിക്കേണ്ടിവരും. അവിടന്ന് പറയുന്നു: 'ഈ ഭാഗം അതീവ ശ്രദ്ധയോടെ ഓർമവെക്കുകയും വിശുദ്ധഖുർആൻ ആവർത്തിച്ചാവർത്തിച്ച് പാരായണം ചെയ്ത് ചിന്തിക്കുകയും ചെയ്യുക. കാരണം അല്ലാഹുവിന്റെ കല്പനയാണ്. അതുകൊണ്ട് ഒരുപാട് ശ്രദ്ധിക്കേണ്ട കാര്യമാണിത്.'

അതിനാൽ തെറ്റായ കാര്യങ്ങൾ കേട്ട് മൗനം പാലിക്കുന്നവരും അവിടെ ഇരുന്ന് രസിക്കുന്നതിനുവേണ്ടി കാര്യങ്ങൾ കേൾക്കുന്നവരും അല്ലാഹുവിന്റെ സന്നിധിയിൽ മറുപടി പറയേണ്ടിവരും. പിന്നീട് ഇക്കാര്യം കൂടുതൽ വിശദീകരിക്കുകയുണ്ടായി. ഒരു തിന്മയും ചെയ്തില്ല എന്നതുകൊണ്ട് മാത്രം ഒരു സത്യവിശ്വാസി സന്തോഷിക്കുകയില്ല. മുമ്പേയും

ഇതിനെക്കുറിച്ച് പറഞ്ഞുകഴിഞ്ഞതാണ്. മറ്റുള്ള മതങ്ങളിലേയും ജനതകളിലേയും മാന്യന്മാരും എന്നല്ല ഭൂരിഭാഗവും തിന്മകൾ ചെയ്യാത്തവരാണ്. അവിടന്ന് പറയുന്നു: ‘ഹിന്ദുക്കളിലും ക്രിസ്ത്യാനികളിലും മറ്റു ജനതകളിലും ചിലയാളുകളെ കാണാം. അവർ ചില പാപങ്ങൾ ചെയ്യുകയില്ല. ഉദാഹരണത്തിന് കളവ് പറയില്ല. മറ്റുള്ളവരുടെ ധനം അന്യായമായി തിന്നില്ല. കടം വാങ്ങിയാൽ തിരിച്ചുകൊടുക്കാതിരിക്കില്ല. സാമൂഹിക കാര്യങ്ങളിലും സജീവമായിരിക്കും. എന്നാൽ, അല്ലാഹു പറയുന്നു: തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതുകൊണ്ട് അല്ലാഹു തൃപ്തനാകണമെന്ന കാര്യം മാത്രമല്ല അതിന്റെ സ്ഥാനത്ത് നന്മകളും ചെയ്യേണ്ടതാണ്. അതില്ലാതെ മോക്ഷമില്ല. താൻ തിന്മകൾ ചെയ്യുന്നില്ലെന്ന് പറഞ്ഞ് അഹങ്കരിക്കുന്നവൻ അജ്ഞനാണ്. ഇസ്‌ലാം മനുഷ്യനെ ആ പരിധിവരെ എത്തിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നില്ല. മറിച്ച്, ആ രണ്ടു ഭാഗവും പൂർത്തിയാക്കാനാഗ്രഹിക്കുന്നു. അതായത് തിന്മകൾ മുഴുവനും ഉപേക്ഷിക്കുക; നന്മകൾ തികഞ്ഞ ആത്മാർഥതയോടെ ചെയ്യുക. ഈ രണ്ടുകാര്യം ഉണ്ടാകാത്തിടത്തോളം മോക്ഷം ലഭിക്കുകയില്ല. അവിടന്ന് പറയുന്നു: ‘ഞാൻ വീണ്ടും ജമാഅത്തിനോടു താക്കീത് ചെയ്തു പറയുകയാണ്. നിങ്ങൾ തഖ്‌വയിലും പരിശുദ്ധിയിലും അഭിവൃദ്ധിപ്പെടുക; എന്നാൽ അല്ലാഹു നിങ്ങളോടൊപ്പമുണ്ടാകും.’

*ഇന്നല്ലാഹ മഅല്ലദീനത്തഖൗ വ്വല്ലദീനഹും മ്മുഹ്സിനൂർ*(16:129) തീർച്ചയായും അല്ലാഹു തഖ്‌വയുടെ മാർഗം സ്വീകരിക്കുകയും നന്മ ചെയ്യുകയും ഔദാര്യം കാണിക്കുകയും ചെയ്യുന്നവരുടെ കൂടെയാകുന്നു. അവിടന്ന് പറഞ്ഞു: ‘നല്ലവണ്ണം ഓർമിച്ചുകൊള്ളുക. തഖ്‌വാ സ്വായത്തമാക്കുകയും അല്ലാഹു ആഗ്രഹിക്കുന്ന നന്മയിൽനിന്ന് കൂടുതൽ ഭാഗം എടുക്കുകയും ചെയ്യുന്നില്ലെങ്കിൽ ഏറ്റവുമാദ്യം നിങ്ങളെയായിരിക്കും അല്ലാഹു നശിപ്പിക്കുക. കാരണം നിങ്ങൾ ഒരു സത്യത്തെ വിശ്വസിക്കുകയും പിന്നീട് കർമപരമായ നിലയിൽ അതിനെ നിഷേധിക്കുകയും ചെയ്തു. അതായത് കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചു, തങ്ങൾ ബാക്കി മുസ്‌ലിംകളെക്കാൾ ശ്രേഷ്ഠരാണെന്നും നന്മയിലൂടെ നടക്കുന്നവരാണെന്നും വാദിക്കുകയും ചെയ്തു. പക്ഷേ, കർമപരമായ നിലയിൽ തഖ്‌വ ഇല്ലെങ്കിൽ, അതിനെ നിഷേധിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ബയ്അത്ത് ചെയ്തുവെന്നതിൽ ഒരിക്കലും ആശ്രയിക്കുകയും അഹങ്കരിക്കുകയും ചെയ്യരുത്; പൂർണമായും തഖ്‌വ സ്വായത്തമാക്കാത്തിടത്തോളം ഒരിക്കലും രക്ഷപ്പെടുകയില്ല. അല്ലാഹുവിന് ആരോടും ബന്ധുത്വപരമായ ബന്ധമൊന്നുമില്ല. അവന് ആരെയെങ്കിലും പരിഗണിക്കുന്നതും സമ്മതമല്ല. നമ്മുടെ എതിരാളികളും അല്ലാഹുവിന്റെതന്നെ സൃഷ്ടികളാണ്. നമ്മളും അല്ലാഹുവിന്റെ സൃഷ്ടികളാണ്. നിങ്ങളുടെ വാക്കും പ്രവൃത്തിയും ഒന്നാകാത്തിടത്തോളം വിശ്വാസപരമായ കാര്യം മാത്രം ഒരിക്കലും പ്രയോജനപ്പെടുകയില്ല. അല്ലാഹു ഏകനാണെന്നും നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീൻ ആണെന്നും വിശുദ്ധ ഖുർആൻ അവസാനത്തെ ന്യായപ്രമാണഗ്രന്ഥമാണെന്നും തന്നെയാണ് മറ്റു മുസ്‌ലീംകളുടേയും വിശ്വാസം. ഈ വിശ്വാസം തന്നെയാണ് നമ്മളുടേതും; അവരുടേതും. എന്നാൽ, വാക്കും പ്രവൃത്തിയും തമ്മിൽ വൈരുദ്ധ്യമുണ്ടെങ്കിൽ, കേവലവിശ്വാസം പ്രയോജനം ചെയ്യുകയില്ല. യഥാർഥകാര്യം കർമമാണ്. അതിനു നമ്മൾ ശ്രമിക്കേണ്ടതാണ്. അതുകൊണ്ട് ഇസ്‌ലാം സ്വീകരിക്കുക എന്നതും അഹ്മദിയാകുക എന്നതും മതിയായതല്ല. നിങ്ങൾ നിങ്ങളെ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് വാർത്തെടുക്കേണ്ടത് നിർബന്ധമാണ്. യഥാർഥ മുഅ്മിനാകണം. അതാണ് അല്ലാഹു നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നത്.’

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ‘അല്ലാഹു ആഗ്രഹിക്കുന്നത് അവൻ നിങ്ങളോടൊപ്പം ഉണ്ടാകുന്നതിന് കർമപരമായ സത്യസന്ധത കാണിക്കുക എന്നതാണ്. അതായത് കർമപരമായ നിലയിൽ സത്യസന്ധത പ്രകടിപ്പിക്കുക; ദയ, സൽസ്വഭാവം, നന്മ, സൽക്കർമങ്ങൾ, സഹതാപം, വിനയം, വണക്കം എന്നിവയിൽ കുറവ് കാണിക്കുകയാണെങ്കിൽ, എനിക്കറിയാം, പലപ്രാവശ്യവും ഞാൻ പറഞ്ഞിട്ടുള്ളതുമാണ് ഏറ്റവും ആദ്യം നാശമടയുന്നത് അത്തരം ജമാഅത്തായിരിക്കും.’ അവിടന്ന് പറഞ്ഞു: മൂസാ(അ)യുടെ കാലത്ത് അദ്ദേഹത്തിന്റെ സമുദായം അല്ലാഹുവിന്റെ കല്പനകളെ വിലവെച്ചില്ല. അപ്പോൾ മൂസാ അവരിലുണ്ടായിട്ടും ഇടിമിന്നൽകൊണ്ട് അവർ നശിപ്പിക്കപ്പെട്ടു.’ വീണ്ടും അവിടന്ന് പറയുന്നു: ‘നിങ്ങൾ എനിക്ക് ബയ്അത്ത് ചെയ്തതുകൊണ്ടുമാത്രം രക്ഷപ്പെടുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ?’ തുടർന്ന് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കാൻ ഉപദേശിച്ചുകൊണ്ട്, സ്വഹാബത്തിന്റെ ഉദാഹരണം നല്കിക്കൊണ്ടു പറയുന്നു: ‘ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുകയും തഖ്‌വയുണ്ടാക്കുകയും ചെയ്യുക എന്ന അവസ്ഥ മനുഷ്യന്റെ ഉള്ളിൽ ഉണ്ടാകുക എന്നത് എളുപ്പമുള്ള കാര്യമല്ല.’ അവിടന്ന് പറയുന്നു: ‘സ്വഹാബത്ത് കാണിച്ച മാതൃക എന്തായിരുന്നു. അല്ലാഹുവിന്റെ വഴിയിൽ ജീവൻ നല്കാൻ തയ്യാറായി. അല്ലാഹുവിന്റെ വഴിയിൽ ജീവൻ നല്കാൻ തയ്യാറാകുക എന്ന അവസ്ഥ മനുഷ്യന്റെ ഉള്ളിലുണ്ടാകുക എന്നത് എളുപ്പമുള്ള കാര്യമല്ല. എന്നാൽ, സ്വഹാബത്തിന്റെ അവസ്ഥ വിളിച്ചോതുന്നത് അവർ ഈ നിർബന്ധ കടമ നിറവേറ്റിയെന്നാണ്. ഈ വഴിയിൽ ജീവൻ നല്കാൻ തയ്യാറാകുക എന്ന് അവരോടു കല്പിക്കപ്പെട്ടപ്പോൾ അവർ ദുൻയാവിലേക്ക് കുനിഞ്ഞില്ല. അതിനാൽ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുക എന്നത് നിർബന്ധമായ കാര്യമാണ്.’

ഈയിടെയായി ഞാൻ സ്വഹാബത്തിന്റെ ജീവിതത്തെക്കുറിച്ചുള്ള ഖുത്ബകളാണ് കൊടുത്തുവരുന്നത്. അത്ഭുതകരവും വിസ്മയകരവുമായ സംഭവങ്ങളാണ് മുമ്പിൽ വരുന്നത്. എത്തരത്തിലുള്ള ത്യാഗങ്ങൾ ചെയ്തവരായിരുന്നു അവർ. എങ്ങനെ നന്മകൾ ഉണ്ടാക്കുന്നവരായിരുന്നു അവർ. തങ്ങളുടെ ഉള്ളിൽ എങ്ങനെ തഖ്‌വയിൽ അഭിവൃദ്ധിപ്പെടുന്നവരായിരുന്നു. അവരുടെ ആരാധനകളുടെ നിലവാരമെന്തായിരുന്നു. അത് വിവരിക്കുന്നത് അവരുടെ മാതൃക നമ്മുടെ മുമ്പിൽ വരാനാണ്. അവരെകുറിച്ച് നബി(സ) തിരുമേനി പറഞ്ഞു: എന്റെ ഈ സ്വഹാബത്ത് നക്ഷത്രങ്ങളെ പോലെയാണ്. ആരുടെ പിന്നാലെ നിങ്ങൾ നടന്നാലും അവർ നിങ്ങളെ ശരിയായ വഴിയിലേക്ക് കൊണ്ടുപോകുന്നതായിരിക്കും. ഇവർ നമുക്ക് ജീവിതത്തിന്റെ സൽമാതൃകകളാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഓർമിക്കുക! ദുൻയാവ് സമ്പാദിക്കണമെന്ന ലക്ഷ്യം വെച്ച് ഈ ജമാഅത്തിൽ ചേർന്നിട്ടുള്ളവർ അല്ലാഹുവിന്റെ പക്കൽ ഈ ജമാഅത്തിൽപ്പെട്ടവരല്ല. ദുൻയാവിൽനിന്ന് അവകാശം വിട്ടൊഴിഞ്ഞവരാണ് ഈ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളവരും ചേർന്നിട്ടുള്ളവരും.’ ഇതിന്റെ വിശദീകരണം തുടർന്ന് നല്കി: ‘ഞാൻ ഈ വിചാരത്താൽ നാശമടയുമെന്ന് ആരും വിചാരിക്കരുത്. ഇത് ദൈവത്തെ തിരിച്ചറിയുന്ന വഴിയിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്ന വിചാരമാണ്; ദുൻയാവിലേക്ക് ഞാൻ പോയാൽ ഞാൻ നാശമടയുന്നതായിരിക്കും.’ പറഞ്ഞു: ‘അല്ലാഹുവിന്റേതായിത്തീരുന്ന വ്യക്തിയെ, അവനൊരിക്കലും നഷ്ടപ്പെടുത്തിക്കളയുകയില്ല. മറിച്ച്, അവൻ സ്വയം സംരക്ഷിക്കുന്നവനായിത്തീരുന്നു. അല്ലാഹു ഉദാരനാണ്. അവന്റെ വഴിയിൽ കുറച്ച് നഷ്ടപ്പെടുത്തുന്നവൻ അതു പ്രാപിക്കുകതന്നെ ചെയ്യും. ഞാൻ സത്യമായും പറയുന്നു. അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുകയും അവരുടെ മക്കൾ അനുഗൃഹീതരാകുകയും ചെയ്യുന്നു. അല്ലാഹുവിനെ സത്യസന്ധമായി അനുസരിക്കുന്നവനോ അവന്റെ മക്കളോ നാശമടഞ്ഞ ചരിത്രം ഒരിക്കലും ഉണ്ടായിട്ടില്ല; നാശമടയുകയുമില്ല. അല്ലാഹുവിനെ കൈവെടിയുകയും ദുൻയാവിന്റെമേൽ കുനിയുകയും ചെയ്യുന്നവരുടെ ദുൻയാവാണ് നാശമടയുന്നത്. എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ കൈയിൽത്തന്നെയാണുള്ളതെന്ന കാര്യം സത്യമല്ലേ? അവനെക്കൂടാതെ ഒരു കേസും വിജയിക്കുകയില്ല. ഒരു വിജയവും ഉണ്ടാകുകയുമില്ല. ഒരുതരത്തിലുള്ള സന്തോഷമോ സൗഖ്യമോ ലഭിക്കുകയുമില്ല.’ പറയുന്നു: ‘പണമുണ്ടാകാം. ആരുടെയെങ്കിലും കൈയിൽ സമ്പത്തും പണവുമൊക്കെ വരാം. എന്നാൽ, മരിച്ചതിനുശേഷം ഭാര്യയ്ക്കും മക്കൾക്കും തീർച്ചയായും അത് പ്രയോജനപ്പെടുമെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? അവർ മരിച്ചതിനുശേഷം കൊള്ളയടിക്കപ്പെടുന്ന സംഭവങ്ങൾ നമ്മുടെ മുമ്പിൽ വരാറുണ്ട്.’ പറഞ്ഞു: ‘ഇക്കാര്യങ്ങളിൽ ചിന്തിക്കുക. നിങ്ങളുടെ ഉള്ളിൽ ഒരു പുതിയ മാറ്റമുണ്ടാക്കുക.’ വീണ്ടും അവിടന്ന് പറയുന്നു: ‘ജമാഅത്തിനെ ഇന്നുവരെ ആളുകൾ പ്രശംസിക്കുന്നുണ്ട്. അഹ്മദികളുടെ ആ ദൈവം പോരായ്മകൾ മറച്ചുവെച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, എപ്പോഴെങ്കിലും പരീക്ഷണമോ പരീക്ഷയോ വന്നാൽ അവൻ മനുഷ്യനെ പൊട്ടനാക്കി കാണിക്കുന്നു. അപ്പോൾ മനസ്സിലുണ്ടായിരുന്ന ആ രോഗം അതിന്റെ പൂർണമായ ശക്തി സംഭരിച്ച് മനുഷ്യനെ നശിപ്പിക്കുന്നു.’ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇന്നത്തെ അപേക്ഷിച്ച് തഖ്‌വയുടേയും നന്മയുടേയും നിലവാരം മികച്ചുനിന്നിരുന്ന തന്റെ കാലഘട്ടത്തെ കുറിച്ചാണ് പറയുന്നത്. പക്ഷേ, ആ നേരത്തും അവരുടെ മനസ്സിൽ ഒരു വേദന തളംകെട്ടി നിന്നിരുന്നു. ഇന്ന് നമുക്ക് നമ്മുടെ സ്ഥിതി കണ്ട് നമ്മുടെ അവസ്ഥ എന്താണെന്നും നമ്മുടെ വാദമെന്താണെന്നും നമ്മുടെ നന്മയുടെ നിലവാരമെന്താണെന്നും ആത്മപരിശോധന നടത്താൻ കഴിയും. പിന്നീട് സത്യവാനായ മുഅ്മിൻ ആരാണെന്ന് വ്യക്തമാക്കിക്കൊണ്ട് അവിടന്ന് പറയുന്നു:

‘തീർച്ചയായും ഓർക്കുക! അല്ലാഹുവിന്റെ പക്കൽ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവനാണ് മുഅ്മിനും ബയ്അത്തിൽ പ്രവേശിച്ചവനും. ബയ്അത്തിന്റെ നേരത്ത് പറയുന്നതുപോലെ ദുൻയാവിന്റെ ഉദ്ദേശ്യങ്ങളാണ് മുന്തിക്കുന്നതെങ്കിൽ അവൻ ആ പ്രതിജ്ഞ ലംഘിക്കുകയാണ്; അല്ലാഹുവിന്റെ പക്കൽ കുറ്റവാളിയാകും.’ അവിടന്ന് പറഞ്ഞു: ‘തീർച്ചയായും ഓർത്തുകൊള്ളുക! മനുഷ്യന്റെ കർമപരമായ അവസ്ഥ ശരിയാകാത്തിടത്തോളം പറച്ചിൽ ഒരു വസ്തുവുമല്ല. അതു വെറും വാചകമടിയാണ്. മനസ്സിൽ പ്രവേശിക്കുന്നതാണ് സത്യമായ വിശ്വാസം. അവന്റെ കർമങ്ങൾക്ക് സ്വന്തം സ്വാധീനശക്തികൊണ്ട് വർണം പകരണം. സത്യമായ വിശ്വാസമായിരുന്നു അബൂബക്കറിന്റേയും മറ്റു സ്വഹാബ രിള്‌വാനുല്ലാഹിഅലയ്ഹിമിന്റേതും! അവർ അല്ലാഹുവിന്റെ വഴിയിൽ ധനം എന്തായാലും നല്കി എന്നല്ല അവരുടെ ജീവനും നല്കി. അതിനെ അവർ വിലവെച്ചില്ല.’ അവിടന്ന് പറഞ്ഞു: ‘ഞാനെപ്പോഴും സ്മരിക്കുകയും നബി(സ)തിരുമേനിയുടെ മഹത്വപൂർണമായ ചിത്രം മനസ്സിലുണ്ടാക്കുകയും ചെയ്യുന്നു.’

എത്രമാത്രം അനുഗൃഹീതമായ ജനതയായിരുന്നു അവർ. അവിടത്തെ പരിശുദ്ധ ശക്തിപ്രഭാവത്തിന് എത്രമാത്രം കരുത്തായിരുന്നു; ആ ജനതയെ ആ സ്ഥാനംവരെ എത്തിച്ചു. ചിന്തിച്ചുനോക്കുക. നബി(സ) തിരുമേനി അവരെ എവിടെന്ന് എവിടെയാണ് കൊണ്ടെത്തിച്ചത്! നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളെല്ലാം അവർക്ക് മുലപ്പാലുപോലെയായിരുന്ന ഒരുസ്ഥിതിയും നേരവും അവർക്കുണ്ടായിരുന്നു. അതായത് മാതാവിന്റെ പാലുപോലെ എല്ലാ തിന്മകളും ചെയ്യുന്നവരായിരുന്നു. മദ്യപാനം, വ്യഭിചാരം, ആജ്ഞാലംഘനം, കുറ്റകൃത്യമെല്ലാം. അവരിലില്ലാതിരുന്ന ഏതു പാപമാണുണ്ടായിരുന്നത്. പക്ഷേ, നബി(സ) തിരുമേനിയുടെ കൃപാദാനവും സഹവാസവും ശിക്ഷണവും അവരുടെ അവസ്ഥയിൽ വമ്പിച്ച മാറ്റമുണ്ടാക്കി. നബി(സ) തിരുമേനി തന്നെയും അതിന് സാക്ഷ്യം നല്കി. അവിടന്ന് പറഞ്ഞു: *‘അല്ലാഹ്, അല്ലാഹ് ഫീ അസ്ഹാബീ!’* മനുഷ്യൻ എന്ന അവസ്ഥയുടെ വസ്ത്രം ഊരി അവർ അല്ലാഹുവിനെ പ്രദർശിപ്പിക്കുന്നവരായിത്തീർന്നു. അവരുടെ അവസ്ഥ മലക്കുകളെപോലെയായി. *യഫ്അലൂന മാ യുഅ്മറൂൻ* അതായത് പറയപ്പെടുന്നത് ചെയ്യുന്നവർ. അതിനെ വെളിപ്പെടുത്തുന്നവർ. ശരിയ്ക്കും അതേ അവസ്ഥ സ്വഹാബത്തിന്റേതായിത്തീർന്നു. അവരുടെ ഉദ്ദേശ്യങ്ങളും മാനസിക വികാരങ്ങളും തികച്ചും അകന്നുപോയി.’ വീണ്ടും അവിടന്ന് പറയുന്നു: ‘ബയ്അത്ത് ചെയ്തതിനുശേഷം ഒരു അഹ്മദിക്ക് ഏതു ശാഖയുമായിട്ടാണോ ബന്ധമുണ്ടാകേണ്ടത് എത്രമാത്രം ശക്തമായ ബന്ധമാണോ അവർക്ക് ജമാഅത്തുമായി ഉണ്ടാകേണ്ടത്, തന്റെ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, തന്നോടൊപ്പവും പിന്നീട് അവിടന്ന് പറഞ്ഞു, എനിക്കുശേഷം ഖിലാഫത്തിന്റെ പരമ്പര ആരംഭിക്കുമ്പോൾ അതിനോടൊപ്പവും ചേ

ർന്നിരിക്കണം. അത് എന്നെന്നും നിങ്ങളോടൊപ്പമുണ്ടാകും.' അവിടന്ന് പറയുന്നു: 'ഏതൊരു മരത്തിന്റെ ശാഖയാണോ അതുമായി ബന്ധപ്പെട്ടിരിക്കാത്തത് അത് അവസാനം ഉണങ്ങിവീഴുന്നു. ജീവനുള്ള ഈമാൻ ഉൾക്കൊള്ളുന്നവൻ, ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവൻ തന്നെയാണ് അനുഗൃഹീതൻ. പക്ഷേ, ആരാണോ ദുൻയാവിനെ ദീനിനേക്കാൾ മുന്തിക്കുന്നത് അവൻ ഒരു ശവം പോലെയാണ്. അവനൊരിക്കലും സത്യമായ സ്നേഹത്തിന്റെ മുഖം കാണുകയില്ല. ഈ ബയ്അത്ത് പ്രയോജനപ്പെടുന്നത് ദീനിനെ മുന്തിക്കുകയും അതിൽ അഭിവൃദ്ധിപ്പെടാൻ ശ്രമിക്കുകയും ചെയ്യുമ്പോഴാണ്. ബയ്അത്ത് ഒരു വിത്താണ്. അതാണ് ഇന്ന് വിതയ്ക്കപ്പെട്ടത്. ഏതെങ്കിലും കർഷകർ വിത്ത് മണ്ണിലിട്ടതിനുശേഷം എല്ലാം ശരിയായി ഇനി വിളവ് തനിയെ വന്നുകൊള്ളും എന്നു പറഞ്ഞ് നിർബന്ധമായ മറ്റു കാര്യങ്ങൾ ഒന്നും ചെയ്യാതെ കാത്തിരുന്നാൽ, ആ കർഷകന് എന്തെങ്കിലും പ്രതിഫലം പ്രതീക്ഷിക്കാൻ പറ്റുമോ? മണ്ണ് ഉഴുത് വൃത്തിയാക്കാതെ, നനയ്ക്കാതെ, അവസരത്തിനൊത്ത് ഉചിതമായ വളം നല്കാതെ, സംരക്ഷണം നല്കാതെയിരുന്നാൽ ഫലമുണ്ടാകുമോ? ഈ പ്രദേശവും കൃഷിയുടേതാണ്. ധാരാളം പുതിയ ആളുകളും ഇവിടെ വന്നിട്ടുണ്ട്. ഇപ്പോൾ അഭയാർഥി സ്റ്റാറ്റസിലും അസൈലമെടുത്തും ഗ്രാമങ്ങളിൽനിന്നും വന്നിട്ടുണ്ട്. അവർക്കും അറിയാം വിത്തിട്ടതിനുശേഷം ശരിയായ നിലയിൽ സംരക്ഷിച്ചില്ലെങ്കിൽ വിളവ് കിട്ടുകയില്ലെന്ന്. അതുകൊണ്ട് ഇവിടെ പുതിയതായി വരുന്നവരോട് ഇതുസംബന്ധമായി ഞാനും പറയട്ടെ, അല്ലാഹു ഇവിടെ നിങ്ങളുടെ അവസ്ഥ മെച്ചപ്പെടുത്തുകയും മതപരമായ സ്വാതന്ത്ര്യം നല്കുകയും ചെയ്തു. നിങ്ങൾക്ക് ആരാധനയോടുള്ള കടമകൾ നിറവേറ്റാനും സ്വതന്ത്രമായ രീതിയിൽ നിങ്ങളുടെ മതം പ്രകടിപ്പിക്കാനും കഴിയും. അതുകൊണ്ട് ഇവിടെ വന്നിട്ടുള്ളവർ പ്രത്യേകിച്ചും പാക്കിസ്താനിൽനിന്ന് വന്നിട്ടുള്ളവർ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കാൻ പൂർണമായും ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ നിങ്ങളുടെ സർവകഴിവും ഉപയോഗിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'തന്റെ തോട്ടത്തെ ശരിയായ നിലയിൽ നോക്കാത്തവന്റെ കൃഷിയിടം തീർച്ചയായും നശിക്കുന്നതായിരിക്കും. മോശമാകുന്നതായിരിക്കും. പൂർണകർഷകനാകുന്നവന്റെ വയലാണ് യഥാർഥ വയലാകുന്നത്. ഒരുതരത്തിലുള്ള വിത്തിടലാണ് നിങ്ങൾ ഇന്ന് ചെയ്തിരിക്കുന്നത്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ മുമ്പിലുണ്ടായിരുന്നവർക്ക് മനസ്സിലാക്കിക്കൊടുക്കുകയാണ്. ഇന്ന് നമ്മളാണ് അതിന്റെ സംബോധിതർ. നമ്മളും വിത്ത് വിതച്ചിരിക്കുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ചിരിക്കുന്നു. ആരുടെ വിധിയിലെന്താണുള്ളതെന്ന് അല്ലാഹു അറിയുന്നു. പക്ഷേ, ഈ വിത്തിനെ കാത്തുസൂക്ഷിക്കുന്നവനും തന്റേതായ നിലയിൽ അഭിവൃദ്ധിക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുന്നവനുമാണ് ഭാഗ്യവാൻ. ഉദാഹരണത്തിന് നമസ്കാരങ്ങളിൽ ഒരുതരത്തിലുള്ള മാറ്റം ഉണ്ടായിരിക്കേണ്ടതാണ്. നമസ്കാരത്തിലേക്ക് ശ്രദ്ധ ഉണ്ടാകേണ്ടതാണ്. നമ്മൾ മസ്ജിദ് നിർമിച്ചാൽ മാത്രം പോരാ; അതിനോടുള്ള കടമയും നിർവഹിക്കേണ്ടതാണ്.

ഒരു വലിയ ഉപദേശം ജമാഅത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) നല്കി. അത് ഞാൻ സമർപിക്കുകയാണ്. അവിടന്ന് പറയുന്നു: 'ഈയിടെയായി കാലം വളരെ മോശമായിക്കൊണ്ടിരിക്കുകയാണ്. പലതരത്തിലുള്ള ശിർക്കും ബിദ്അത്തും തിന്മകളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ബയ്അത്തിന്റെ നേരത്ത് ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. ഇത് അല്ലാഹുവിന്റെ മുമ്പിൽ ചെയ്യുന്ന പ്രതിജ്ഞയാണ്. അതിൽ മരണംവരെ നല്ലവണ്ണം നിലകൊള്ളേണ്ടതാണ്. ഇല്ലെങ്കിൽ ബയ്അത്ത് ചെയ്തിട്ടില്ലെന്ന് മനസ്സിലാക്കുക. ഉറച്ചുനില്ക്കുകയാണെങ്കിൽ, അല്ലാഹു ദീനിലും ദുൻയാവിലും ബർക്കത്ത് നല്കും. അല്ലാഹുവിന്റെ ഇഷ്ടമനുസരിച്ച് പൂർണമായും തഖ്‌വ കൈക്കൊള്ളുക. കാലം വളരെ വിഷമസന്ധിയിലാണ്. ദൈവകോപം വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ ഇഷ്ടത്തിനനുസരിച്ച്, തന്നെ ആക്കിത്തീർക്കുന്നവൻ തന്റെ ജീവനിലും തന്റെ കുടുംബാദികളുടെമേലും കരുണ ചെയ്യുന്നു. പറഞ്ഞു: 'മനുഷ്യൻ ഭക്ഷണം കഴിക്കുന്നു. അവന്റെ വയറിനനുസരിച്ച് പൂർണമായ അളവിൽ കഴിക്കാത്തിടത്തോളം വിശപ്പ് ശമിക്കുകയില്ല. ദൈവകോപത്തെ സംബന്ധിച്ചും നിങ്ങൾ നോക്കുക.' അവിടന്ന് പറയുന്നു: 'ദൈവകോപം ഇറങ്ങിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ നമ്മൾ കാണുന്നുണ്ട്; കൃത്യമായി അതിന്റെ കണക്കുകളുണ്ട്. ലോകത്ത് എത്ര ഭൂകമ്പങ്ങളും വെള്ളപ്പൊക്കവും വിപത്തുകളുമാണ് കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിൽ വന്നത്; അങ്ങനെയൊരിക്കലും മുമ്പേ വന്നിട്ടില്ല. ഇവിടെയും കൊടുങ്കാറ്റ് വന്നുകൊണ്ടിരിക്കുന്നു. പേമാരിയും ഉണ്ടാകുന്നു. നിരവധിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 500 വർഷത്തിലും, നൂറു വർഷത്തിലും, ശതകത്തിലുമൊന്നും ഇങ്ങനെ ഉണ്ടായിട്ടില്ലെന്ന് എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നു. ഇത് മനസ്സിലാക്കേണ്ട ആവശ്യമില്ലേ? ഭൗതികരായവർ ഇത് മനസ്സിലാക്കുകയില്ല. എന്നാൽ, നമ്മൾ മനസ്സിലാക്കേണ്ടതാണ്; ഇത് അല്ലാഹുവിന്റെ വെറുപ്പിന്റെ പ്രകടനമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യത്തെക്കുറിച്ച് തുറന്നനിലയിൽ മുന്നറിയിപ്പ് നല്കിയിരിക്കുന്നു! അതുകൊണ്ട് ഇത് നിസാരമായ വിപത്തല്ലെന്ന മനസിലാക്കി നമ്മൾ നമ്മുടെ പരിഷ്കരണത്തിലേക്കും ശ്രദ്ധിക്കേണ്ടതാണ്. ഇതിനെ കുറിച്ചുള്ള പ്രവചനം നൂറുവർഷം മുമ്പേ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ലോകത്തിനും പറഞ്ഞുകൊടുക്കണം. ഈ വിപത്തിൽനിന്ന് രക്ഷപ്പെടാനുള്ള ഒരേയൊരു മാർഗം, മനുഷ്യൻ ദൈവത്തിലേക്ക് വരികയെന്നതാണ്. ഇനിയും മനസ്സിലാകുന്നില്ലെങ്കിൽ പിന്നെ രക്ഷപ്പെടുക പ്രയാസമാണ്. മനുഷ്യൻ സ്വയം തനിക്ക് പ്രയാസങ്ങൾ ഉണ്ടാക്കിവെച്ചിരിക്കുകയാണ്. യുദ്ധങ്ങളുണ്ട്. യുദ്ധങ്ങൾ അടിച്ചേല്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പരസ്പരം അക്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. അക്രമം അതിന്റെ പാരമ്യതയിലെത്തുമ്പോഴാണ് അതിന്റെ അവസാന ഫലമുണ്ടാകുന്നത്. അത് പാരമ്യതയിലെത്തിക്കൊണ്ടിരിക്കുന്നത് നമ്മൾ കാണുന്നു. പക്ഷേ, അല്ലാഹു ഒരുപാട് ഇളവ് തരുന്നവനാണ്. എന്നാൽ, അക്രമം പാരമ്യതയിലെത്തിയാൽ ആ അക്രമം ചെയ്യുന്ന ജനതകളുടേയും നാശമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു പദ്യശകലത്തിൽ പറഞ്ഞ ആളുകൾ മാത്രമായിരിക്കും രക്ഷപ്പെടുക:

*ആഗ്ഹെ പർ ആഗ് സെ വൊ സബ് ബച്ച് ജായേംഗെ*
*ജോ കെ രഖ്ത്തെ ഹൈ ഖുദായെ ദുൻഅജാഇബ് സെ പ്യാർ*

തീയുടെമേൽ തീതന്നെ വന്നാലും പ്രതാപവാനായ അല്ലാഹുവിനെ സ്നേഹിക്കുന്നവരെല്ലാം രക്ഷിക്കപ്പെടുന്നതാണ്.

അതിനാൽ ഈ ഭാഗത്ത് ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്; സ്വയം രക്ഷിക്കുന്നതിനും ലോകത്തെ രക്ഷിക്കുന്നതിനും നമ്മൾ ശ്രമിക്കേണ്ട ആവശ്യമുണ്ട്. ഇതിനുവേണ്ടി നമ്മളുടെ ശക്തിയും കഴിവുമെല്ലാം പൂർണമായും ഉപയോഗിക്കേണ്ടതായി വരും. അല്ലാഹുവിനെ നമുക്ക് എങ്ങനെയാണ് കരസ്ഥമാക്കാൻ കഴിയുക. അവിടന്ന് പറയുന്നു: 'മനുഷ്യൻ ഭക്ഷണം കഴിക്കുന്നു. വിശപ്പടയുന്നതുവരെ പൂർണ അളവിൽ കഴിക്കുന്നില്ലെങ്കിൽ അവന്റെ വിശപ്പ് അകലുകയില്ല. റൊട്ടിയുടെ കഷണം തിന്നാൽ അവന്റെ വിശപ്പ് മാറുമോ? ഒരിക്കലുമില്ല. ഒരു തുള്ളി വെള്ളം തൊണ്ടയിൽ ഇറ്റിച്ചാൽ അവനൊരിക്കലും ദാഹം അടങ്ങുകയില്ല. ആ തുള്ളി വെള്ളമുണ്ടെങ്കിലും അവൻ മരിക്കും.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ജീവൻ സംരക്ഷിക്കുന്നതിന് ആവശ്യമായ ഭക്ഷണം കഴിക്കാത്തിടത്തോളം വെള്ളം കഴിക്കാത്തിടത്തോളം രക്ഷപ്പെടുകയില്ല. ഒരു പ്രത്യേക അളവുണ്ട്. ആ അളവുവരെ ഭക്ഷണം കഴിക്കാത്തിടത്തോളം, ആ അളവുവരെ വെള്ളം കുടിക്കാത്തിടത്തോളം അവൻ രക്ഷപ്പെടുകയില്ല. മനുഷ്യന്റെ ആത്മീയാവസ്ഥയും ഇതുപോലെയാണ്. അവന്റെ ആത്മീയത അതിനു ആവശ്യമുള്ളത്ര ആകുന്നില്ലെങ്കിൽ രക്ഷപ്പെടുകയില്ല. വിശപ്പടങ്ങുന്നതിനത്ര ഭക്ഷണവും വെള്ളവും കഴിക്കുന്നതുപോലെ ആത്മീയതയും ആ പരിധിയിൽ എത്തുന്നില്ലെങ്കിൽ രക്ഷപ്പെടുകയില്ല. മതനിഷ്ഠയും തഖ്‌വയും അല്ലാഹുവിന്റെ കല്പനകളെ അനുസരിക്കുന്നതും ഭക്ഷണവും വെള്ളവുംകൊണ്ട് വിശപ്പ് അകറ്റുന്ന പരിധിവരെ എത്തിക്കുന്നത്ര ആയിരിക്കേണ്ടതാണ്. നല്ലവണ്ണം ഓർക്കുക! അല്ലാഹുവിന്റെ ചില കാര്യങ്ങളെ നിഷേധിക്കുന്നത് അവന്റെ എല്ലാ കാര്യങ്ങളേയും നിഷേധിക്കുന്നതുപോലെയാണ്. ഒരു ഭാഗം ശയ്ത്വാനും ഒരു ഭാഗം അല്ലാഹുവിനുമാണെങ്കിൽ അല്ലാഹു ഭാഗംവെക്കൽ ഇഷ്ടപ്പെടുന്നില്ല. അവന്റെ ഈ ജമാഅത്ത് നിലകൊള്ളുന്നത് മനുഷ്യൻ അല്ലാഹുവിലേക്ക് വരുന്നതിനാണ്; അല്ലാഹുവിലേക്ക് വരിക എന്നത് ഏറെ ദുഷ്കരമാണെങ്കിലും; ഒരുതരത്തിലുള്ള മരണമാണെങ്കിലും. ജീവിതവും അവസാനം അതിലാണുള്ളത്. തന്റെ ഉള്ളിൽനിന്ന് ശയ്ത്വാനിന്റെ ഭാഗമെടുത്ത് വലിച്ചെറിയുന്നവൻ അനുഗൃഹീതനായ മനുഷ്യനാണ്. അവന്റെ വീട്ടിലും ജീവനിലും നഗരത്തിലുമെല്ലാം അവന്റെ ബർക്കത്ത് എത്തുന്നു. പക്ഷേ, അവന്റെ ഭാഗത്ത് അല്പം ഉണ്ടായാൽ മതി, ബർക്കത്ത് ഉണ്ടാകുകയില്ല; ബയ്അത്തിന്റെ പ്രതിജ്ഞ കർമപരമായ നിലയിൽ ഉണ്ടാകാത്തിടത്തോളം ബയ്അത്ത് ഒരു വസ്തുവുമല്ല. ഏതുപോലെയെന്നാൽ ഒരു മനുഷ്യന്റെ മുമ്പിൽ നിങ്ങൾ ഒരുപാട് കാര്യം പറയുകയും എന്നാൽ, കർമപരമായ നിലയിൽ ഒന്നുമില്ലാതിരിക്കുകയുമാണെങ്കിൽ അവൻ സന്തോഷിക്കുകയില്ല. ഇപ്രകാരംതന്നെയാണ് അല്ലാഹുവിന്റെ കാര്യവും. അവൻ എല്ലാ അഭിമാനിയേക്കാളും അഭിമാനിയാണ്. ഒരുഭാഗത്തു നിങ്ങൾ അവനെ അനുസരിക്കുകയും മറുഭാഗത്ത് അവന്റെ ശത്രുക്കളെ അനുസരിക്കുകയും ചെയ്യുന്നത് നടക്കുമോ? അതിന്റെ നാമം നിഫാഖ് അഥവാ കപടതയെന്നാണ്. മനുഷ്യൻ ഈ ഘട്ടത്തിൽ സയ്ദിനേയും ബക്റിനേയും വകവെക്കരുത്. മരിക്കുന്നതുവരെ അതിൽ നിലകൊള്ളുക; അതായത് ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുക എന്ന നിലയിൽ. പറഞ്ഞു: രണ്ടുതരത്തിലുള്ള തിന്മയുണ്ട്. ഒന്ന് അല്ലാഹുവിനോട് പങ്കുചേർക്കൽ. അവന്റെ മഹത്വം അറിയാതിരിക്കൽ. അവനെ ആരാധിക്കുന്നതിലും അനുസരിക്കുന്നതിലും വീഴ്ച വരുത്തുക. രണ്ടാമത്തേത് അവന്റെ ദാസരോട് അനുകമ്പ കാണിക്കാതിരിക്കുക. അവരോടുള്ള കടമ നിറവേറ്റാതിരിക്കുക. ഇപ്പോൾ രണ്ടുതരത്തിലുള്ള ദോഷങ്ങളും ചെയ്യാതിരിക്കേണ്ടതാണ്. അല്ലാഹുവിനെ അനുസരിക്കുന്നതിൽ നിലകൊള്ളുക. ബയ്അത്തിൽ നിങ്ങൾ ഏതൊരു പ്രതിജ്ഞയാണോ ചെയ്തിട്ടുള്ളത്, അതിൽ നിലകൊള്ളുക. അല്ലാഹുവിന്റെ ദാസരെ ബുദ്ധിമുട്ടിക്കരുത്. വിശുദ്ധഖുർആൻ പാരായണം ചെയ്യുക. അതനുസരിച്ച് പ്രവർത്തിക്കുക. എല്ലാതരത്തിലുള്ള പരിഹാസത്തിൽനിന്നും വ്യർഥമായ കാര്യങ്ങളിൽനിന്നും ബഹുദൈവപരമായ സദസുകളിൽനിന്നും രക്ഷപ്പെടുക. അഞ്ചുനേരങ്ങളിൽ നമസ്കാരം നിലനിറുത്തുക. നിങ്ങൾ ചുരുക്കത്തിൽ ദൈവകല്പന ഒന്നും ഉപേക്ഷിക്കുന്നവരാകരുത്. ശരീരവും വൃത്തിയാക്കിവെക്കുക. മനസിനെ എല്ലാതരം പകയിൽനിന്നും ശത്രുതയിൽനിന്നും അസൂയയിൽനിന്നും പരിശുദ്ധമാക്കുക. ഇക്കാര്യമാണ് അല്ലാഹു നിങ്ങളിൽനിന്നാഗ്രഹിക്കുന്നത്.

നമ്മൾ ബയ്അത്തിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് നമ്മുടെ ഉള്ളിൽ പരിശുദ്ധമാറ്റമുണ്ടാക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ലോകത്ത് താമസിച്ചുകൊണ്ട് ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കുമെന്നുള്ള പ്രതിജ്ഞ പാലിക്കുന്നവരാകട്ടെ. അവിടത്തെ ഉപദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നവരാകട്ടെ. ബയ്അത്തിലെ 10-ാമത്തെ നിബന്ധന 'സന്മാർഗകാര്യങ്ങളിൽ' ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അനുസരിക്കുന്ന പ്രതിജ്ഞയുടെ ഉള്ളടക്കം മനസ്സിലാക്കി ആ അനുസരണത്തിന്റെ ആ നിലവാരത്തിൽ എത്തുന്നവരാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള അനുഗ്രഹങ്ങളുടെ അനന്തരാവകാശികളാകുമാറാകട്ടെ.



## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

**❋ വഖ്ഫെആർസി ആദ്യം താങ്കളുടെ ആമിലായിൽനിന്നു തുടങ്ങുക. പിന്നീട് മറ്റുള്ളവരെ വഖ്ഫെആർസി ചെയ്യാൻ പ്രേരിപ്പിക്കുക. ❋ പതിവായി നമസ്കരിക്കുന്നുണ്ടോ എന്നും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നുണ്ടോ എന്നും എം.ടി.എയുമായി ബന്ധമുണ്ടോ എന്നുമുള്ള കാര്യം ശ്രദ്ധിക്കുക. എല്ലാവരേയും എം.ടി.എയുമായി ബന്ധിപ്പിക്കുക. സ്നേഹത്തോടെ അവരെ അടുത്തുകൊണ്ടുവരിക. ❋ മസ്ജിദിലും ജമാഅത്തിന്റെ സെന്ററുകളിലും വന്നുംപോയുമിരിക്കുന്നതിനും ജമാഅത്തിലെ ആളുകൾ ആക്ടീവായിരിക്കുന്നതിനുമുള്ള പരിപാടികളുണ്ടാക്കുക. ❋ സ്കൈപ്പ് മുഖേന വിശുദ്ധഖുർആൻ പഠിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക. ❋ അൻസാറിന് വിശുദ്ധഖുർആൻ പാരായണം ചെയ്യാൻ അറിയുമോ എന്ന് പരിശോധിക്കുക. എന്നിട്ട് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുക. ആമില ഏതു പരിപാടി തയ്യാറാക്കുകയാണെങ്കിലും എപ്പോഴും ആദ്യ സംബോധിതരായി തങ്ങളെ മനസ്സിലാക്കേണ്ടതാണ്. എന്റെ ഓരോ ഖുത്ബയുടേയും ആദ്യസംബോധിതർ തങ്ങളാണെന്ന് മനസ്സിലാക്കുക. അതിനുശേഷം മറ്റുള്ളവരെക്കൊണ്ട് പ്രവർത്തിപ്പിക്കുക. ❋ നിങ്ങളുടെ സ്വന്തം പരാതികളെ നിങ്ങളുടെ മതത്തിനുമേൽ വലയം ചെയ്യാൻ വിടരുത്. നിങ്ങളുടെ പരാതി നിങ്ങളിൽ മാത്രം ഒതുക്കിനിറുത്തുക. ചുറ്റും പരത്താതിരിക്കുക. സ്വന്തം വീടുകളിൽ ചർച്ച ചെയ്യാതിരിക്കുക. ❋ നിളാമിന്നെതിരിൽ ഒരു കാര്യം ചെയ്യാതിരിക്കുക. ദുആ ചെയ്യുകയും നിങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ അല്ലാഹുവിനോടു സഹായം തേടുകയും ചെയ്യുക. ❋ എം.ടി.എയിൽ എന്റെ ഖുത്ബകളുമായി നിങ്ങളുടെ കുട്ടികളെ ബന്ധപ്പെടുത്തുക. നിങ്ങളുടെ വീടുകളിൽ നിങ്ങളുടെ കുട്ടികളെ എം.ടി.എയുമായി ബന്ധപ്പെടുത്തേണ്ടത് വളരെ നിർബന്ധമാണ്.**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

(തുടർച്ച...)

ജേർണലിസ്റ്റ് ചോദിച്ചു: 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നത് അഹ്മദീ മുസ്ലിംകളുടെ മുദ്രാവാക്യമാണ്. ഇതിൽ 'വിശ്വാസം' എന്ന പദം എന്തുകൊണ്ട് കൂടുതലായി ചേർക്കുന്നില്ല. കാരണം വെറുപ്പും സ്നേഹവും വിരുദ്ധ പദങ്ങളാണ്. വിശ്വാസമെന്നു പറയുന്നത് അതിന്നിടയിൽ യോജിപ്പുണ്ടാക്കാവുന്നതാണല്ലോ?

ഹുദൂർ പറഞ്ഞു: വിശുദ്ധഖുർആനിൽനിന്ന് എടുക്കപ്പെട്ടിട്ടുള്ള ഒരു മുദ്രാവാക്യമാണിത്. അതിന്റെ അടിത്തറ വിശുദ്ധഖുർആനാണ്. പരസ്പരം സ്നേഹിക്കുക. പരസ്പരം ആദരിക്കുക. എല്ലാവരോടും നീതി പുലർത്തുക. നിങ്ങളുടെ ശത്രുക്കളോടും നീതിയോടും ന്യായത്തോടുകൂടി പെരുമാറുക. നിങ്ങൾ ഇഷ്ടപ്പെടുന്നത് നിങ്ങളുടെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടുക.

ഹുദൂർ പറഞ്ഞു: എല്ലായിടത്തും എല്ലാ അവസരത്തിലും സ്നേഹം ഒരുപോലെയായിരിക്കുകയില്ല. നിങ്ങൾ നിങ്ങളുടെ മക്കളോടു വേറൊരു രീതിയിലായിരിക്കും സ്നേഹത്തോടെ പെരുമാറുക. സുഹൃത്തിനോടു വേറൊരു രീതിയിലായിരിക്കും പെരുമാറുക. ഇപ്രകാരംതന്നെ നിങ്ങളുടെ സഹോദരനേയും സഹോദരിമാരേയും മറ്റൊരുതരത്തിലായിരിക്കും സ്നേഹിക്കുക.

ഒരിക്കൽ ഹദ്റത്ത് അലിയോടു അദ്ദേഹത്തിന്റെ ഒരു മകൻ ചോദിച്ചു: അങ്ങ് എന്നെ സ്നേഹിക്കുന്നുണ്ടോ? അതുകേട്ട് ഹദ്റത്ത് അലി ഉത്തരം നല്കി: ഞാൻ നിന്നെ സ്നേഹിക്കുന്നു. പിന്നീട് കുട്ടി ചോദിച്ചു: അങ്ങ് അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടോ? ഹദ്റത്ത് അലി മറുപടി നല്കി. ഞാൻ അല്ലാഹുവിനെ സ്നേഹിക്കുന്നു. അപ്പോൾ കുട്ടി ചോദിച്ചു: ഈ രണ്ടു സ്നേഹവും ഒരിടത്ത് എങ്ങനെയാണ് സമ്മേളിക്കുക. അപ്പോൾ ഹദ്റത്ത് അലി(റ) പറഞ്ഞു: 'അല്ലാഹുവിനോടുള്ള സ്നേഹം മുമ്പിലുണ്ടാകുമ്പോൾ നിന്നോടുള്ള സ്നേഹം ഞാൻ വിട്ടുകളയും. അല്ലാഹുവിനെ മാത്രം സ്നേഹിക്കും.' ഇതിനർഥം സ്നേഹത്തിന് വിവിധ പദവികൾ ഉണ്ടെന്നാണ്.

ഹുദൂർ പറഞ്ഞു: ശത്രുക്കളോടുള്ള സ്നേഹം അവരോടു സഹതാപം കാണിക്കുക എന്നതാണെന്ന് ഞാൻ വിശ്വസിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ നിങ്ങൾക്കുവേണ്ടി ഇഷ്ടപ്പെടുന്നത് മറ്റുള്ളവർക്കു വേണ്ടിയും ഇഷ്ടപ്പെടുക. നിങ്ങളോടു സഹതാപമുണ്ടാകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ മറ്റുള്ളവർക്കുവേണ്ടിയും സഹതാപവികാരങ്ങൾ നിങ്ങളുടെ മനസ്സിൽ വെച്ചു പുലർത്തുക.

അതിനാൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ മുദ്രാവാക്യം 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതിന്റെ അടിത്തറ വിശുദ്ധഖുർആനിലെ അധ്യാപനങ്ങളിലാണ്.

ഒരു ചോദ്യത്തിനുള്ള മറുപടിയിൽ ഹുദൂർ പറഞ്ഞു: ഞാൻ ഒരു ദീർഘകാലമായി പറഞ്ഞു വരുന്ന ഒരു കാര്യമുണ്ട്. നമ്മൾ നീതിയോടും ന്യായത്തോടുംകൂടി പ്രവർത്തിക്കുന്നില്ലെങ്കിൽ, വൻശക്തികൾ ദരിദ്രരാഷ്ട്രങ്ങളുടെ അവകാശങ്ങൾ നല്കുന്നില്ലെങ്കിൽ ദരിദ്രരാഷ്ട്രങ്ങളിലെ സമ്പത്ത് കൊള്ളയടിക്കുന്നത് നിറുത്തിയില്ലെങ്കിൽ, യുദ്ധം നിങ്ങളുടെ വീട്ടുപടിക്കലാണെന്ന് നിങ്ങൾ ദൃഢമായും വിശ്വസിക്കേണ്ടതാണ്.

ഹുദൂർ പറഞ്ഞു: 'പാത്‌വേ ടു പീസ്' എന്ന ഗ്രന്ഥം വായിക്കുക. അതിൽ പ്രസംഗങ്ങൾക്ക് പുറമെ, കത്തുകളുമുണ്ട്; അത് വൻരാഷ്ട്രങ്ങളിലെ നേതാക്കന്മാർക്ക് എഴുതീട്ടുള്ളതാണ്. ഹുദൂർ പറഞ്ഞു: ഞാൻ Los Angeles ൽ (അമേരിക്ക) രാഷ്ട്രീയ നേതാക്കന്മാരേയും വിദ്യാസമ്പന്നരായ ആളുകളേയും സംബോധന ചെയ്ത് സംസാരിച്ചിരുന്നു. നീതിയോടും ന്യായത്തോടുംകൂടി പ്രവർത്തിക്കാനും സൂക്ഷ്മത പാലിക്കാനും പറഞ്ഞിരുന്നു; ഇല്ലെങ്കിൽ നമുക്ക് മൂന്നാം ലോകമഹായുദ്ധം തടയാൻ കഴിയുകയില്ല. അപ്പോൾ ഒരു രാഷ്ട്രീയനേതാവ്, അന്ന് ഞങ്ങളുടെ അംഗങ്ങളോടു, വലിയ ദോഷൈകദൃക്കാണെന്ന് (PESSIMISTIC) ആണെന്ന് എന്നെക്കുറിച്ച് പറഞ്ഞു. എന്നാൽ, ഇപ്പോൾ അദ്ദേഹം 'ഖലീഫ ഇവിടെ എന്താണോ പറഞ്ഞത്, അത് സത്യമാണ്. ഇപ്പോൾ ഞങ്ങൾ ആ അവസ്ഥകളുടെ ലക്ഷണങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു' എന്ന് ഞങ്ങളുടെ ആളുകൾക്ക് സന്ദേശം നല്കിയിരിക്കുന്നു.

ഹുദൂർ പറഞ്ഞു: തങ്ങളുടെ സ്രഷ്ടാവിന്റെ മുമ്പിൽ കുനിയാത്ത ജനത, തങ്ങളുടെ സ്രഷ്ടാവിനോടുള്ള കടമ നിറവേറ്റാത്ത ജനത, ജനങ്ങളോടും നീതിയും ന്യായവും കാണിക്കാത്ത ജനത, അവരോടുള്ള കടമകൾ നിറവേറ്റാത്ത ജനത എല്ലാം അല്ലാഹുവിന്റെ ശിക്ഷയിൽ അകപ്പെടും.

ഹുദൂർ പറഞ്ഞു: 1932-ൽ എക്ണോമിക് ക്രൈസസ് വന്നിരുന്നു. 2008-ൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടായിരുന്നു. കോടിക്കണക്കിനാളുകളാണ് തൊഴിൽരഹിതരായത്. ഈ സാമ്പത്തിക പ്രതിസന്ധിക്കുശേഷം ഭീകരപ്രവർത്തനം വർധിച്ചു. അതിന്റെ ഫലമെടുത്തത് ഭീകരവാദ സംഘങ്ങളാണ്. അവസ്ഥകൾ കലഹങ്ങളിലേക്ക് നീങ്ങി. ആ പ്രതിസന്ധിയുടെ ഫലമായി ലോകത്തിന്റെ സമാധാനം ഇല്ലാതായി. ഇതെല്ലാം യുദ്ധത്തിലേക്ക് കൊണ്ടുപോകുന്ന കാര്യങ്ങളാണ്.

ഹുദൂർ പറഞ്ഞു: മൂന്നാംലോക മഹായുദ്ധത്തിൽനിന്ന് രക്ഷപ്പെടണമെങ്കിൽ തങ്ങളുടെ സ്രഷ്ടാവിലേക്ക് മടങ്ങുക എന്ന പരിഹാരം മാത്രമേയുള്ളൂ; അവനോടുള്ള കടമകൾ നിറവേറ്റുക. പരസ്പരം കടമകൾ നിറവേറ്റുക. പരസ്പരം സഹതാപത്തോടും ആദരവോടുംകൂടി പെരുമാറുക. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ രക്ഷയില്ല.

ജേർണലിസ്റ്റ് ചോദിച്ചു: അങ്ങ് എന്താണ് സ്ത്രീകൾക്ക് കൈകൊടുക്കാത്തത്?

ഹുദൂർ പറഞ്ഞു: ഞാൻ ഇസ്ലാമിന്റെ സത്യസന്ധവും യഥാർഥവുമായ അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് സ്ത്രീകളോടുള്ള ബഹുമാനത്താൽ അവർക്ക് കൈകൊടുക്കാറില്ല. നബി(സ) തിരുമേനി സ്ത്രീകളോടുള്ള ആദരവിൽ കൈകൊടുക്കുന്നത് വിലക്കിയിരിക്കുന്നു.

ഹുദൂർ പറഞ്ഞു: വിവിധ രാജ്യങ്ങളിലെ ജനതകൾ, ഗോത്രങ്ങൾ അവരവരുടെ പാരമ്പര്യത്തെയാണ് പിൻപറ്റുന്നത്. ഹിന്ദുക്കൾ ഇരുകൈയും കൂപ്പി വന്ദിക്കുന്നു. ജപ്പാനികൾ കാണുമ്പോൾ തല കുനിക്കുന്നു. ആഫ്രിക്കയിൽ ചില ഗോത്രങ്ങളുടെ രാജാക്കന്മാരുണ്ട്, അവർ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുകയില്ല; ഏതെങ്കിലും രാഷ്ട്രത്തിലെ പ്രസിഡണ്ടാണെങ്കിലും വേണ്ടില്ല. അവർ അവരുടെ ഭക്ഷണം വേറിട്ട് തനിച്ചിരുന്നു തന്നെ കഴിക്കും. ഹുദൂർ പറഞ്ഞു: ഞാൻ എല്ലാവരെക്കാളുമധികം സ്ത്രീകളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

ജേർണലിസ്റ്റ് ചോദിച്ചു: ഇവിടെ നമസ്കാരങ്ങളിലും പരിപാടികളിലും സ്ത്രീകളെന്തിനാണ് വേറിട്ടിരിക്കുന്നത്?

ഹുദൂർ പറഞ്ഞു: *അൽഹയാഉ മിനൽ ഈമാൻ* ലജ്ജ വിശ്വാസത്തിന്റെ ഭാഗമാണ്. ആദ്യം ഇങ്ങനെ തന്നെയാണുണ്ടായിരുന്നത്. അന്ന് മസ്ജിദിൽ അവർക്ക് വേറിട്ട് സ്ഥലമുണ്ടായിരുന്നില്ല. അപ്പോൾ പുരുഷന്മാർ മുമ്പിൽ നമസ്കരിക്കും. സ്ത്രീകൾ അവരുടെ പിന്നിൽനിന്ന് നമസ്കരിക്കും. പിന്നീട് മസ്ജിദിന്റെ ഒരു ഹാളിൽ പുരുഷന്മാർ നമസ്കരിച്ചിരുന്നു. മറുഭാഗത്ത് സ്ത്രീകൾ നമസ്കരിക്കുമായിരുന്നു. ഇപ്പോൾ സൗകര്യമുള്ള സ്ഥലങ്ങളിൽ വെവ്വേറെ ഹാളുകളിലാണ് ഇരുവരും നമസ്കരിക്കുന്നത്.

ഇപ്പോൾ ഇവിടെ സ്ത്രീകളുടെ ഹാൾ താഴെയാണ്; മസ്ജിദിന്റെ താഴെ. ഇപ്പോൾ പുരുഷന്മാർ കൂടുതലായതുകൊണ്ട് താഴത്തെ ഹാളും പുരുഷന്മാർക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. ഇത് ഓവർഫ്ളോ കാരണത്താലാണ്. സ്ത്രീകൾക്ക് മസ്ജിദിന് എതിർവശത്ത് മറ്റൊരു ബിൽഡിംഗിൽ ഒരു വലിയ ഹാൾ നല്കിയിട്ടുണ്ട്. ഇനി പുരുഷന്മാർ അധികമാണെങ്കിൽ അവർ പന്തലുകളിൽ നമസ്കരിക്കുന്നതാണ്; സ്ത്രീകൾ ഹാളിൽ നമസ്കരിക്കുന്നതാണ്.

ജേർണലിസ്റ്റ് തന്റെ അവസാന ചോദ്യം ചോദിച്ചു: സ്ത്രീകളുടെ ഒരു സംഘം ഒരു മസ്ജിദ് നിർമിച്ചു. അതിന്റെ പേര് 'മർയം മസ്ജിദ്' എന്നു വെച്ചു. അവിടെ മൂന്ന് സ്ത്രീകൾ ഇമാമായിട്ടുണ്ട്. ഇത് നിങ്ങളുടെ ദൃഷ്ടിയിൽ സ്വീകാര്യമാണോ?

ഹുദൂർ പറഞ്ഞു: യൂടൂബിലും വാട്സാപ്പിലും സ്ത്രീകൾ ഇമാമു നില്ക്കുന്നതും പുരുഷനും സ്ത്രീയും ഇടകലർന്ന് നിന്ന് നമസ്കരിക്കുന്നതുമായ വീഡിയോകളുണ്ട്.

ഹുദൂർ പറഞ്ഞു: നിങ്ങൾ നിങ്ങളുടേതായ മതമുണ്ടാക്കുകയാണോ? നിങ്ങൾ മുസ്ലിംകളാണെങ്കിൽ നബി(സ)തിരുമേനിയുടെ ദീൻ അനുസരിച്ചായിരിക്കും നടക്കുക. എന്തൊന്നാണോ വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിയിട്ടുള്ളത് നമ്മൾ അതിനെ പിൻപറ്റുന്നതാണ്. നബി(സ) തിരുമേനി എന്തൊന്നാണോ ചെയ്തുകാണിച്ചത് അതിനെ പിൻപറ്റുന്നതായിരിക്കും. ഇവർ എന്തൊന്നാണോ ചെയ്യുന്നത് അത് ഇക്കാലഘട്ടത്തിൽ ജനങ്ങളെ സന്തോഷിപ്പിക്കാനാണ്. അമുസ്ലിംകളിൽനിന്നുള്ള ആക്ഷേപങ്ങളിൽനിന്ന് രക്ഷപ്പെടാനാണ്.

ഹുദൂർ പറഞ്ഞു: ശരീഅത്തിന്റെ എല്ലാ കാര്യങ്ങളിലും ശരീഅത്തിനെ പിൻപറ്റേണ്ടത് നിർബന്ധമാണ്. നമസ്കാരം നിർവഹിക്കുന്ന കാര്യത്തിൽ എന്തൊന്നാണോ നബി(സ) തിരുമേനി ചെയ്തുകാണിച്ചത്, എന്തൊന്നാണോ നിർദേശിച്ചത് അതു പാലിക്കേണ്ടത് നിർബന്ധമാണ്. സത്യസന്ധനും യാഥാർഥ്യനുമായ മുസ്ലിം നബി(സ) തിരുമേനിയുടെ മാതൃക മാത്രമേ പിൻപറ്റുകയുള്ളൂ. ഈ ഇന്റർവ്യൂ 11.25ന് സമാപിച്ചു.

### കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച:

അതിനുശേഷം കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച ആരംഭിച്ചു. ഇന്നു രാവിലത്തെ ഈ സെഷനിൽ 10 കുടുംബത്തിലെ 31 അംഗങ്ങളാണ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയത്. ഹുദൂർ അയ്യദഹുല്ലാഹ് വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി അനുഗ്രഹിച്ചു. ഇവരെല്ലാവരും ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു.

### ഡന്മാർക്ക് നാഷണൽ ആമില അംഗങ്ങളുമായി ഹുദൂറിന്റെ മീറ്റിംഗ്:

കൂടിക്കാഴ്ചയുടെ ഈ പരിപാടി 12.35 വരെ തുടർന്നു. അതിനുശേഷം പരിപാടിയനുസരിച്ച് ഡന്മാർക്ക് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് നാഷണൽ മജ്ലിസെ ആമില മീറ്റിംഗ് നടന്നു. ഹുദൂർ ഹാളിലെത്തി. ദുആ ചെയ്യിച്ചു. മീറ്റിംഗ് തുടങ്ങി.

ഹുദൂർ അയ്യദഹുല്ലാഹ് ജനറൽ സെക്രട്ടറി സാഹിബിനോട് മജ്ലിസുകളെ കുറിച്ച് ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഞങ്ങൾക്ക് 7 ഹൽഖയാണുള്ളത്. ഞങ്ങളുടെ തജ്നീദ് 517 ആണ്. ഇന്ന് ഇവിടെ ഒരു പെൺകുഞ്ഞ് പിറന്നിട്ടുണ്ട്. അങ്ങനെ ഞങ്ങളുടെ തജ്നീദ് 518 ആയി. എല്ലാ ഹൽഖകളിൽനിന്നും റിപ്പോർട്ട് കൃത്യമായി കിട്ടുന്നില്ല. വകുപ്പുതലത്തിൽ മാലിന്റേയും തർബിയ്യത്തിന്റേയും റിപ്പോർട്ടുകൾ കൃത്യമായി ലഭിക്കുന്നുണ്ട്.

സെക്രട്ടറി ഇശാഅത്ത് അദ്ദേഹത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: 'വേൾഡ് ക്രൈസിസ് ആന്റ് ദ പാത്വേ പീസ്' എന്ന പുസ്തകം ഡാനിഷ് ഭാഷയിൽ തർജമ ചെയ്തു. ഇപ്രകാരംതന്നെ രണ്ടുലക്ഷം നോട്ടീസുകൾ പ്രസിദ്ധീകരിച്ചു. അവയിൽ മുപ്പതിനായിരം വിതരണം ചെയ്തുകഴിഞ്ഞു. അപ്പോൾ ഹുദൂർ പറഞ്ഞു: താങ്കൾ ഖുദ്ദാമിനെ അതേല്പിക്കുക. അൻസ്വാറിന് കൊടുക്കുക. വിതരണം നടക്കുന്നതായിരിക്കും. ഖുദ്ദാം ഒരു ദിവസം പതിനായിരം വിതരണം ചെയ്യുന്നതായിരിക്കും.

സെക്രട്ടറി ഇശാഅത്ത് പറഞ്ഞു: ഞങ്ങൾ ബുക്ഫെയറിൽ പങ്കെടുത്തു. അവിടേയും 'വേൾഡ് ക്രൈസിസ്' എന്ന പുസ്തകം വിതരണം ചെയ്തു. ഇന്നലെ രാത്രി നടന്ന ഫംഗ്ഷനിൽ അതിഥികൾക്കും നല്കി.

നാഷണൽ സെക്രട്ടറി വഖ്ഫെ നൗ തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: മൊത്തം 38 വാഖ്ഫീനെ നൗ ആണുള്ളത്. അവരിൽ 11 പേർ 15 വയസ്സിനു മുകളിലുള്ളവരാണ്. 14 ആൺകുട്ടികളും പെൺകുട്ടികളും 15 വയസ്സിനു താഴെയുളളവരാണ്. ബാക്കിയുള്ളവർ 5 വയസ്സിനു താഴെയാണ്.

ഹുദൂർ പറഞ്ഞു: വഖ്ഫെനൗ സിലബസ് ഉണ്ട്. ഇപ്പോൾ 21 വയസുവരെയുള്ളവർക്ക് സിലബസ് തയ്യാറായിക്കഴിഞ്ഞു. ഈ സിലബസ് കരസ്ഥമാക്കുക.

ഹുദൂർ പറഞ്ഞു; പതിനഞ്ച് വയസിൽ കൂടുതൽ പ്രായമുള്ളവരുടെ ബോണ്ട് പൂരിപ്പിക്കുക; അവർ വഖ്ഫിന് തയ്യാറാണോ എന്ന്. ഈ കുട്ടികൾ തങ്ങളുടെ വിദ്യാഭ്യാസം പൂർത്തിയാക്കിക്കഴിഞ്ഞാൽ അവരുടെ വഖ്ഫ് ഫാറം പൂരിപ്പിക്കുക; തങ്ങൾ വിദ്യാഭ്യാസം പൂർത്തിയാക്കിയെന്നും ഇനി തന്റെ ജീവനും വഖ്ഫ് ചെയ്യാനാഗ്രഹിക്കുന്നുവെന്നും.

ഹുദൂർ പറഞ്ഞു: നിങ്ങൾ വഖ്ഫെനൗന്റെ സിലബസ് ലജ്നയ്ക്കു കൊടുക്കുക. വാഖ്ഫാത്തെ നൗ ഇന്റെ ക്ലാസ് ലജ്ന മുഖേനയായിരിക്കും നടക്കുക. സിലബസ് നിങ്ങളുടേതായിരിക്കും. പ്രോഗ്രാം നിങ്ങളുടേതായിരിക്കും. എന്നാൽ, ക്ലാസെടുക്കുന്നത് ലജ്നയായിരിക്കും. ലജ്നക്ക് പുരുഷന്മാർ ക്ലാസെടുക്കുകയില്ല. ഇനി നിങ്ങൾ ലജ്നക്ക് പ്രോഗ്രാം നൽകുക. അവർക്ക് നിങ്ങൾ ഇതുവരെ പ്രോഗ്രാമൊന്നും നല്കിയിട്ടില്ല. സിലബസും കൊടുത്തിട്ടില്ല. നിങ്ങൾ പ്രോഗ്രാം കൊടുക്കുകയാണെങ്കിൽ അവർ ക്ലാസുകൾ സംഘടിപ്പിക്കുന്നതാണ്.

നാഷണൽ സെക്രട്ടറി സംഇ-ബസ്രി തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞാൻ പുതിയ വെബ്സൈറ്റ് ലോഞ്ച് ചെയ്തിരിക്കുന്നു. അതിൽ പ്രസ് കോൺഫറൻസുകൾ ലോഡ് ചെയ്തിട്ടുണ്ട്. ജുമുഅ ദിവസം തർജമ ചെയ്യാനുള്ള സിസ്റ്റത്തിന്റെ ഏർപ്പാട് ഈ വകുപ്പ് ചെയ്തിരുന്നു. ഇപ്പോൾ എം.ടി.എ. ഇന്റർനാഷണലിന്റെ ടീമുമായി ചേർന്നാണ് ഈ ജോലി ചെയ്യുന്നത്.

നാഷണൽ സെക്രട്ടറി ളിയാഫത്തിനോടു ഹുദൂർ പറഞ്ഞു: താങ്കൾ ളിയാഫത്ത് സെക്രട്ടറിയാണ്. ഈയിടെയായി ഭക്ഷണം പാകം ചെയ്യുന്നതിനുള്ള കുക്കിനെ നിങ്ങൾ നോർവേയിൽനിന്ന് വരുത്തിച്ചിരിക്കുന്നു. നിങ്ങൾ നിങ്ങളുടെ ടീം തയ്യാറാക്കുക.

നാഷണൽ സെക്രട്ടറി വഖ്ഫെ ജദീദ് തന്റെ റിപ്പോർട്ട് സമർപിച്ചുകൊണ്ട് പറഞ്ഞു: വർഷം കഴിഞ്ഞു. ഇതിൽ ഞങ്ങളുടെ വാഗ്ദാനം 74000 ക്രോണാണ്. 86000 ക്രോൺ പിരിഞ്ഞുകിട്ടി.

ഹുദൂർ ചോദിച്ചു; പങ്കെടുത്തവരുടെ എണ്ണം എത്രയായിരുന്നു. അദ്ദേഹം പറഞ്ഞു: 389 പേരാണ് പങ്കെടുത്തത്. 2013-ൽ ഇത് 332 ആയിരുന്നു.

ഹുദൂർ പറഞ്ഞു: കുട്ടികളേയും ഇതിൽ ഉൾപ്പെടുത്തുക. ലജ്ന-നാസിറാത്തിനേയും പങ്കെടുപ്പിക്കുക. കുട്ടികൾക്ക് ചന്ദ കൊടുക്കുന്ന ശീലമുണ്ടാക്കുക എന്നതാണ് പ്രധാനം. തുകയേക്കാൾ കൂടുതൽ ചന്ദയുടെ പ്രാധാന്യമുണ്ടാകേണ്ടതാണ്. ചന്ദയുടെ പ്രാധാന്യമുണ്ടാകുന്നത് നിങ്ങൾ കുട്ടികളെ ഇതിൽ ഉൾപ്പെടുത്തുമ്പോഴാണ്. ഹുദൂർ പറഞ്ഞു: നിങ്ങളുടെ ചന്ദയുടെ നിലവാരം വർധിപ്പിക്കുക.

നാഷണൽ സെക്രട്ടറി തഹ്‌രീക്കെ ജദീദ് തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞങ്ങളുടെ തഹ്‌രീക്കെ ജദീദിന്റെ വാഗ്ദാനം ഒരു ലക്ഷത്തി ഇരുപത്തിയേഴായിരം ക്രോണയാണ്. വസൂൽ ചെയ്യപ്പെട്ടത് ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം ക്രോണയാണ്. അപ്പോൾ ഹുദൂർ പറഞ്ഞു: നിങ്ങൾ ശരിയായ നിലയിൽ ഓർമപ്പെടുത്തേണ്ടതായിരുന്നു. സെക്രട്ടറി സാഹിബ് പറഞ്ഞു: പങ്കെടുത്തവരുടെ എണ്ണം 460 ആണ്.

(തുടരും)

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുളള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം, അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com-**

### ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

### ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക."**
**(സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

(പേജ് 1ൽനിന്ന്)
ഹദീഥിനെ തൗറാത്തിന്റെമേൽ വിധികർത്താവാക്കിയത് നിമിത്തം ഒരു സത്യപ്രവാചകനെ കാഫിറെന്നും ദജ്ജാലെന്നും പറഞ്ഞു നിഷേധിച്ചിരുന്ന അവസ്ഥ നേരിടേണ്ടിവന്നിട്ടുണ്ട്. എന്നിരുന്നാലും മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം സ്വഹീഹ് ബുഖാരി വളരെ അനുഗൃഹീതവും പ്രയോജനപ്രദവുമായ ഗ്രന്ഥമാണ്. ഹദ്റത്ത് ഈസാനബി(അ) വാഫാത്തായിപ്പോയെന്ന് വളരെ വ്യക്തമായിട്ടെഴുതിയിട്ടുള്ള ഗ്രന്ഥമാണിത്. അതേപ്രകാരം സ്വഹീഹ് മുസ്‌ലിമും ഇതര ഹദീഥ് ഗ്രന്ഥങ്ങളും ധാരാളം ദിവ്യജ്ഞാനങ്ങളുടേയും കർമപദ്ധതികളുടേയും ഭണ്ഡാരമാണ്. വളരെ സൂക്ഷ്മതയോടുകൂടി അവയ്ക്കനുസരിച്ച് പ്രവർത്തിക്കൽ നിർബന്ധമാണ്. അതായത് ഖുർആനും സുന്നത്തിനും ഖുർആന്റെ അധ്യാപനങ്ങൾക്കനുയോജ്യമായ ഹദീഥുകൾക്കും വിരുദ്ധമായി ഒരു വിഷയവും ഉണ്ടാകരുത്.

അല്ലയോ ദൈവാന്വേഷികളേ! ചെവി തുറക്കുകയും കേൾക്കുകയും ചെയ്യുക. യഖീൻ അഥവാ ദൃഢവിശ്വാസം പോലെ മറ്റൊന്നുമില്ല. ദൃഢവിശ്വാസം ഒന്നു മാത്രമാണ് പാപത്തിൽനിന്ന് മുക്തി നല്കുന്നത്. സൽക്കർമങ്ങൾ ചെയ്യുന്നതിനുള്ള ശക്തി പകരുന്നതും ദൃഢവിശ്വാസം തന്നെയാണ്. ദൈവത്തിന്റെ സത്യസന്ധനായ പ്രേമിയാക്കിത്തീർക്കുന്നതും ദൃഢവിശ്വാസംതന്നെ. ദൃഢവിശ്വാസം കൂടാതെ നിങ്ങൾക്ക് പാപത്തെ ഉപേക്ഷിക്കാൻ പറ്റുമോ? സംശയരഹിതമായ വെളിച്ചമില്ലാതെ ഇന്ദ്രിയാശകളിൽനിന്ന് നിങ്ങൾക്ക് വിട്ടുനില്ക്കുവാൻ സാധിക്കുമോ? ദൃഢവിശ്വാസമില്ലാതെ നിങ്ങൾക്കു മാനസികമായ ശാന്തിയും യഥാർഥത്തിലുള്ള പരിവർത്തനവും കൈവരുത്തുവാൻ സാധിക്കുമോ? ദൃഢവിശ്വാസമില്ലാതെ ആർക്കെങ്കിലും യഥാർഥ സുഖജീവിതം നയിക്കുവാൻ സാധിക്കുമോ? നിങ്ങളിൽനിന്ന് പാപം അകറ്റുവാനുതകുന്ന എന്തെങ്കിലും പാപപരിഹാര സിദ്ധാന്തമോ മോചനദ്രവ്യമോ ആകാശത്തിൻ കീഴിലുണ്ടോ? മർയമിന്റെ പുത്രൻ ഈസായുടെ കൃത്രിമ രക്തത്തിനു നിങ്ങളെ പാപത്തിൽനിന്ന് മോചിപ്പിക്കാനുള്ള ശക്തിയുണ്ടോ? ക്രിസ്ത്യാനികളേ! ഭൂമി പൊട്ടിപ്പിളരുന്ന അത്തരം കളവുകൾ നിങ്ങൾ പറയരുത്. യേശു താൻതന്നെ സ്വന്തം പാപമുക്തിക്കു വേണ്ടി ദൃഢവിശ്വാസത്തിന് ആശ്രിതനായിരുന്നു. അദ്ദേഹം ദൃഢമായി വിശ്വസിക്കുകയും മോക്ഷം പ്രാപിക്കുകയും ചെയ്തു. മിശിഹായുടെ രക്തം കൊണ്ട് പാപത്തിൽനിന്ന് മോക്ഷം നേടി എന്നു പറഞ്ഞു ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുന്ന ക്രിസ്ത്യാനികളുടെമേൽ അഹോ കഷ്ടം! വാസ്തവത്തിൽ അവർ പാദാദികേശം പാപത്തിൽ മുങ്ങിയിരിക്കുകയാണ്. അവരുടെ ദൈവം ആരാണെന്നവർക്കറിയില്ല—എന്നല്ല, അവരുടെ ജീവിതംതന്നെ അശ്രദ്ധ നിറഞ്ഞതാണ്. മദ്യത്തിന്റെ ലഹരി അവരുടെ തലച്ചോറിലുണ്ട്. എന്നാൽ, ആകാശത്തുനിന്നിറങ്ങുന്ന ആ പരിശുദ്ധ ലഹരിയെക്കുറിച്ച് അവർ അജ്ഞരാണ്. ദൈവത്തോടൊപ്പമുള്ളതും പരിശുദ്ധജീവിതത്തിന്റെ ഫലമുളവാക്കുന്നതുമായ ജീവിതത്തിൽനിന്ന് അവർ ഏറെ അകലെയാണ്. ദൃഢവിശ്വാസമില്ലാതെ കണ്ട് ജീവിതാന്ധകാരത്തിൽനിന്ന് പുറത്തു കടക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ലെന്നും റൂഹുൽ ഖുദ്സ് – പരിശുദ്ധാത്മാവിനെ നിങ്ങൾക്ക് കിട്ടുകയില്ലെന്നും നിങ്ങൾ ഓർമിച്ചുകൊള്ളുവിൻ. ദൃഢവിശ്വാസമുള്ളവർ അനുഗൃഹീതരാണ്. കാരണം അവർക്ക് ദൈവത്തെ കാണുവാൻ സാധിക്കുന്നതാണ്. സംശയങ്ങളിൽനിന്നും സന്ദേഹങ്ങളിൽനിന്നും മോചനം പ്രാപിച്ചവർ ഭാഗ്യവാന്മാരാണ്. കാരണം അവർ തന്നെയായിരിക്കും പാപത്തിൽനിന്ന് മോക്ഷം പ്രാപിക്കുക. ദൃഢവിശ്വാസത്തിന്റെ സമ്പത്ത് നല്കപ്പെടുന്ന നിങ്ങൾ ഭാഗ്യവാന്മാരാണ്. അതിനുശേഷം നിങ്ങളുടെ പാപത്തിന് അവസാനമുണ്ടാകും. പാപവും ദൃഢവിശ്വാസവും, രണ്ടും ഒരിടത്ത് ഒന്നിക്കുകയില്ല. മാളത്തിൽ ഉഗ്രവിഷമുള്ള സർപ്പത്തെ കണ്ടുകൊണ്ടിരിക്കെ നിങ്ങൾക്കതിൽ കൈയിടുവാൻ സാധിക്കുമോ? അഗ്നിപർവ്വതത്തിന്റെ കല്ലുകൾ വർഷിക്കുകയോ ഇടിമിന്നൽ പതിക്കുകയോ രക്തദാഹിയായ ഒരു സിംഹത്തിന്റെ ആക്രമണം ഉണ്ടാവുകയോ നാശകാരിയായ പ്ലേഗ് മനുഷ്യവംശത്തെത്തന്നെ ഉന്മൂലനം ചെയ്തുകൊണ്ടിരിക്കുകയോ ചെയ്യുന്ന സ്ഥലത്ത് നിങ്ങൾക്ക് നില്ക്കുവാൻ കഴിയുമോ? പാമ്പിന്റെമേലും ഇടിമിന്നലിന്റെമേലും സിംഹത്തിന്റേയും പ്ലേഗിന്റേയും മേലുള്ള ദൃഢവിശ്വാസംപോലെ നിങ്ങൾക്ക് അല്ലാഹുവിന്റെമേൽ ദൃഢവിശ്വാസമുണ്ടെങ്കിൽ അവന്നെതിരിൽ ധിക്കാരം കാണിച്ചുകൊണ്ട് ശിക്ഷയുടെ വഴി സ്വീകരിക്കുവാനോ സത്യസന്ധവും ആത്മാർഥവുമായ ബന്ധം വിച്ഛേദിക്കുവാനോ സാധ്യമല്ല.

നന്മക്കും സത്യസന്ധതയ്ക്കും വേണ്ടി വിളിക്കപ്പെട്ടവരേ! നിങ്ങൾ തീർച്ചയായും മനസ്സിലാക്കുക, നിങ്ങളുടെ ഹൃദയം ദൃഢവിശ്വാസത്താൽ നിർഭരമാകുമ്പോഴാണ് അല്ലാഹുവിന്റെ ആകർഷണം നിങ്ങളിലുണ്ടാകുന്നതും നിങ്ങൾ പാപത്തിന്റെ വെറുക്കപ്പെട്ട കളങ്കങ്ങളിൽനിന്ന് പരിശുദ്ധരാക്കപ്പെടുന്നതും. ദൃഢവിശ്വാസം ലഭിച്ചിട്ടുണ്ടെന്ന് നിങ്ങൾ പറഞ്ഞേക്കാം. ഇത് നിങ്ങൾക്ക് തെറ്റുപറ്റിയതാണെന്ന് ഓർത്തുകൊള്ളുവിൻ. നിങ്ങൾക്കൊരിക്കലും യഖീൻ–ദൃഢവിശ്വാസം കൈ വന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ അതുമായി ബന്ധപ്പെട്ട നിർബന്ധ കാര്യങ്ങൾ നിങ്ങൾക്കു ലഭിച്ചിട്ടില്ല–കാരണം നിങ്ങൾ പാപത്തിൽനിന്ന് പിന്മാറുന്നില്ല. വെക്കേണ്ടുന്നതായ ചുവട് നിങ്ങൾ മുന്നോട്ടുവെക്കുന്നില്ല. ഭയപ്പെടേണ്ടതായ നിലയിൽ നിങ്ങൾ ഭയപ്പെടുന്നില്ല. സ്വയം ചിന്തിച്ചുനോക്കുക.

പാമ്പ് ഇന്ന മാളത്തിലുണ്ടെന്ന് ദൃഢവിശ്വാസമുള്ളവൻ എപ്പോഴെങ്കിലും അതിൽ കൈയിടുമോ? തനിക്കു കിട്ടിയ ഭക്ഷണത്തിൽ വിഷമുണ്ടെന്ന് ദൃഢവിശ്വാസമുള്ള ഒരാൾ എപ്പോഴെങ്കിലും അത് തിന്നുമോ? ഇന്ന വനത്തിൽ രക്തം കുടിക്കുന്ന ഒരായിരം സിംഹങ്ങളുണ്ടെന്ന് ദൃഢതരമായ നിലയിൽ കണ്ടുകൊണ്ടിരിക്കുന്ന ഒരാളുടെ പാദങ്ങൾ അലസതയോടും അശ്രദ്ധയോടും ആ വനത്തിൽ പതിയുമോ? അതുകൊണ്ട് നിങ്ങൾക്ക് അല്ലാഹുവിലും രക്ഷാശിക്ഷയിലും ദൃഢവിശ്വാസമുണ്ടെങ്കിൽ നിങ്ങളുടെ കൈകളും നിങ്ങളുടെ കാലുകളും നിങ്ങളുടെ ചെവികളും നിങ്ങളുടെ കണ്ണുകളും പാപം ചെയ്യുവാൻ എങ്ങനെ ധൈര്യപ്പെടും? പാപത്തിന് ദൃഢവിശ്വാസത്തിന്മേൽ വിജയം വരിക്കുവാൻ സാധ്യമല്ല. ഭസ്മമാക്കുന്നതും ദഹിപ്പിക്കുന്നതുമായ അഗ്നിനാളം കണ്ടുകൊണ്ടിരിക്കെ നിങ്ങൾക്കെങ്ങനെ അതിലേക്ക് നിങ്ങളെ വീഴ്ത്തുവാൻ കഴിയും? ദൃഢവിശ്വാസത്തിന്റെ ഭിത്തികൾ ആകാശംമുട്ടെയുണ്ട്. ശയ്ത്താന് അതിൽ കയറാൻ സാധ്യമല്ല. പരിശുദ്ധരായിത്തീർന്ന ഓരോരുത്തരും ദൃഢവിശ്വാസം കൊണ്ടാണ് പരിശുദ്ധരായിട്ടുള്ളത്. ദൃഢവിശ്വാസം വിഷമം സഹിക്കുവാനുള്ള ശക്തി നല്കുന്നു. എത്രത്തോളമെന്നാൽ രാജാവിനെ സിംഹാസനത്തിൽനിന്ന് താഴെയിറക്കുകയും ദരിദ്രന്റെ വസ്ത്രം ഉടുപ്പിക്കുകയും ചെയ്യുന്നു. ദൃഢവിശ്വാസം എല്ലാ ഓരോ ദുഃഖത്തേയും ശമിപ്പിക്കുന്നു. ദൃഢവിശ്വാസം അല്ലാഹുവിനെ കാണിച്ചുതരുന്നു. എല്ലാ ഓരോ പാപപരിഹാരസിദ്ധാന്തവും വ്യാജമാണ്. എല്ലാ ഓരോ മോചനദ്രവ്യവും നിരർഥമാണ്. എല്ലാ ഓരോ പരിശുദ്ധിയും ദൃഢവിശ്വാസത്തിന്റെ വഴിയിലൂടെ വരുന്നു. പാപത്തിൽനിന്ന് മോചനം നല്കുന്നതും ദൈവംവരെ കൊണ്ടുചെന്നെത്തിക്കുന്നതും സത്യസന്ധതയിലും സ്ഥൈര്യതയിലും മലക്കുകളേക്കാൽ ഉന്നതരാക്കുന്നതും ആ ദൃഢവിശ്വാസമാണ്. ദൃഢവിശ്വാസത്തിന്റെ സാധനസാമഗ്രികൾ സമർപ്പിക്കാത്ത മതം വ്യാജമാണ്. ദൃഢമായ മാർഗങ്ങളിലൂടെ ദൈവത്തെ കാണിക്കുവാൻ സാധിക്കാത്ത എല്ലാ ഓരോ മതവും വ്യാജമാണ്.പഴങ്കഥകളല്ലാതെ മറ്റൊന്നു സമർപ്പിക്കാനില്ലാത്ത എല്ലാ ഓരോ മതവും വ്യാജമാണ്. ദൈവം പണ്ടുണ്ടായിരുന്നതുപോലെ ഇപ്പോഴുമുണ്ട്. അവന്റെ ശക്തിപ്രഭാവങ്ങൾ പണ്ടുണ്ടായിരുന്നതുപോലെ ഇപ്പോഴുമുണ്ട്. പിന്നെന്തിനാണ് നിങ്ങൾ കഥകളിൽ മാത്രം തൃപ്തിയടയുന്നത്? ദിവ്യദൃഷ്ടാന്തങ്ങൾ വെറും കഥകൾ മാത്രമായിട്ടുള്ള മതം നാശമടഞ്ഞതാണ്. അതിന്റെ പ്രവചനങ്ങൾ കഥകൾ മാത്രമാണ്. അത് ദൃഢവിശ്വാസത്തിലൂടെ ദൈവത്തിന്റെ കരങ്ങളാൽ പരിശുദ്ധമായതല്ല. ശരീരേച്ഛകളുടെ ആനന്ദത്തിനുള്ള സാധനസാമഗ്രികൾ കണ്ട് അവയിലേക്ക് മനുഷ്യൻ ആകർഷിക്കപ്പെടുന്നതുപോലെ ദൃഢവിശ്വാസത്തിലൂടെ ആത്മീയമായ ആനന്ദം കൈവരിക്കുമ്പോൾ അവൻ ദൈവത്തിലേക്ക് ആകർഷിക്കപ്പെടുന്നു. അതിന്റെ സൗന്ദര്യം മറ്റുള്ള കാര്യങ്ങളെല്ലാം ഒന്നിനും കൊള്ളാത്തവയായി അവനു കാണപ്പെടും വിധം അവനെ ലഹരി പിടിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തെക്കുറിച്ചും അവന്റെ പ്രതാപത്തെക്കുറിച്ചും രക്ഷാശിക്ഷയെക്കുറിച്ചും ദൃഢമായ അറിവ് ലഭിക്കുമ്പോൾ മനുഷ്യൻ പാപങ്ങളിൽനിന്ന് മുക്തിനേടുന്നു. എല്ലാ ഓരോ ഭയമില്ലായ്മയുടെയും വേര് അറിവില്ലായ്മയാണ്. ദൈവത്തിന്റെ സംശയരഹിതമായ ജ്ഞാനത്തിൽനിന്ന് പങ്ക് പറ്റുന്നവൻ നിർഭയനായിരിക്കുകയില്ല. വീട്ടുടമസ്ഥൻ ശക്തമായൊരു ജലപ്രളയം തന്റെ വീട്ടിനുനേരെ തിരിഞ്ഞിട്ടുണ്ടെന്നോ അല്ലെങ്കിൽ അല്പം സ്ഥലമൊഴിച്ച് തന്റെ വീടിനു ചുറ്റും അഗ്നി ആളിപ്പടർന്നിട്ടുണ്ടെന്നോ അറിഞ്ഞാൽ, അവന് ആ വീട്ടിൽ നില്ക്കുവാൻ പറ്റുകയില്ല. ഇങ്ങനെ വരുമ്പോൾ, ദൈവത്തിന്റെ രക്ഷാശിക്ഷയിൽ ദൃഢമായി വിശ്വസിക്കുന്നുവെന്ന് വാദിച്ചുകൊണ്ട് എങ്ങനെയാണ് നിങ്ങൾക്ക് ഭയാനകമായ അവസ്ഥകളിൽ അടിയുറച്ചു നില്ക്കുവാൻ സാധിക്കുന്നത്. നിങ്ങൾ കണ്ണു തുറക്കുകയും ലോകത്ത് മുഴുവനും കണ്ടുവരുന്ന ദൈവത്തിന്റെ നിയമങ്ങളെ നോക്കിക്കാണുകയും ചെയ്യുക. മാളത്തിൽ മറയുന്ന എലിയാകാതെ ആകാശാന്തരീക്ഷം ഇഷ്ടപ്പെടുന്ന പ്രാവുകളായിത്തീരുക. നിങ്ങൾ പശ്ചാത്താപത്തിന്റെ ബയ്അത്ത്–അനുസരണപ്രതിജ്ഞ–ചെയ്തിട്ട് വീണ്ടും പാപത്തിൽ അടിയുറച്ചു നില്ക്കരുത്. ഉപ്പിളി ഊരിയതിനുശേഷം പാമ്പ്, പാമ്പായിത്തന്നെ ഇരിക്കുന്നതുപോലെ നിങ്ങളാകരുത്. നിങ്ങളുടെ അടുത്ത് വന്നുംപോയുമിരിക്കുന്ന മരണത്തെ ഓർമിക്കുക. നിങ്ങൾ അതിൽ അശ്രദ്ധരാണ്."(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19 പേജ് 63-68)

---

1. ത്വാൽമൂദിലെ ഹദീഥുകളിലും നിവേദനങ്ങളിലും പ്രകടിപ്പിക്കപ്പെട്ട ചിന്താഗതികളെ ഇഞ്ചീലിൽ അങ്ങേയറ്റം രൂക്ഷമായിട്ടെതിർത്തിരിക്കുന്നു. ഈ ഹദീഥുകൾ പരമ്പരയായി ഹദ്റത്ത് മൂസാ നബി(അ) വരെ എത്തിയിട്ടും ഇവയൊക്കെ ഹദ്റത്ത് മൂസാനബിയുടെ ദിവ്യവെളിപാടുകളാണെന്നാണ് പറയപ്പെട്ടിരുന്നത്. അവസാനം എന്തായെന്നുവച്ചാൽ, ഇവർ തൗറാത്തിനെ ഉപേക്ഷിച്ചുകൊണ്ട് സമയം മുഴുവൻ ഹദീഥുകൾ പാരായണം ചെയ്യുന്നതിൽ ചെലവഴിക്കാൻ തുടങ്ങി. ചില കാര്യങ്ങളിൽ ത്വാൽമൂദ്, തൗറാത്തിന്നെതിരാണ്. എന്നിട്ടും യഹൂദികൾ ത്വാൽമൂദ് പറയുന്നതനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്നു.(ത്വാൽമൂദ്, ഗ്രന്ഥകർത്താവ് യൂസുഫ് ബാർക്ലി, 1878 ലണ്ടൻ പ്രസിദ്ധീകരണം)

2.ഹദ്റത്ത് ഈസാനബി(അ)ക്കെതിരായ കുഫ്ർ ഫത്‌വ എഴുതപ്പെട്ടപ്പോൾ, പിന്നീട് തന്നെ പറ്റി മസീഹിന്റെ ദൂതനെന്ന് സ്വയം പ്രചരിപ്പിച്ച പൗലോസും (സെന്റ് പോൾ) മസീഹിനെ കാഫിറാക്കുന്നവരിലുണ്ടായിരുന്നു. പൗലോസ് ഹദ്റത്ത് മസീഹിന്റെ ജീവിതകാലത്ത് അദ്ദേഹത്തിന്റെ കഠിനശത്രുവായിരുന്നു. ഹദ്റത്ത് മസീഹിന്റെ പേരിൽ എഴുതപ്പെട്ട സുവിശേഷങ്ങളിൽ(ഇഞ്ചീലിൽ) ഒന്നിലുംതന്നെ തനിക്കുശേഷം പൗലോസ് പശ്ചാത്തപിച്ചു മടങ്ങി തന്റെ ദൂതനായി തീരുമെന്ന് യേശു പറഞ്ഞ ഒരു പ്രവചനവുമില്ല. ഈ മനുഷ്യന്റെ പൂർവകാല നടപടികളെ പറ്റിയും സ്വഭാവത്തെ പറ്റിയും ഒന്നും എഴുതേണ്ട ആവശ്യം നമുക്കില്ല. ക്രിസ്ത്യാനികൾ നല്ലവണ്ണം അറിയുന്നവരാണ്. പരിതാപകരമെന്നു പറയട്ടെ, ഹദ്റത്ത് മസീഹ് ആ നാട്ടിലുണ്ടായിരുന്നപ്പോൾ ഈ മനുഷ്യൻ അദ്ദേഹത്തെ വളരെയേറെ പീഡിപ്പിച്ചിരുന്നു. അദ്ദേഹം കുരിശിൽനിന്ന് രക്ഷപ്പെട്ട് കശ്മീരിലേക്ക് ചെന്നപ്പോൾ ഇയാൾ ഒരു വ്യാജസ്വപ്നം മുഖേന, തന്നത്താൻ ഹവാരീംകളിൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്. അങ്ങനെ ത്രിയേകത്വ സിദ്ധാന്തം മിനഞ്ഞെടുത്തു. തൗറാത്തിന്റെ നിയമമനുസരിച്ച് എന്നേക്കും നിഷിദ്ധമാക്കപ്പെട്ട പന്നിമാംസം അനുവദനീയമാക്കി. മദ്യപാനത്തിന് പ്രാബല്യം നല്കി. സുവിശേഷ വിശ്വാസങ്ങളിൽ ത്രിയേകത്വം ഉൾപ്പെടുത്തി. യൂനാനി ബിംബാരാധകരെ സന്തോഷിപ്പിക്കുവാനാണ് അയാൾ ഇതൊക്കെ ചെയ്തത്.

☆☆☆

**ഇസ്‌ലാമിന്റെ പ്രാരംഭകാലത്ത് ഖിലാഫത്തിന്റെ അനുഗ്രഹം തട്ടിപ്പറിച്ചെടുക്കപ്പെട്ടത് ഭൗതികത അമിതമായപ്പോഴാണ്. ഇപ്പോൾ ഇൻശാഅല്ലാഹ് ഈ കൃപാവരം അല്ലാഹു തുടർന്നുകൊണ്ടുപോകുന്നതായിരിക്കും. എന്നാൽ, ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്നുള്ള പ്രതിജ്ഞ പാലിക്കാത്തവരും ഖിലാഫത്തിന്റെ അനുഗ്രഹത്തോടൊപ്പം അല്ലാഹു വെച്ചിട്ടുള്ള നിബന്ധനകൾ അനുസരിച്ച് പ്രവർത്തിക്കാത്തവരും ഇതിൽനിന്ന് പിന്തള്ളപ്പെടും. അതുകൊണ്ട് ഈ നിഅ്മത്തിനെ ആദരിക്കുകയും നിങ്ങളുടെ കുടുംബാംഗങ്ങൾക്ക് ഖിലാഫത്തന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും പറഞ്ഞുകൊടുക്കുകയും ചെയ്യുക. നമ്മൾ അല്ലാഹുവിന്റെ ഇച്ഛയ്ക്കൊത്ത് ഖിലാഫത്തിന്റെ അനുഗ്രഹത്തെ സംരക്ഷിക്കുന്നവരാകാൻ അവൻ അനുഗ്രഹിക്കുമാറാകട്ടെ.**

**നമസ്കാരം നിർവഹിക്കുന്നതിൽ ഒരിക്കലും മടിയുണ്ടാകാത്തവിധം മുഅ്മിൻ അത് പാലിക്കേണ്ടതാണ്.**

# 2018 ഒക്ടോബർ 12, 13, 14 തിയതികളിൽ ഖാദിയാനിൽ സംഘടിപ്പിച്ച മജ്‌ലിസ് അൻസ്വാറുല്ലാഹ് വാർഷിക ഇജ്തിമാഇന്റെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് അയച്ച പ്രത്യേക സന്ദേശം

**ബിസ്മില്ലാഹിർറഹ്മാനിർറഹീം**

**ലണ്ടൻ**
**MA 13-08-2018**

ഭാരതത്തിലെ എന്റെ പ്രിയപ്പെട്ട മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അംഗങ്ങളേ!

**അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.**

അൽഹംദുലില്ലാഹ്! ഈ വർഷവും നിങ്ങളുടെ വാർഷിക ഇജ്തിമാ സംഘടിപ്പിക്കാനുള്ള തൗഫീഖ് നിങ്ങൾക്ക് കിട്ടിയിരിക്കുകയാണ്. അല്ലാഹു അതിനെ എല്ലാവിധത്തിലും അനുഗൃഹീതമാക്കുമാറാകട്ടെ. പങ്കെടുക്കുന്ന എല്ലാവർക്കും അതിൽനിന്ന് പൂർണമായും ഫലമെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ നിങ്ങൾക്ക് തൗഫീഖ് കിട്ടി എന്നത് അല്ലാഹുവിന്റെ മഹത്തായ ഔദാര്യമാണ്. ഈ ദുൻയാവിൽനിന്ന് പോകുന്നതിന്റെ ദുഃഖകരമായ വാർത്തയോടൊപ്പം ആ മഹാത്മാവ് ജമാഅത്തിന് ഇങ്ങനെ സുവാർത്തയും നല്കിയിരുന്നു: "ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളെ തകർത്തു കാണിക്കുന്നതിനുവേണ്ടി അല്ലാഹു രണ്ടുതരം ദിവ്യശക്തി പ്രതിഭാസം കാണിക്കുന്നുവെന്നത് അവന്റെ പണ്ടുപണ്ടേയുള്ള ഒരു സുന്നത്താണ്. അല്ലാഹു തന്റെ പണ്ടുപണ്ടേയുള്ള ആ സുന്നത്തിനെ ഇപ്പോൾ ഉപേക്ഷിച്ചുകളയുക സംഭാവ്യമല്ല. അതുകൊണ്ട് ഞാനിപ്പോൾ വിവരിച്ചുപറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവരുത്; നിങ്ങൾ അസ്വസ്ഥരാകുകയും അരുത്. എന്തുകൊണ്ടെന്നാൽ നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അത് വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾ വരെ മുറിഞ്ഞുപോകുന്നതല്ല." (അൽവസ്വിയ്യത്ത്, റൂഹാനീ ഖസാഇൻ, വാള്യം 20, പേജ് 305)

ഖിയാമത്തുന്നാൾവരെ പൂർണപ്രതാപത്തോടെ നിലകൊള്ളുന്ന അഹ്മദിയ്യാ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്ന നിങ്ങൾക്ക് മംഗളം നേരുന്നു. ഇത് എങ്ങനെയുള്ള അനുഗൃഹിത വ്യവസ്ഥിതിയാണെന്നാൽ, ഇതുകൂടാതെ മതപരമായ അഭിവൃദ്ധി ഉണ്ടാകുകയില്ല; ജമാഅത്തിന്റെ ഐക്യം ഇതുകൂടാതെ നിലനില്ക്കുകയില്ല. ലോകം മുഴുവൻ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം എത്തിക്കൊണ്ടിരിക്കുന്നുവെന്നത് ഈ ഖിലാഫത്തിന്റെ അനുഗ്രഹമാണ്. മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ മുഖേന കാലത്തിന്റെ ഖലീഫയുമായുള്ള ബന്ധം ശക്തമായി കൊണ്ടുപോകുന്നു. എല്ലാവശത്തൂടെയും അല്ലാഹുവിന്റെ പിന്താങ്ങിന്റേയും സഹായത്തിന്റേയും ദൃശ്യങ്ങൾ നമ്മൾ നിത്യവും കണ്ടുകൊണ്ടിരിക്കുന്നു. ഇസ്‌ലാമിന്റെ പ്രാരംഭകാലത്ത് ഖിലാഫത്തിന്റെ അനുഗ്രഹം തട്ടിപ്പറിച്ചെടുക്കപ്പെട്ടത് ഭൗതികത അമിതമായപ്പോഴാണ്. ഇപ്പോൾ ഇൻശാഅല്ലാഹ് ഈ കൃപാവരം അല്ലാഹു തുടർന്നുകൊണ്ടുപോകുന്നതായിരിക്കും. എന്നാൽ, ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്നുള്ള പ്രതിജ്ഞ പാലിക്കാത്തവരും ഖിലാഫത്തിന്റെ അനുഗ്രഹത്തോടൊപ്പം അല്ലാഹു വെച്ചിട്ടുള്ള നിബന്ധനകൾ അനുസരിച്ച് പ്രവർത്തിക്കാത്തവരും ഇതിൽനിന്ന് പിന്തള്ളപ്പെടും. അതുകൊണ്ട് ഈ നിഅ്മത്തിനെ ആദരിക്കുകയും നിങ്ങളുടെ കുടുംബാംഗങ്ങൾക്ക് ഖിലാഫത്തന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും പറഞ്ഞുകൊടുക്കുകയും ചെയ്യുക. നമ്മൾ അല്ലാഹുവിന്റെ ഇച്ഛയ്ക്കൊത്ത് ഖിലാഫത്തിന്റെ അനുഗ്രഹത്തെ സംരക്ഷിക്കുന്നവരാകാൻ അവൻ അനുഗ്രഹിക്കുമാറാകട്ടെ.

അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നവരുമായിട്ടാണ് ഖിലാഫത്തിന്റെ വാഗ്ദാനമുള്ളതെന്നതും ഓർക്കുക. അവനോടുള്ള ആദ്യത്തെ കടമ **യഅ്ബുദൂനനീ** - അവർ എന്നെ ആരാധിക്കുക - എന്നതാണ്. അതിനാൽ ഈ അനുഗ്രഹത്തെ പ്രയോജനപ്പെടുത്തുന്നതിന് നിങ്ങളുടെ അഞ്ചുനേര നമസ്കാരം കാത്തുസൂക്ഷിക്കുക. അത് കൃത്യസമയത്ത് അനുഷ്ഠിക്കേണ്ട നിർബന്ധ ആരാധനയായി വിശുദ്ധഖുർആൻ പറഞ്ഞിരിക്കുന്നു. നമസ്കരിക്കണമെന്നത് ഹദീഥുകളിലും വളരെ താക്കീത് ചെയ്യപ്പെട്ടിരിക്കുന്നു. ഒരിക്കൽ നബി(സ) തിരുമേനി ഒരു ഉദാഹരണത്തിലൂടെ നമസ്കാരത്തിന്റെ പ്രാധാന്യം വിവരിച്ചു. അവിടന്ന് ചോദിച്ചു: 'നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? ഒരാളുടെ വാതിലിന്നടുത്തൂടെ നദി ഒഴുകുകയും അയാൾ അതിൽ അഞ്ചുനേരം കുളിക്കുകയും ചെയ്താൽ അയാളുടെ ശരീരത്തിൽ എന്തെങ്കിലും അഴുക്ക് ഉണ്ടാകുമോ?' സ്വഹാബത്ത് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! തീർച്ചയായും ഒരു അഴുക്കുമുണ്ടാകുകയില്ല.' അപ്പോൾ അവിടന്ന് പറഞ്ഞു: 'ഈ ഉദാഹരണമാണ് അഞ്ചുനേര നമസ്കാരത്തിന്റേതും. അല്ലാഹു അവ മുഖേന പാപം പൊറുക്കുകയും ദൗർബല്യങ്ങൾ അകറ്റുകയും ചെയ്യുന്നു.' (സ്വഹീഹുൽ ബുഖാരി, കിതാബു മവാഖീത്തുസ്സ്വലാത്ത്)

മസ്ജിദുകൾ ജനസാന്ദ്രമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പുരുഷന്മാരെ ജമാഅത്തായി നമസ്കരിക്കാനാണ് ഇസ്‌ലാം പഠിപ്പിച്ചിട്ടുള്ളത്. ഇതുമുഖേന ജമാഅത്തായിട്ടുള്ള നമസ്കാരം ഒറ്റയ്ക്ക് നമസ്കരിക്കുന്നതിനേക്കാൾ 27 ഇരട്ടി പ്രതിഫലം കൂടുതലുള്ളതാണെന്ന് ഒരു ഹദീഥിൽ വിവരിക്കപ്പെട്ടിരിക്കുന്നു. നമസ്കാരം നിർവഹിക്കുന്നതിൽ ഒരിക്കലും മടിയുണ്ടാകാത്തവിധം മുഅ്മിൻ അത് പാലിക്കേണ്ടതാണ്. മനുഷ്യൻ സ്ഥിരസ്വഭാവത്തോടെ നമസ്കാരം അനുഷ്ഠിക്കുമ്പോൾ, അവന് അതിന്റെ ആനന്ദവും പ്രദാനം ചെയ്യപ്പെടുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുകയും തൗബയിലും ഇസ്തിഗ്ഫാറിലും മുഴുകുകയും ചെയ്യുക; മാനവരോടുള്ള കടമകൾ സംരക്ഷിക്കുക; ആരേയും ദുഃഖിപ്പിക്കരുത്. വിശ്വസ്തതയിലും പരിശുദ്ധിയിലും അഭിവൃദ്ധിപ്പെട്ടാൽ അല്ലാഹു എല്ലാ തരത്തിലുള്ള അനുഗ്രഹവും ചെയ്യുന്നതായിരിക്കും. നമസ്കാരം അനുഷ്ഠിക്കുന്നവരാകാൻ നിങ്ങളുടെ വീടുകളിൽ സ്ത്രീകളേയും ഉപദേശിക്കുക." (മൽഫൂദാത്ത്, വാള്യം 3, പേജ് 434)

**അതിനാൽ കൃത്യമായി നമസ്കാരങ്ങൾ സ്വയം അനുഷ്ഠിക്കുകയും കുടുംബത്തെ അത് ഉപദേശിക്കുകയും ചെയ്യുക.**

അൻസ്വാറുല്ലായുടെ സുപ്രധാനമായൊരു ചുമതല സന്താനങ്ങളുടെ തർബിയ്യത്തുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)മക്കളെ ദീനിന്റെ സേവകരാക്കാനും, അവരുടെ തർബിയ്യത്തിനെ കുറിച്ച് ചിന്താകുലരാകാനും അവരുടെ വിശ്വാസാദർശങ്ങൾ പരിഷ്കരിക്കാനും സ്വഭാവങ്ങൾ നന്നാക്കാനും തന്റെ പ്രിയപ്പെട്ട മുരീദുമാരെ ഉപദേശിച്ചു. സന്താനങ്ങൾ ജനിക്കുന്നതിനു മുമ്പേ ഭാര്യാഭർത്താക്കന്മാർ ഇരുവരും നന്മകളനുസരിച്ച് കർമം ചെയ്യുന്നവരാകണമെന്ന് അവിടന്ന് ആഗ്രഹിച്ചിരുന്നു.

ഒരു നിവേദനമുണ്ട്. ഒരു അഹ്മദി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് കത്തെഴുതി. അദ്ദേഹം തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുന്ന ഒരാൾക്ക് മൂന്നു ഭാര്യമാരുണ്ട്. പക്ഷേ, മക്കളില്ല. ഹുദൂറിന്റെ ദുആകൊണ്ട് അദ്ദേഹത്തിന്റെ ആദ്യഭാര്യയിൽ ആൺകുട്ടി ജനിക്കണമെന്ന നിബന്ധനയിൽ ബയ്അത്ത് ചെയ്യാൻ തയ്യാറാണെന്നു പറഞ്ഞു. അദ്ദേഹത്തിന് മറുപടി കത്ത് ലഭിച്ചു: 'ഹുദൂർ ചെയ്തു. എന്നിട്ട് പറഞ്ഞു, താങ്കൾക്ക് ആൺകുട്ടി നല്കപ്പെടുന്നതായിരിക്കും. പക്ഷേ, സക്‌രിയ്യാ ചെയ്ത തൗബ ചെയ്യുക എന്നതാണ് നിബന്ധന. അങ്ങനെ ആ സാഹിബ് നിർമതപരമായ ജീവിതം ഉപേക്ഷിച്ചു. മദ്യപാനവും കൈകൂലിവാങ്ങലും തിരസ്കരിക്കുകയും നമസ്കരിക്കാൻ തുടങ്ങുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന് ഹുദൂറിന്റെ ദുആകൊണ്ട് ആൺകുട്ടിയെ നല്കി. അതുപോലെ തന്നെ കുട്ടികളുണ്ടായിക്കൊണ്ടിരുന്നതോടൊപ്പം മറ്റു പ്രദേശങ്ങളിലുള്ള ഒരുപാട് മറ്റാളുകൾക്കും അദ്ദേഹം മുഖേന ബയ്അത്ത് ചെയ്യാൻ തൗഫഖ് നല്കി.' (ഖുലാസ്വ രിവായത്ത്, നമ്പർ 241, സീറത്തുൽ മഹ്ദി, വാള്യം 1).

അതിനാൽ മാതാപിതാക്കൾ നന്മയുടെ ഉത്തമമാതൃക കാണിക്കേണ്ടതാണ്. അല്ലാഹു നന്മയ്ക്ക് ഫലം പ്രദാനം ചെയ്യുന്നു. അവൻ സത്യസന്ധന്മാരുടേയും വിശ്വസ്തരുടേയും മക്കൾക്കും അവരുടെ നന്മയുടെ പ്രതിഫലം നല്കുന്നുവെന്നതും അവന്റെ സുന്നത്താണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "സന്താനങ്ങൾക്ക് ഉത്തമമാതൃകയും ഗുണപാഠമായിട്ടുള്ളതുമായ ജോലി ചെയ്യുക. അതിന് ആദ്യം സ്വയം പരിഷ്കരണം നടത്തേണ്ടത് അനിവാര്യമാണ്. നിങ്ങൾ ഉന്നതനിലയിലുള്ള മുത്തഖിയും സൂക്ഷ്മതയോടെ ജീവിക്കുന്നവരും അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നവരും ആകുകയാണെങ്കിൽ അല്ലാഹു നിങ്ങളുടെ മക്കളോടും നല്ലനിലയിൽ പെരുമാറുന്നതായിരിക്കുമെന്ന് വിശ്വസിക്കാം. വിശുദ്ധഖുർആനിൽ ഖിള്റിന്റേയും മൂസായുടേയും അലയ്ഹിമസ്സലാമിന്റെ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. അവർ ഇരുവരും ചേർന്ന് ഒരു ഭിത്തി നിർമിച്ചു. അത് യത്തീംമക്കളുടേതായിരുന്നു. അവിടെ അല്ലാഹു **വ കാന അബൂഹുമാ സ്വാലിഹൻ** എന്നു പറയുന്നു. അതായത് അവരുടെ പിതാവ് സ്വാലിഹായിരുന്നു. അതെങ്ങനെയായിരുന്നുവെന്ന് പറഞ്ഞിട്ടില്ല. അതിനാൽ, ഈ ഉദ്ദേശ്യം കരസ്ഥമാക്കുക. കുട്ടികൾക്കുവേണ്ടി എപ്പോഴും അവരുടെ നന്മകൾ ആഗ്രഹിക്കുക." (മൽഫൂദാത്ത്, വാള്യം 4, പേജ് 444- 445)

അല്ലാഹു നിങ്ങൾക്ക് ഈ എല്ലാ സദുപദേശങ്ങളും അനുസരിച്ച് കർമങ്ങൾ ചെയ്യാൻ തൗഫീഖ് നല്കുകയും അവന്റെ കൃപകൾകൊണ്ട് അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

വസ്സലാം

വിനീതൻ

**മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 15-22 November 2018 Issue-46-47

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# അഹ്മദിയ്യാ ഫിഖ്ഹ്-18

### നമസ്കാരത്തിന്റെ നാലാമത്തെ നിബന്ധന:

### ഖിബ്ല:

നമസ്കാരത്തിൽ ഖിബ്ലയെ അഭിമുഖീകരിക്കേണ്ടത് നിർബന്ധമാണ്. ഖിബ്ല കൊണ്ടുള്ള ഉദ്ദേശ്യം ആദരണീയമായ മക്കയിലുള്ള ആ പരിശുദ്ധമുറിയാണ്. അതിനെ കഅ്ബയെന്നും ബയ്ത്തുല്ലാ എന്നും അതായത് ദൈവഭവനം എന്നും പറയുന്നു. കല്ലുകൾകൊണ്ട് നിർമിച്ചിട്ടുള്ള ഈ കെട്ടിടം കറുത്തനിറത്തിലുള്ള പട്ടുവസ്ത്രംകൊണ്ട് പൊതിഞ്ഞിരിക്കുന്നു. അതിന്റെ നീളം 44 അടിയും വീതി 33 അടിയുമാണ്. ഉയരം 45 അടിയോടു അടുത്താണ്. അതിന്റെ വാതിൽ തറയിൽനിന്ന് 7 അടി ഉയരത്തിലാണ്. സംസം കിണറിന്റെ ഭാഗത്തേക്കാണ് ഇത് തുറക്കുന്നത്. ഇതിനു ചുറ്റും വൃത്താകൃതിയിൽ ഒരു വിശാലമായ മസ്ജിദുണ്ട്. അതിന് അൽമസ്ജിദുൽ ഹറാം എന്നു പറയുന്നു. ലോകത്തിലെ എല്ലാ മസ്ജിദുകളും ഇതേ മസ്ജിദിന് വിധേയവും അതിന്റെ ഛായയുമാണ്. ദൈവഭവനം കൊണ്ടുള്ള ഉദ്ദേശ്യം ദൈവം അവിടെ വസിക്കുന്നു എന്ന അർഥത്തിലല്ല. നഊദുബില്ലാഹ്. അവൻ സ്ഥലമില്ലാത്തവനും വീടിന്റെ ആവശ്യമില്ലാത്തവനും അത്യുന്നതനും പരിശുദ്ധനുമാണ്. പ്രത്യുത ആ പരിശുദ്ധമുറിയെ ബയ്ത്തുല്ലാഹ് എന്ന് പറയുന്നതിന്റെ ഉദ്ദേശ്യം മതത്തിന്റെ തുടക്കമുണ്ടായ കാലം മുതൽ ലോകത്തെ ആദ്യത്തെ കെട്ടിടമാണിത്.(3:90) അത് അല്ലാഹുവിനെ ആരാധിക്കാൻവേണ്ടി മാത്രം നിർമിക്കപ്പെട്ടിട്ടുള്ളതാണ്. ഈ പരിശുദ്ധ കെട്ടിടം എല്ലാ നബിമാരുടേയും ഖിബ്ലയായിരുന്നുവെന്ന് ഹദീഥിൽ വന്നിരിക്കുന്നു. ഹദ്റത്ത് ആദം(അ)ഉം മറ്റു നബിമാരും(അ) അതിന്റെ ഹജ്ജ് ചെയ്തിട്ടുണ്ട്. (ത്വബ്രീ താരീഖുൽ വഫാ ഭാഗം രണ്ട്, പേജ് 167) ഹദ്റത്ത് ഇബ്റാഹീം(അ)നു മുമ്പേ ഏതോ കാലത്ത് ഈ കെട്ടിടം നശിച്ചുപോയിരുന്നു. അതിനു ചുറ്റും പാർത്തിരുന്നവരും നശിച്ചുപോയി. അല്ലാഹുവിൽനിന്നുള്ള സൂചന കിട്ടിയപ്പോൾ ഹദ്റത്ത് ഇബ്റാഹിം(അ) തന്റെ ഏകമകൻ ഇസ്മായീലിനേയും അദ്ദേഹത്തിന്റെ മാതാവ് ഹദ്റത്ത് ഹാജറയേയും ഈ സ്ഥലത്ത് കൊണ്ടുവന്ന് താമസിപ്പിച്ചു. ദൈവവെളിപാടനുസരിച്ച് പിതാവും മകനും ഇരുവരും ചേർന്ന് ഈ പരിശുദ്ധഭവനം അതിന്റെ ആദ്യത്തെ അടിത്തറയിൽത്തന്നെ പുനർനിർമിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതുവരെ അവിടെ ജനവാസം നിലനില്ക്കുന്നു.

നബി(സ)തിരുമേനി മക്കയിൽ താമസിച്ച കാലം മുഴുവൻ അതിലേക്ക് മുഖം തിരിച്ചാണ് നമസ്കരിച്ചിരുന്നത്. മദീന ഹിജ്റത്ത് ചെയ്ത് വന്നതിനുശേഷം കുറച്ചുമാസം ബയ്ത്തുൽ മുഖദ്ദസിലേക്ക് (ഫലസ്തീൻ) മുഖം തിരിച്ചു നമസ്കരിച്ചിരുന്നു. അതിനുശേഷം അല്ലാഹു ശാശ്വതമായ നിലയിൽ കഅ്ബയിലേക്ക് മുഖം തിരിക്കാൻ നബി(സ) തിരുമേനിക്ക് കല്പന നല്കി. അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ അനുസരിച്ച് ഈ പരിശുദ്ധഭവനം എന്നെന്നേക്കുമായി ദൈവാരാധനയുടെ ശാശ്വതകേന്ദ്രവും മുസ്ലിം ലോകത്തിന്റെ ശ്രദ്ധകളുടെ മടക്കസ്ഥാനം അവരുടെ സമ്മേളനത്തിന്റേയും ഐക്യത്തിന്റേയും പരിശുദ്ധ അടയാളവും ആകണമായിരുന്നു. അങ്ങനെ അക്കാലം മുതൽ ഈ പരിശുദ്ധഭവനം മുസ്ലിംകളുടെ ശാശ്വതമായ ഖിബ്ലയാണ്. ദൈവകല്പനയനുസരിച്ച് പുനരുഥാനനാൾവരെ മുസ്ലിം ഉമ്മത്തിന്റെ ഖിബ്ലയായിരിക്കും. സാദഹല്ലാഹു ശർഫൻ വ്വ അള്മ

മസ്ജിദ് ഹറാമിൽ നമസ്കരിക്കുന്നവർ അല്ലെങ്കിൽ കഅ്ബ കാണുന്നവർ നമസ്കാരത്തിൽ ആ കഅ്ബത്തുല്ലായിലേക്ക് നേരെ മുഖം തിരിക്കുക. ഇക്കാരണത്താലാണ് മസ്ജിദ് ഹറാമിൽ കഅ്ബയ്ക്ക് ചുറ്റും കാണുന്ന നമസ്കാരത്തിനുള്ള സ്വഫ്ഫുകൾ വൃത്താകൃതിയിലായിരിക്കുന്നത്. കഅ്ബ മന്ദിരം നേരിട്ട് കാണാൻ കഴിയാത്തവർ, ദൂരത്തുള്ളവർ അല്ലെങ്കിൽ മറ്റു രാജ്യത്തുള്ളവർ അവരുടെ ഖിബ്ല കഅ്ബയുടേയും മസ്ജിദുൽഹറാമിന്റേയും ഭാഗത്ത് കൃത്യം കഅ്ബമന്ദിരത്തിലേക്ക് ആയിരിക്കേണ്ടത് നിർബന്ധമല്ല. എഴുപ്പത്തിൽ അങ്ങനെ ആക്കാനും സാധ്യമല്ല. ഭയാവസ്ഥയോ തനിക്കു നിയന്ത്രിക്കാൻ പറ്റാത്തതായ ഏതെങ്കിലും യാത്രാവാഹനത്തിൽ യാത്ര ചെയ്യുകയോ നിറുത്തിക്കുക എന്നത് ദുഷ്കരമാകുകയോ ഓടിക്കൊണ്ടിരിക്കാൻ ഖിബ് ലയിലേക്ക് മുഖം തിരിക്കുക എന്നത് ബുദ്ധിമുട്ടാകുകയോ വിമാനത്തിൽ യാത്ര ചെയ്യുകയോ മറ്റേതെങ്കിലും ഗ്രഹത്തിൽ മനുഷ്യൻ പോകുകയോ അത്തരം എല്ലാ അവസ്ഥകളിലും എങ്ങോട്ടാണോ സൗകര്യം ആ ഭാഗത്തേക്ക് മുഖം തിരിച്ച് നമസ്കരിക്കുക എന്നത് അനുവദനീയമാണ്. (2:115) ആ ഭാഗം അയാളുടെ ഖിബ്ലയായി സങ്കല്പിക്കപ്പെടും. ഇപ്രകാരംതന്നെ വാഹനത്തിലിരുന്ന് ഖിബ്ലയിലേക്ക് മുഖം തിരിച്ച് നമസ്കാരം തുടങ്ങുകയും വാഹനം ഓടുന്ന കാരണത്താൽ അതിന്റെ ദിശ വേറെ ഏതെങ്കിലും ഭാഗത്തേക്ക് മാറുകയും ചെയ്താൽ നമസ്കാരത്തെ അത് ബാധിക്കുകയില്ല. ഖിബ്ലയുടെ ദിശ അറിയില്ലെങ്കിൽ ചോദിക്കാൻ ആരേയും കിട്ടിയതുമില്ലെങ്കിൽ സ്വന്തം ഗ്രാഹ്യവും അറിവുമനുസരിച്ച് എവിടേക്കാണോ ശരിയെന്ന് തോന്നുന്നത് അവിടേക്ക് തിരിഞ്ഞ് നമസ്കരിക്കുക. ഇനി നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ ദിശ മനസ്സിലായാൽ ആ ഭാഗത്തേക്ക് തിരിയുക. നമസ്കാരം കഴിഞ്ഞതിനുശേഷമാണ് അതു മനസ്സിലായതെങ്കിൽ വീണ്ടും നമസ്കരിക്കേണ്ട ആവശ്യമില്ല. കാരണം അവൻ തന്റെ അറിവനുസരിച്ചാണ് പ്രവർത്തിച്ചത്. അതുകൊണ്ട് അവൻ നമസ്കരിച്ചത് ശരിയാണ്. കഅ്ബയുടെ കെട്ടിടത്തിന്റെ ഉള്ളിൽ ഫർള് നമസ്കരിക്കുകയോ അതിന്റെ മുകളിൽ നമസ്കരിക്കുകയോ ചെയ്യുന്നതിനെ സംബന്ധിച്ച് പ്രമാണമൊന്നും കിട്ടിയിട്ടില്ല. അതുകൊണ്ട് അത് അനുവദനീയമായി മനസ്സിലാക്കപ്പെടുന്നില്ല.

### ഖിബ്ലയുടെ യുക്തി:

നമസ്കാരത്തിൽ ഖിബ്ലയിലേക്ക് മുഖം തിരിക്കുക എന്നതിന്റെ അർഥം മുസ്ലീംകൾ നഊദുബില്ലാഹ് ആ കെട്ടിടത്തെ ആരാധിക്കുന്നുവെന്നോ പൂജിക്കുന്നുവെന്നോ അല്ല. മുസ്ലീംകൾ അല്ലാഹുവിനെ മാത്രമെ ആരാധിക്കുന്നുള്ളൂ. തങ്ങളുടെ കാര്യങ്ങൾ നേരെ നടത്തുന്നവനും സ്രഷ്ടാവും ഉടമസ്ഥനും അവൻ മാത്രമാണെന്ന് അവർ വിശ്വസിക്കുന്നു.

യഥാർഥത്തിൽ കഅ്ബയെ ഖിബ്ലയായി നിശ്ചയിച്ചതിന്റെ യുക്തി എന്താണെന്നാൽ, നമസ്കാരം ഒരു പ്രത്യേകമാക്കപ്പെട്ട സംഘടിതമായ ആരാധനയാണ്. അതിൽ എല്ലാവരുടേയും ശ്രദ്ധ ഒരു ഭാഗത്തേക്ക് നിലകൊള്ളുന്നതിനുവേണ്ടി ഐക്യവും കർമപരമായ ഒരുമയും പ്രത്യേകമായ നിലയിൽ പരിഗണിക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് സാധാരണ അവസ്ഥകളിൽ നമസ്കരിക്കുന്ന നേരത്ത് ഈ സ്ഥലം ദിക്കും ഖിബ്ലയുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അതിന് ദൈവത്തിന്റെ തൗഹീദിനുള്ള പ്രഥമവും യഥാർഥ കേന്ദ്രവും ആകാനുള്ള മാഹാത്മ്യം കരസ്ഥമായി. അവിടെ അല്ലാഹുവിന്റെ ഏകത്വത്തിന്റെ ഗാനം ആലപിക്കപ്പെട്ടു. അവിടെനിന്ന് തൗഹീദ് പ്രബോധനത്തിന് സമാരംഭം കുറിച്ചു. ലോക ചരിത്രത്തിൽ അതുല്യമായ ത്യാഗങ്ങൾ സമർപിക്കപ്പെട്ട സ്ഥലമാണത്. അവിടെത്തെ മുക്കും മൂലയും അല്ലാഹുവിന്റെ തൃപ്തിയുടെ അത്തർകൊണ്ട് സുഗന്ധപൂരിതമാണ്. ആ സ്ഥാനം അല്ലാഹുവിന്റെ ചിഹ്നങ്ങൾകൊണ്ട് നിറഞ്ഞതാണ്. ആ ചിഹ്നങ്ങളിൽ 'ദൈവഭവന'മെന്ന മാഹാത്മ്യം കരസ്ഥമായിട്ടുള്ള സ്ഥലവുമുണ്ട്. ആരാധനകളിലെ തൗഹീദിന്റെ മഹത്തായ അടയാളമാണത്. ലോക മുസ്ലീംകൾ നിത്യവും കുറഞ്ഞത് അഞ്ചുപ്രാവശ്യം ആ ഒരു ദിക്കിലേക്ക് മുഖം തിരിക്കുന്നു. ഇതുമുഖേന ആഗോള ഐക്യത്തിന്റേയും മനുഷ്യത്വത്തിന്റെ ഒരുമയുടേയും ചിത്ര പ്രകാശിപ്പക്കുന്നതും മനോഹരവുമായ ചിത്രം മുഴുവൻ ലോകത്തിനും പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു.

(തുടരും)

☆☆☆

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**താലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**താലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin